/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2026 ആഗസ്റ്റ് 1

പുസ്തകം 13 ലക്കം 1

OPERATION

**TOOFAN**

The Narco Hunt

# ലഹരിക്കെതിരെ കൊടുങ്കാറ്റായി കേരളം



സ്വാതന്ത്ര്യദിന ഓണാശംസകൾ

**ഇന്ത്യയുടെ അമ്മമാർ**

**ഓണനിറവിന് ജനങ്ങൾക്കൊപ്പം**

SAMAKALIKA JANAPADAM MONTHLY

# അറിവിന്റെ ആധികാരികത




ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇപ്പോൾ
കൂടുതൽ
മിഴിവോടെ

സമകാലിക
**ജനപഥം**

വാർഷിക
വരിസംഖ്യ
**120 രൂപ**
ഒറ്റപ്രതി
**12 രൂപ**

## വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം
പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം.
താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2026 ആഗസ്റ്റ് 1 • പുസ്തകം 13 • ലക്കം 1

**എഡിറ്റർ** സബിൻ സമീദ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** പി ശ്യാംകുമാർ **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ് എം
**എഡിറ്റർ-ഇൻ-ചാർജ്** എസ് ബിനാമോൾ
**അസിസ്റ്റന്റ് എഡിറ്റർ** ഡെസ്നി സുൽഫ് **ട്രാൻസ്ലേറ്റർ** ടി കെ ഹരീഷ് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേ ഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ >>



# ലഹരിക്കെതിരെ സന്ധിയില്ലാതെ കേരളം

സ്വാതന്ത്ര്യ ദിനവും ഓണവും ഒരുമിച്ചെത്തുന്ന ഈ വേളയിൽ രാജ്യത്തെ ഏറ്റവും വലിയ ലഹരിവിരുദ്ധ ജനകീയ മുന്നേറ്റങ്ങളിലൊന്നിലൂടെയാണ് കേരളം കടന്നുപോകുന്നത്. ഈ സർക്കാർ അധികാരമേറ്റെടുത്ത ആദ്യനാളുകളിൽ തന്നെ പ്രഖ്യാപിച്ച 'ഓപ്പറേഷൻ തൂഫാൻ ദ നാർക്കോ ഹണ്ട്' കുറഞ്ഞ ദിവസങ്ങൾകൊണ്ട് ഒരു സാധാരണ നിയമപാലന പരിപാടിക്കപ്പുറം സമഗ്ര സാമൂഹിക മുന്നേറ്റമായി മാറിയിരിക്കുകയാണ്. ലഹരിവസ്തുക്കളുടെ വ്യാപനത്തെ കേവലം നിയമ-സമാധാന പ്രശ്നമായി ചുരുക്കിക്കാണാനാവില്ല. അത് പൊതുജനാരോഗ്യം, വിദ്യാഭ്യാസം, കുടുംബവ്യവസ്ഥ, സാമൂഹിക സുരക്ഷ, സാമ്പത്തിക ഉൽപാദനക്ഷമത, മനുഷ്യവിഭവശേഷി എന്നിവയെ ഒരേസമയം ബാധിക്കുന്ന ബഹുമുഖ പ്രതിസന്ധിയാണ്. ഈ യാഥാർഥ്യത്തെ ഉൾക്കൊണ്ടാണ് സംസ്ഥാന സർക്കാർ ഈ ദൗത്യത്തിന് തുടക്കം കുറിച്ചത്. എൻഫോഴ്സ്മെന്റ്, പ്രതിരോധം, ബോധവൽക്കരണം, ജനപങ്കാളിത്തം, ചികിത്സ, പുനരധിവാസം തുടങ്ങി വിവിധ തലങ്ങളിലുള്ള സാമൂഹിക ഇടപെടലാണ് ഈ ദൗത്യത്തിന്റെ അന്തഃസത്ത. മഹത്തായ ഈ ദൗത്യത്തിന് കരുത്തായി സാമൂഹിക സാംസ്കാരിക മേഖലകളിലെ പ്രമുഖരടക്കം ഒരു ലക്ഷത്തിലധികം തൂഫാൻ വാരിയേഴ്സാണ് ഇതിനോടകം സർക്കാരിനൊപ്പം അണിചേർന്നത്. എന്നാൽ സന്നദ്ധ പ്രവർത്തകരുടെയോ സർക്കാർ സംവിധാനങ്ങളുടെയോ മാത്രം പ്രവർത്തനങ്ങളിൽ ലക്ഷ്യം കണ്ടെത്താവുന്ന ഒന്നല്ല ഈ പോരാട്ടം. സർക്കാരിന്റെ ഈ സന്ധിയില്ലാസമരത്തിൽ സമൂഹത്തിന്റെ കൂട്ടായ ജാഗ്രതയും ഓരോ വ്യക്തിയുടെയും ഇടപെടലും അനിവാര്യമാണെന്ന തിരിച്ചറിവ് നമുക്ക് ഓരോരുത്തർക്കും ഉണ്ടാവേണ്ടതുണ്ട്.

രാജ്യം എൺപതാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ വേളയിൽ ഈ ദൗത്യത്തിന് ഏറെ പ്രസക്തിയുണ്ട്. സ്വാതന്ത്ര്യം രാഷ്ട്രീയ പരമാധികാരത്തിൽ മാത്രം ഒതുങ്ങുന്ന ആശയമല്ല; ഭയത്തിൽ നിന്നും ചൂഷണത്തിൽ നിന്നും ലഹരിയിൽ നിന്നും സാമൂഹികതിന്മകളിൽ നിന്നുമുള്ള മോചനവും കൂടിയാണ്. അനേകം മഹത് വ്യക്തിത്വങ്ങളുടെ ത്യാഗഫലമാണ് സ്വതന്ത്ര-ഇന്ത്യയുടെ പിറവി. ആ പോരാട്ടവീഥിയിൽ വെളിച്ചമായ ചിലരെയെങ്കിലും മനപ്പൂർവമായോ അല്ലാതെയോ ചരിത്രം രേഖപ്പെടുത്താതെ പോയിട്ടുണ്ട്. അതിൽ അനേകം ധീരവനിതകളുണ്ട്. അവരുടെ ത്യാഗങ്ങളും പോരാട്ടങ്ങളും ഏതൊക്കെയോ കാരണങ്ങളാൽ എഴുതപ്പെടാതെ പോയെങ്കിലും അവരും അവരുടെ സംഭാവനകളും ഇന്ന് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അന്തരാത്മാവിൽ ഉൾചേർന്നിരിക്കുന്നു. വിസ്മൃതിയിലായ ആ ചരിത്രത്തെ വീണ്ടെടുക്കുക എന്നതും സ്വാതന്ത്ര്യത്തെ ആദരിക്കുന്നതിന്റെ ഭാഗമാണ്.

പുതിയ വികസനദർശനങ്ങളുമായി സർക്കാർ ആദ്യ നൂറുദിന പദ്ധതികൾക്ക് തുടക്കം കുറിച്ചത് അടുത്ത ദിവസങ്ങളിലാണ്. ഒക്ടോബർ ഒൻപത് വരെ നീളുന്ന നൂറുദിന പരിപാടികളിൽ പൊതുജീവിത സ്പർശിയായ 597 പദ്ധതികളാണ് നടപ്പിലാക്കുക. 100days.kerala.gov.in എന്ന പോർട്ടൽ വഴി ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തുവാൻ പൊതുജനങ്ങൾക്ക് അവസരമൊരുക്കിയിട്ടുണ്ട്. കേരളത്തിന്റെ ദേശീയോത്സവമായ ഓണവും പടിവാതിൽക്കലെത്തിയിരിക്കുകയാണ്. ഓണം കൂടുതൽ വർണാഭമാക്കാൻ സർക്കാർ ഒട്ടേറെ ഇടപെടലുകൾ നടത്തിക്കഴിഞ്ഞു.

ഇത്തരം ഒട്ടേറെ വിഷയങ്ങളും വിശേഷങ്ങളും ഈ ലക്കം സമകാലിക ജനപഥത്തിൽ വായിക്കാം.

വായനക്കാർക്ക് സ്വാതന്ത്ര്യദിന -ഓണാശംസകൾ

**സബിൻ സമീദ് ഐ എ എസ്**
എഡിറ്റർ



**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്
വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/




5 **100 ദിന കർമ്മ പദ്ധതി**
ക്ഷേമ കേരളത്തിനായി 100 ദിന പദ്ധതികൾ
വി ഡി സതീശൻ

**തൂഫാൻ**
8 ലഹരിക്കെതിരെ കൊടുങ്കാറ്റായി കേരളം
രമേശ് ചെന്നിത്തല

12 മയങ്ങില്ല കേരളം
എം.ലിജു

15 ലഹരിയുടെ അന്തകൻ
റവാഡാ ആസാദ് ചന്ദ്രശേഖർ ഐ പി എസ്

20 കൈകോർക്കാം അതിജീവനത്തിനായി
ഡോ. ടി.വി. ജിതേഷ്

22 ദൈവത്തിന്റെ നാടായി തുടരട്ടെ
ഡോ. ജി. പ്രസാദ് കുമാർ

**വിമുക്തി**
30 പണിതുയർത്താം പ്രതിരോധമതിൽ
സീറാം സംബശിവ റാവു

**നിയമം**
33 ലഹരി കടത്തിനു മാത്രമല്ല;
ഉപയോഗത്തിനുമുണ്ട് ശിക്ഷ
അഡ്വ. പി. പ്രേംനാഥ്

**ജാഗ്രത**
36 കത്രികയല്ല;
അധ്യാപകർ സൂചിയും നൂലുമാകട്ടെ
പ്രൊഫ. ജിസ ജോസ്

**സൈബർ സൈക്കോളജി**
39 സൈബറിടത്തിലും കെണികൾ;
ഓരോ ക്ലിക്കും ജാഗ്രതയോടെ
ജയകുമാർ. കെ

**ഓണം**
28 ഓണനിറവിന്
ജനങ്ങൾക്കൊപ്പം

**സ്വാതന്ത്ര്യദിനം**
42 ഇന്ത്യയുടെ അമ്മമാർ
സുധാ മേനോൻ

**ദുരന്തനിവാരണം**
46 ചേർത്തണച്ച് സർക്കാർ;
മഴക്കലിയിൽ പതറാതെ നാട്...

**ഓർമ്മ**
49 ചാമരം വീശുന്ന പാട്ടുകൾ...
രവി മേനോൻ

50 തോട്ടം രാജശേഖരൻ: വാക്കിന്റെ വജ്ര ജ്വാല
സലിൻ മാങ്കുഴി



പതിനൊന്ന് മേഖലകളായി തിരിച്ച് 43 വകുപ്പുകൾ ചേർന്ന് 597 പദ്ധതികളാണ് 100 ദിവസം കൊണ്ട് നടപ്പിലാക്കുന്നത്. 100days.kerala.gov.in എന്ന പോർട്ടൽ വഴി ഈ പദ്ധതികളുടെ പുരോഗതി പൊതുജനങ്ങൾക്ക് യഥാസമയം മനസിലാക്കുവാനും വിലയിരുത്തുവാനും സാധിക്കും.

# ക്ഷേമ കേരളത്തിനായി 100 ദിന പദ്ധതികൾ




100 ദിന കർമപദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിക്കുന്നു

ആധുനിക സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി വികസനത്തിന്റെയും കരുതലിന്റെയും പുതുയുഗ കേരളം സൃഷ്ടിക്കുകയെന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിക്കുന്ന സമഗ്ര വികസന മാതൃകയാണ് സൃഷ്ടിക്കുന്നത്. സാങ്കേതികവിദ്യയുടെ കരുത്തിൽ കൂടുതൽ കാര്യക്ഷമവും സുതാര്യവും ഉത്തരവാദിത്വപൂർണവുമായ ഭരണസംവിധാനവും യാഥാർഥ്യമാക്കുകയെന്നതാണ് സർക്കാരിന്റെ നയപരമായ പ്രതിബദ്ധത. അതുകൊണ്ടു തന്നെ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനൊപ്പം സാധാരണക്കാരന്റെയും പാർശ്വവൽക്കരിക്കപ്പെട്ടവന്റെയും ആവലാതികൾ പരിഹരിക്കാനുള്ള പദ്ധതികളും നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

സാമൂഹിക നീതിയും അവസരസമത്വവും ഉറപ്പാക്കുന്നതിനൊപ്പം നിക്ഷേപം, തൊഴിൽ, സംരംഭകത്വം, വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ എന്നിവയ്ക്ക് ശക്തമായ അടിത്തറ പാകി, വികസനത്തിന്റെ ഫലങ്ങൾ ഓരോ പൗരന്റെയും ജീവിതനിലവാരത്തിൽ പ്രതിഫലിക്കുന്ന തരത്തിലായിരിക്കും പദ്ധതികളുടെ ആസൂത്രണവും നിർവഹണവും. ആ നയദർശനത്തിന്റെ കർമ്മരേഖയാണ് ഇന്ദിരാഗാരന്റിയും 100 ദിന കർമ്മ പദ്ധതിയും. സാമൂഹിക ക്ഷേമത്തിനും സമഗ്ര വികസനത്തിനും മുൻഗണന നൽകിക്കൊണ്ടാണ് ഈ സർക്കാർ ഇന്ദിരാഗാരന്റികൾ പ്രഖ്യാപിച്ചത്.

ജനങ്ങൾക്ക് നൽകിയ ഉറപ്പുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ യാഥാർഥ്യമാക്കുക മാത്രമല്ല, ഫലാധിഷ്ഠിതവും സമയബന്ധിതവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ ഭരണസംസ്കാരത്തിന് പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുക കൂടിയാണ് 100 ദിന പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

## ഇന്ദിര ഗാരന്റി

**സൗജന്യ യാത്ര:** സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ സൗജന്യ യാത്ര.

**വിദ്യാർഥിനികൾക്ക് ധനസഹായം:** കോളേജിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം.



**100 ദിന കർമപദ്ധതിയുടെ അവലോകനയോഗത്തിൽനിന്ന്**

**ക്ഷേമ പെൻഷൻ:** എല്ലാ സാമൂഹിക സുരക്ഷാ ക്ഷേമ പെൻഷനുകളും പ്രതിമാസം 3000 രൂപയായി വർധിപ്പിക്കും.

**ആരോഗ്യ ഇൻഷുറൻസ്:** എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെ സൗജന്യമായി 'ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ്' പരിരക്ഷ.

**യുവജനങ്ങൾക്ക് വായ്പ:** സ്വന്തമായി ബിസിനസ്സ് ആരംഭിക്കാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്കായി 5 ലക്ഷം രൂപ വരെ പലിശരഹിത വായ്പ.

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ്

## 100 ദിന കർമ്മ പദ്ധതി

ഇന്ദിര ഗാരന്റിയിൽ ഉൾപ്പെടുത്തിയ സ്ത്രീകൾക്കുള്ള സൗജന്യ യാത്ര, മുതിർന്ന പൗരന്മാർക്ക് പ്രത്യേക വകുപ്പ് എന്നിവ ഇതിനോടകം നടപ്പിലാക്കി. ഇതിനു പുറമെയാണ് ക്ലിപ്ത സമയത്തിനുള്ളിൽ വിവിധ മേഖകളിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി 100 ദിന കർമ്മ പദ്ധതി പ്രഖ്യാപിച്ചത്. കൃഷി അനുബന്ധ മേഖല, സഹകരണ മേഖല, ജലവിഭവ ജലസേചന മേഖല, ഊർജ്ജ മേഖല വ്യവസായ സംരംഭക മേഖല, ഗതാഗതം - പൊതുമേഖല, ശാസ്ത്ര സാങ്കേതിക ഗവേഷണ മേഖല, സാമൂഹിക സേവന മേഖല, സാമ്പത്തിക സേവന മേഖല, പൊതുസേവന മേഖല, തദ്ദേശ സ്വയംഭരണം എന്നിങ്ങനെ 11 മേഖലകളായി തിരിച്ച് 43 വകുപ്പുകൾ ചേർന്ന് 597 പദ്ധതികളാണ് 100 ദിവസം കൊണ്ട് നടപ്പിലാക്കുന്നത്.

100days.kerala.gov.in എന്ന പോർട്ടൽ വഴി ഈ പദ്ധതികളുടെ പുരോഗതി പൊതുജനങ്ങൾക്ക് യഥാസമയം മനസിലാക്കുവാനും വിലയിരുത്തുവാനും സാധിക്കും. 100 ദിന കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ, വകുപ്പ് തലവന്മാർ എന്നിവരുടെ യോഗങ്ങൾ പൂർത്തിയാക്കി. എല്ലാ 20 ദിവസങ്ങൾ കൂടുമ്പോഴും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പദ്ധതികളുടെ നിർവഹണ പുരോഗതി പ്രത്യേകം വിലയിരുത്തും.

## 100 ദിന 597 പദ്ധതികളിൽ പ്രധാനപ്പെട്ടവ

1. നിർമ്മിതബുദ്ധിയുടെ സഹായത്തോടെ ഡാറ്റാ അധിഷ്ഠിത ഭരണ നിർവഹണം സാക്ഷാത്കരിക്കുകയും പൗരന്മാർക്ക് കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ സേവനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യും.
2. റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തും.
3. കേരളത്തിന്റെ മനുഷ്യ വന്യജീവി സംഘർഷം ഫലപ്രദമായി നേരിടാൻ നിയമ ഭേദഗതി.
4. ഡിജിറ്റൽ ജനസേവന പദ്ധതികൾ നടപ്പിലാക്കും- മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനുള്ള ഏകീകൃത ഓൺലൈൻ പോർട്ടൽ സ്ഥാപിക്കും.
5. No to Drugs -- വിദ്യാലയങ്ങളും സമീപ പ്രദേശങ്ങളും 100% ലഹരി വിൽപന വിരുദ്ധ മേഖലകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. ഇതോടനുബന്ധിച്ച് മാസാന്ത്യ സ്കൂൾ ലഹരിവിരുദ്ധ സഭകൾ സംഘടിപ്പിക്കും.
6. പ്രാദേശിക ആവശ്യകത പരിഗണിച്ച് ആവശ്യമായ പഠനം നടത്തി ഹയർ സെക്കൻഡറി ബാച്ചുകൾ അനുവദിക്കും.
7. ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി- നിലവിലുള്ള എല്ലാ ചികിത്സാ സഹായ പദ്ധതികളും ആരോഗ്യ ഇൻഷുറൻസ് പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ആരോഗ്യ ഇൻഷുറൻസ് ചികിത്സ പദ്ധതിയായ ഉമ്മൻചാണ്ടി കാരുണ്യ ചികിത്സ



**100 ദിന കർമപദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് വിദ്യാർഥികൾക്ക് നീന്തൽ പരിശീലനോപകാരണങ്ങൾ വിതരണം ചെയ്യുന്നു**

# 100 ദിന കർമ്മ പദ്ധതികളുടെ എണ്ണം

| വകുപ്പ് | എണ്ണം |
|---|---|
| കൃഷി | 22 |
| മൃഗസംരക്ഷണം | 3 |
| ആയുഷ് | 11 |
| പിന്നാക്കവിഭാഗ വികസനം | 5 |
| തീരദേശം | 1 |
| സഹകരണം | 8 |
| സാംസ്കാരികം | 10 |
| ക്ഷീരവികസനം | 2 |
| ദുരന്തനിവാരണം | 7 |
| ഇലക്ട്രോണിക്സ്, ഐടി | 42 |
| പരിസ്ഥിതി | 10 |
| ധനകാര്യം | 10 |
| മത്സ്യബന്ധനം, തുറമുഖം | 58 |
| ഭക്ഷ്യം, പൊതുവിതരണം | 5 |
| വനം, വന്യജീവി | 15 |
| പൊതുവിദ്യാഭ്യാസം | 16 |
| ആരോഗ്യം | 41 |
| ഉന്നതവിദ്യാഭ്യാസം | 19 |
| ആഭ്യന്തരം | 35 |
| ഭവനം | 1 |
| വ്യവസായം | 23 |
| വിവര-പൊതുജനസമ്പർക്കം | 5 |
| തൊഴിൽ | 5 |
| നിയമം | 1 |
| തദ്ദേശസ്വയംഭരണം | 17 |
| ന്യൂനപക്ഷക്ഷേമം | 2 |
| നോർക്ക | 1 |
| പാർലമെന്ററികാര്യം | 1 |
| ആസൂത്രണം | 5 |
| വൈദ്യുതി | 6 |
| പൊതുമരാമത്ത് | 30 |
| റവന്യൂ | 10 |
| ശാസ്ത്രസാങ്കേതികം | 2 |
| പട്ടികജാതി-പട്ടികവർഗവികസനം | 26 |
| വയോജനക്ഷേമം | 17 |
| സാമൂഹ്യനീതി | 6 |
| കായികം, യുവജനകാര്യം | 23 |
| നികുതി | 22 |
| ടൂറിസം | 5 |
| ഗതാഗതം, വ്യോമയാനം | 46 |
| വിജിലൻസ് | 1 |
| ജലവിഭവം | 22 |
| വനിതാ-ശിശുവികസനം | 7 |
| ആകെ | 597 |

പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിയുള്ള സമഗ്ര രൂപരേഖ തയ്യാറാക്കും.

8. ബെഡ് രോഗിയുടെ അവകാശം- സർക്കാർ ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ബെഡ് അവരുടെ അവകാശമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
9. അന്താരാഷ്ട്ര തൊഴിൽ മാർക്കറ്റിൽ ജോലിയുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുകയാണ്. മാറുന്ന ജോലിയുടെ സ്വഭാവം പഠിക്കാനും, അതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ വരുത്താനും വിദഗ്ധർ അടങ്ങുന്ന 'ജോബ് വാച്ച് ടവർ' രൂപീകരിക്കും.
10. എല്ലാ പോലീസ് സ്റ്റേഷനുകളെയും ശുചിത്വവും ഹരിതാഭവുമായ (Clean & Green) പോലീസ് സ്റ്റേഷനുകളാക്കി മാറ്റും.
11. വാർഷിക ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള 10,000 എം.എസ്.എം.ഇ. സംരംഭങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'മിഷൻ 10000' ആരംഭിക്കും. ഇതുവഴി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
12. മോശം റോഡുകൾ, ചോർന്നൊലിക്കുന്ന പൈപ്പുകൾ, അപകടകരമായ കേബിളുകൾ, തുറന്ന മാൻഹോളുകൾ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിന് പൊതുജനങ്ങൾക്കായുള്ള സ്മാർട്ട് ഫോൺ ആപ്ലിക്കേഷൻ നിർമ്മിക്കും.
13. സീറോ വേസ്റ്റ് & മലിനീകരണ നിയന്ത്രണ പദ്ധതി ആരംഭിക്കും.
14. എ.സി. ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ ഉപയോഗം കൂടുന്നതനുസരിച്ച് 250 KVA യ്ക്ക് മുകളിലുള്ള ട്രാൻസ്ഫോർമറുകൾ കൂടുതലായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കും.
15. റവന്യൂ വകുപ്പിലെ എല്ലാ റവന്യൂ പോർട്ടലുകളുടെയും സംയോജനത്തിലൂടെ ഒരു സിംഗിൾ സൈൻ-ഓൺ സംവിധാനം നടപ്പിലാക്കും.

**ജനങ്ങൾക്ക് നൽകിയ ഉറപ്പുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ യാഥാർഥ്യമാക്കുക മാത്രമല്ല, ഫലാധിഷ്ഠിതവും സമയബന്ധിതവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ ഭരണസംസ്കാരത്തിന് പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുക കൂടിയാണ് 100 ദിന പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്**

16. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പലിശരഹിത സൂക്ഷ്മ, ചെറുകിട സംരംഭ വായ്പ ലഭ്യമാക്കുന്ന പദ്ധതി ആരംഭിക്കും.
17. വനിതകളുടെ രാത്രികാല സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി പിങ്ക് ബസ് സർവീസ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കും.
18. കെ.എസ്.ആർ.ടി.സി അപകടങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് 10,000 രൂപ ധനസഹായം.
19. ഐ.ആർ.സി.ടി.സി മാതൃകയിൽ കെ.എസ്.ആർ.ടി.സിയിൽ വെയിറ്റിങ് ലിസ്റ്റും തത്കാൽ ബുക്കിങ് സൗകര്യവും ആരംഭിക്കും.
20. കേരള സ്റ്റേറ്റ് ബാക്ക്‌വേർഡ് ക്ലാസ്സസ് ഡെവലപ്മെന്റ് കോർപറേഷൻ വഴി 100 ദിവസത്തിനുള്ളിൽ 16000 ഗുണഭോക്താക്കൾക്ക് 200 കോടി രൂപയുടെ വായ്പാ ധനസഹായം ലഭ്യമാക്കും.
21. വിശ്വാസ്- സഹകരണ മേഖലയിൽ നിലനിൽക്കുന്ന നിക്ഷേപം മടക്കി നൽകാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായും നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുമായി 'വിശ്വാസ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കും.
22. 25000 തരംമാറ്റ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കും.
23. ഭൂവിനിയോഗത്തിനായി ഒരു സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളുടെ ഭൂവിനിയോഗ ഭൂപടം തയ്യാറാക്കും. ■

രമേശ് ചെന്നിത്തല
ആഭ്യന്തര-വിജിലൻസ് മന്ത്രി

രാജ്യത്തെ ഏറ്റവും വലിയ ലഹരിവിരുദ്ധ ദൗത്യമായ 'ഓപ്പറേഷൻ തൂഫാൻ- ദി നാർക്കോ ഹണ്ട്' കേരളജനത ഏറ്റെടുത്തുകഴിഞ്ഞു. ഒരു ലക്ഷത്തിലധികം തൂഫാൻ വാരിയേഴ്സാണ് ഇതിനോടകം സംസ്ഥാനമൊട്ടാകെ ലഹരി വിരുദ്ധ പോരാട്ടത്തിലുള്ളത്



# ലഹരിക്കെതിരെ കൊടുങ്കാറ്റായി കേരളം




കേരളം ഇന്ന് ലഹരിക്കെതിരായ സമാനതകളില്ലാത്ത ഒരു ജനകീയ മുന്നേറ്റത്തിന്റെ ഭാഗമാണ്. സമാധാനവും പ്രതീക്ഷയും വിതയ്ക്കുന്ന ഒരു കൊടുങ്കാറ്റ് പോലെ ആ മുന്നേറ്റം കേരളമെങ്ങും വീശിയടിക്കുകയാണ്. സാധാരണയായി കൊടുങ്കാറ്റ് നാശത്തിന്റെ പ്രതീകമാണ്. എന്നാൽ കേരളത്തിൽ ഇന്ന് വീശിയടിക്കുന്ന 'തൂഫാൻ' ആകട്ടെ പ്രത്യാശയുടെ പ്രതീകമായി മാറിയിരിക്കുന്നു. അഭ്യന്തരവകുപ്പിന്റെ ആദ്യ പദ്ധതിയെന്ന നിലയിൽ 'ഓപ്പറേഷൻ തൂഫാൻ- ദി നാർക്കോ ഹണ്ടിന് തുടക്കമിട്ടപ്പോൾ രാജ്യത്തെ ഏറ്റവും വലിയ ലഹരിവിരുദ്ധ ദൗത്യത്തിന്റെ പിറവികൂടിയായി അത് മാറുകയായിരുന്നു. വകുപ്പിന്റെ ആദ്യ ഇടപെടൽ ലഹരിക്കെതിരെ ആയിരിക്കണമെന്ന തീരുമാനത്തിലാണ് ഓപ്പറേഷൻ തൂഫാൻ ആരംഭിച്ചത്. എല്ലാ ജില്ലകളിലും വാക്ക് എഗയിൻസ്റ്റ് ഡ്രഗ്സ് എന്ന പേരിൽ നടത്തിയ ലഹരിവിരുദ്ധ റാലികൾക്ക് സമൂഹത്തിൽനിന്ന് ലഭിച്ച സ്വീകാര്യതയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുയർന്ന ആശങ്കകളും മാതാപിതാക്കളുടെ അനുഭവങ്ങളും വിദ്യാർഥികളുടെ ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠകളും നാർക്കോ ഹണ്ട് എന്ന ആശയത്തിന് കൂടുതൽ ശക്തിപകർന്നു.

ലഹരി ഒരു നിയമപ്രശ്നം മാത്രമല്ല; അത് കുടുംബങ്ങളെയും വിദ്യാഭ്യാസത്തെയും സമൂ

ഹത്തിന്റെ ഭാവിയെയും ബാധിക്കുന്ന ഗുരുതരമായ സാമൂഹിക വെല്ലുവിളിയാണെന്ന തിരിച്ചറിവു കൂടിയാണ് ഈ ദൗത്യത്തിന്റെ അടിസ്ഥാനം. കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതോടൊപ്പം സമൂഹത്തെ ഈ പോരാട്ടത്തിന്റെ ഭാഗമാക്കാനും തീരുമാനിച്ചു. അതിന്റെ ഫലമായാണ് ഒരു സാധാരണ സർക്കാർ പദ്ധതിക്കപ്പുറം 'ഓപ്പറേഷൻ തൂഫാൻ' ജനഹൃദയങ്ങൾ ഏറ്റെടുക്കുന്ന മുന്നേറ്റമായി മാറുന്നത്.

## ലക്ഷം തൂഫാൻ യോദ്ധാക്കൾ

ഓപ്പറേഷൻ തൂഫാന് മൂന്ന് ഘട്ടങ്ങളാണുള്ളത്. നിയമനടപടികൾ, ജനകീയ പങ്കാളിത്തം, ചികിത്സയും പുനരധിവാസവും എന്നിങ്ങനെ പരസ്പരപൂരകമായ മൂന്ന് തലങ്ങളിലൂടെയാണ് ദൗത്യം മുന്നേറുന്നത്. ലഹരി മാഫിയക്കെതിരായ ശക്തമായ പരിശോധനകൾ, റെയ്ഡുകൾ, അറസ്റ്റ്, നിയമനടപടികൾ എന്നിവ ഉൾപ്പെടുന്ന തൂഫാൻ സ്ട്രൈക്ക്. സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ ലഹരിവിരുദ്ധ ജനകീയ മുന്നേറ്റത്തിന്റെ ഭാഗമാക്കുന്ന തൂഫാൻ വാരിയേഴ്സ്. ലഹരിക്ക് അടിമപ്പെട്ടവരുടെ കൗൺസലിങ്, ചികിത്സ, പുനരധിവാസം, കുടുംബപിന്തുണ, ബോധവൽക്കരണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന തൂഫാൻ കെയർ എന്നിവയാണവ. തൂഫാൻ മൂന്നാം ഘട്ടത്തിലേക്ക് കടക്കുമ്പോഴും ലഹരി മാഫിയക്കെതിരായ കർശന പരിശോധനകളും നിയമ നടപടികളും ഇപ്പോഴും തുടരുകയാണ്.

ഈ ദൗത്യത്തിന്റെ ഏറ്റവും വലിയ നേട്ടം ജനപങ്കാളിത്തമാണ്. ഒരു ലക്ഷത്തിലധികം തൂഫാൻ യോദ്ധാക്കളാണ് സംസ്ഥാനമൊട്ടാകെ ലഹരി വിരുദ്ധ പോരാട്ടത്തിനായി ഇതിനോടകം അണിചേർന്നത്.

സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽ നിന്നുമായി ആളുകൾ സ്വമേധയാ തൂഫാൻ വാരിയേഴ്സായി മുന്നോട്ടുവരുന്നത് ഏറെ പ്രതീക്ഷ നൽകുന്നു. വിദ്യാർഥികൾ, അധ്യാപകർ, ആരോഗ്യപ്രവർത്തകർ, സ്ത്രീകൾ, തൊഴിലാളികൾ, കലാകാരർ, ഓട്ടോറിക്ഷ തൊഴിലാളികൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ ഈ പോരാട്ടത്തെ സ്വന്തം ഉത്തരവാദിത്വമായി ഏറ്റെടുത്തിരിക്കുന്നു. ഒരു ലക്ഷത്തിലധികം തൂഫാൻ വാരിയേഴ്സ് ഇതിനോടകം ഈ ജനകീയ മുന്നേറ്റത്തിന്റെ ഭാഗമായത് ചരിത്രപരമായ നേട്ടമാണ്.

ലഹരിക്കെതിരെയുള്ള ഈ പോരാട്ടത്തിൽ സമൂഹത്തിലെ വിവിധ തുറകളിലുള്ള പ്രമുഖരും സമുദായ നേതാക്കളും സാധാരണ ജനങ്ങൾക്കൊപ്പം അണിചേർന്നു. നടൻ മോഹൻലാൽ ആദ്യ തൂഫാൻ വാരിയറായി അണിചേർന്ന ഈ മുന്നേറ്റത്തിൽ കാന്തപുരം എ.പി.അബൂബക്കർ മുസ്ലിയാർ, സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ, പണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ, താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, കാശ്യപ ആശ്രമം ആചാര്യ എം.ആർ.രാജേഷ് തുടങ്ങിയ സമുദായിക നേതാക്കളും ചലച്ചിത്ര രംഗത്തുനിന്ന് അടൂർ ഗോപാലകൃഷ്ണൻ, മധു, ശ്രീകുമാരൻ തമ്പി തുടങ്ങിയവരും അണിചേർന്നു. ക്രമസമാധാന പാലനത്തിന്റെ ഭാഗമായി 2,299 തൂഫാൻ വാരിയേഴ്സിനെ പോലീസ് സേനയും നേരിട്ട് രംഗത്തിറക്കിയിട്ടുണ്ട്.

നമ്മൾ ഉയർത്തിവിട്ട ഈ കൊടുങ്കാറ്റ് കേരളത്തിന്റെ അതിർത്തികൾ കടന്നും മുന്നോട്ട് പോകുകയാണ്. ദക്ഷിണേന്ത്യ ഒന്നാകെ ലഹരിക്കെതിരെ ഒരുമിക്കുന്ന മാതൃക സൃഷ്ടിച്ചുകൊണ്ട് തമിഴ്നാട് മുഖ്യമന്ത്രി സി.ജോസഫ് വിജയ്, കർണ്ണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ എന്നിവരുമായി നടത്തിയ ചർച്ചകളുടെ ഫലമായി തമിഴ്നാട്, കർണാടക പോലീസുമായി ചേർന്ന് സംയുക്ത തിരച്ചിലുകളും ഇന്റലിജൻസ് വിവരങ്ങൾ കൈമാറുന്നതിനും ധാരണയായി. ഇതിനുപുറമെ, പോലീസിന്റെ ഏകോപനത്തിനായി ആഭ്യന്തരമന്ത്രിയുടെ അധ്യക്ഷതയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി.ജി.പിമാരുടെ പ്രത്യേക സമ്മേളനവും ചേർന്നു. തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയും മോഹൻലാലും ഒന്നിച്ചെത്തുന്ന വിപുലമായ തൂഫാൻ വേദി വൈകാതെ കൊച്ചിയിൽ നടക്കും. ഇത്തരത്തിൽ സാംസ്കാരിക, ചലച്ചിത്ര, സാമൂഹിക, ആത്മീയ രംഗങ്ങളിലെ പ്രമുഖർ തൂഫാനൊപ്പം അണിചേരുന്നത് ജനങ്ങളിലേക്ക് ശക്തമായ സന്ദേശമാണ് നൽകിയത്.

കഴിഞ്ഞ അമ്പത് ദിവസത്തിനിടെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നേരിട്ടെത്തി ജനങ്ങളുമായി സംവദിക്കാനും തൂഫാൻ പ്രവർത്തനങ്ങൾ വിലയിരുത്താനും സാധിച്ചു. മുമ്പ് ജനങ്ങൾക്ക് ലഹരി മാഫിയയെയായിരുന്നു പേടിയെങ്കിൽ ഇപ്പോഴത് നേരെ തിരിച്ചാണ്. ലഹരി മാഫിയ ഇന്ന് ജനത്തെയാണ് പേടിക്കുന്നത്. ജനങ്ങൾ അത്രത്തോളം ജാഗ്രതയോടെയാണ് മുന്നോട്ടുപോകുന്നത്. നമ്മുടെ കുട്ടികളെയാണ് മാഫിയ ലക്ഷ്യമിട്ടുന്നത്. മരണവ്യാപാരമാണ് അവർ നടത്തിവന്നത്. അത് ഈ നാടാകെ ഉൾക്കൊണ്ടതുകൊണ്ടാണ് സാക്ഷരതാ മുന്നേറ്റത്തിനു ശേഷം കേരളത്തിന്റെ മണ്ണിൽ ഏറ്റവും ആഴത്തിലിറങ്ങിയ പ്രസ്ഥാനമായി തൂഫാൻ മാറുന്നത്.

തൂഫാന്റെ കണ്ണും കാതുമായി പൊതുജനങ്ങൾ മാറിക്കഴിഞ്ഞു. സംശയാസ്പദമായ നീക്കങ്ങൾ പോലീസിനെ അറിയിക്കുന്നതിലും ലഹരിവ്യാപനത്തെ ചെറുക്കുന്നതിലും സാധാരണ പൗരന്മാർ സജീവ പങ്കാളികളാകുന്നു. ഈ മാറ്റമാണ് ഓപ്പറേഷൻ തൂഫാന്റെ ഏറ്റവും വലിയ വിജയങ്ങളിൽ ഒന്ന്. ഈ പോരാട്ടത്തിൽ നിന്ന് നാം ഇനി പിന്നോട്ടില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നതിനൊപ്പം ഇരകളായവർക്ക് മോചനത്തി






പോലും ബാധിക്കപ്പെട്ട നിലയിലായിരുന്നു. അവിടങ്ങളിൽ പ്രത്യേക പരിശോധനകളും നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തി. 'തൂഫാൻ ജാഗരൺ' പോലുള്ള ജനകീയ പരിപാടികളിലൂടെ നാട്ടുകാരെയും അതിഥി തൊഴിലാളികളെയും ഈ പോരാട്ടത്തിന്റെ പങ്കാളികളാക്കുകയും പ്രത്യേക പോലീസ് സംഘങ്ങളെ വിന്യസിച്ച് തുടർച്ചയായ പരിശോധന ഉറപ്പാക്കുകയും ചെയ്തു. നിരന്തരമായ ഇടപെടലുകളിലൂടെയും മേൽനോട്ടത്തിലൂടെയും നിയമപാലന സംവിധാനവും പൊതുസമൂഹവും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ മാറ്റം സാധ്യമാണെന്ന് പെരുമ്പാവൂർ തെളിയിച്ചു.

ഓപ്പറേഷൻ തൂഫാൻ കുറ്റകൃത്യങ്ങൾ തടയുന്നതിനൊപ്പം തൂഫാൻ കെയർ പ്രവർത്തനങ്ങളും സജീവമാണ്. തൂഫാൻ കെയറിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഇക്കഴിഞ്ഞ ദിവസങ്ങളിൽ 13,311 ബോധവൽക്കരണ ക്ലാസുകൾ നടന്നു. ലഹരിക്ക് ഇരയായ 417 പേർക്ക് കൗൺസലിങ്ങിലൂടെ കൃത്യമായ ചികിത്സയും പിന്തുണയും ഉറപ്പാക്കാൻ സാധിച്ചു.

വിദ്യാർഥികളിലൂടെയും വനിതകളിലൂടെയും ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന നിരവധി പരിപാടികളാണ് സംസ്ഥാനത്തുടനീളം നടന്നത്. കൊല്ലത്ത് സിറ്റി പോലീസിന്റെ നേതൃത്വത്തിൽ 'ജ്വാല 2026' വനിതാ റാലി സംഘടിപ്പിച്ചു. ഉദയംപേരൂർ എസ്.എൻ.ഡി.പി. സ്കൂളിലെ 3,200 വിദ്യാർഥികളുടെ വീടുകളിൽ ലഹരിക്കെതിരെ ദീപം തെളിയിച്ചതും വിദ്യാർഥികൾ റെഡ് കാർഡ് ഉയർത്തി പ്രതിഷേധിച്ചതും ഇത്തരം ഇടപെലേക്കുള്ള വഴി തുറക്കുന്ന തൂഫാൻ കെയർ പ്രവർത്തനങ്ങൾ മറവശത്ത് വ്യാപകമാക്കുകയാണ്. ലഹരിക്ക് അടിമപ്പെട്ടവരെ കുറ്റവാളികളായി കാണുന്ന സമീപനമല്ല സർക്കാരിനുള്ളത്. അവർ ചികിത്സയും കരുതലും അർഹിക്കുന്നവരാണ്. അതുകൊണ്ടാണ് തൂഫാൻ കെയറിലൂടെ ചികിത്സ, കൗൺസലിങ്, പുനരധിവാസം എന്നിവയ്ക്ക് ഒരുപോലെ പ്രാധാന്യം നൽകുന്നത്. ലഹരിവിരുദ്ധ പോരാട്ടം വിജയിക്കണമെങ്കിൽ വിതരണ ശൃംഖല തകർക്കുന്നതിനൊപ്പം ഇരകളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരികയും വേണം. പുനരധിവാസ പ്രവർത്തനങ്ങളിലും നാം ഒറ്റക്കെട്ടായി മുന്നോട്ട് പോകേണ്ടതുണ്ട്.

**ലഹരിവിരുദ്ധ പോരാട്ടം പോലീസിന്റെ മാത്രം ഉത്തരവാദിത്വമല്ല; ആരോഗ്യം, വിദ്യാഭ്യാസം, കുടുംബം, സമൂഹം എന്നിവയുടെ കൂട്ടായ ഉത്തരവാദിത്വമാണെന്ന തിരിച്ചറിവാണ് ഈ അടുത്ത ഘട്ടത്തിന്റെ അടിസ്ഥാനം**

ലഹരിക്കെതിരായ പോരാട്ടം ഒരു വകുപ്പിന്റെയോ പോലീസിന്റെയോ മാത്രം ഉത്തരവാദിത്വമല്ല; കേരളം മുഴുവൻ ഏറ്റെടുത്ത സാമൂഹിക പ്രതിജ്ഞയാണെന്ന ബോധം ഈ കൂട്ടായ്മ കൂടുതൽ ശക്തിപ്പെടുത്തി.

## മാറ്റത്തിന്റെ നാൾവഴികൾ

ഓപ്പറേഷൻ തൂഫാൻ ആരംഭിച്ച ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ കേരളം ശ്രദ്ധേയമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചതിനൊപ്പം സമൂഹത്തിന്റെ ജാഗ്രതയും ജനപങ്കാളിത്തവും ഗണ്യമായി വർധിച്ചു. ഈ രണ്ട് ഘടകങ്ങളുടെ സമന്വയമാണ് ഇതിന് കാരണമായത്.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇതുവരെ എണ്ണായിരത്തോളം കേസുകൾ രജിസ്റ്റർ ചെയ്തു. എണ്ണായിരത്തി അഞ്ഞൂറോളം അറസ്റ്റുകളും നടന്നു. മുപ്പത് കോടിയിലേറെ വിലവരുന്ന ലഹരി ഉൽപന്നങ്ങളാണ് പിടിച്ചെടുത്തത്.

അതിഥി തൊഴിലാളികളുടെ മറവിൽ ലഹരി വ്യാപാരം നടക്കുന്ന പെരുമ്പാവൂർ പോലുള്ള ചില പ്രദേശങ്ങളിൽ സ്വൈര്യജീവിതം ടലുകളിൽ ഏറെ ശ്രദ്ധേയമായി. കൂടാതെ പ്രൊഫഷണൽ നാടക മേഖലയും സിനിമാ പ്രവർത്തകരും പൂർണ്ണമായി ഈ പോരാട്ടത്തിന്റെ ഭാഗമായി.

## കൈകോർക്കാം അടുത്ത ഘട്ടത്തിലേക്ക്

ഓപ്പറേഷൻ തൂഫാൻ ഒരു നിർണായക ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ലഹരി മാഫിയക്കെതിരായ നിയമനടപടികൾ കൂടുതൽ ശക്തമാകുന്നതിനൊപ്പം പ്രതിരോധം, ചികിത്സ, പുനരധിവാസം എന്നിവയ്ക്കും തുല്യപ്രാധാന്യം നൽകുന്ന സമഗ്ര മാതൃകയിലേക്കാണ് ഈ ദൗത്യം വികസിക്കുന്നത്. ലഹരിവിരുദ്ധ പോരാട്ടം പോലീസിന്റെ മാത്രം ഉത്തരവാദിത്വമല്ല; ആരോഗ്യം, വിദ്യാഭ്യാസം, കുടുംബം, സമൂഹം

**ഞാൻ മോഹൻലാൽ** എന്ന വ്യക്തിയായി നിങ്ങളോട് നേരിട്ട് പറയുകയാണ്, നാർക്കോട്ടിക്സ് ഈസ് എ ഡർട്ടി ബിസിനസ്... ലഹരി ഉപയോഗിക്കുന്നവരോട് സ്നേഹപൂർവം പറയുകയാണ്, പ്ലീസ്... നിർത്തിക്കോളൂ... നിങ്ങൾക്കു വേണ്ടി... നിങ്ങളുടെ കുടുംബത്തിനു വേണ്ടി... ഈ നാടിനു വേണ്ടി.

ഈ വിഷം വിൽക്കാൻ കൂട്ടു നിൽക്കുന്നവരേ, നിങ്ങളോടാണ്. ഡോണ്ട് ഡു ഇറ്റ്. ലെറ്റ് അസ് സ്റ്റോപ്പ് നൗ. കേരളാ പൊലീസ് നിങ്ങളുടെ പിന്നാലെയുണ്ട്.

ഞാനും തൂഫാൻ വാരിയറാണ്. നമുക്കൊന്നിച്ച് ലഹരി മാഫിയകളുടെ വേരുകളറുക്കാം. നല്ലൊരു നാളേക്കായി കൈ കോർക്കാം. ബീ എ ഹീറോ. സേ നോ ടു ഡ്രഗ്സ്.



**മോഹൻലാൽ**



എന്നിവയുടെ കൂട്ടായ ഉത്തരവാദിത്വമാണെന്ന തിരിച്ചറിവാണ് ഈ അടുത്ത ഘട്ടത്തിന്റെ അടിസ്ഥാനം. അടുത്തഘട്ടത്തിലേക്ക് കടക്കുമ്പോൾ ആഭ്യന്തരവകുപ്പിനൊപ്പം കൈകോർക്കാൻ ആരോഗ്യരംഗത്തെ വിവിധ സംഘടനകളും മുന്നോട്ടുവന്നിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി, ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രീഷൻ എന്നീ സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഒട്ടേറെ സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

ഓപ്പറേഷൻ ത്രൂഫാന്റെ അടുത്തഘട്ടം നിയമനടപടികളുടെ വ്യാപ്തി വർധിപ്പിക്കുന്നതിൽ മാത്രമല്ല, ലഹരിയിലേക്ക് നയിക്കുന്ന സാമൂഹിക സാഹചര്യങ്ങളെ പ്രതിരോധിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും. കുട്ടികൾക്കും യുവജനങ്ങൾക്കും സുരക്ഷിതമായ സാമൂഹിക അന്തരീക്ഷം ഒരുക്കുകയും കുടുംബങ്ങളെ ഈ പോരാട്ടത്തിന്റെ കേന്ദ്രശക്തിയാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. ലഹരിക്കെതിരായ ബോധവൽക്കരണം ഒരു പ്രചാരണ പരിപാടിയായി മാത്രം ഒതുങ്ങാതെ ജീവിതശൈലിയായി മാറേണ്ടതുണ്ട്.

സംസ്ഥാനത്തെ ഇരുപത് പൊലീസ് ജില്ലകളിലും ലഹരിക്ക് അടിമപ്പെട്ടവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള പരിശീലന, ചികിത്സാപരിപാടികൾക്ക് രൂപം നൽകി. ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, സൈക്യാട്രിസ്റ്റുകൾ, ശിശുരോഗ വിദഗ്ധർ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പൊലീസ് ജില്ലകളിൽ ഏകോപിത സംവിധാനങ്ങൾ രൂപീകരിച്ചുവരികയാണ്. വിദ്യാലയങ്ങളിൽ വിദ്യാർഥി കൂട്ടായ്മകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും പദ്ധതികൾ തയ്യാറായിക്കഴിഞ്ഞു. സർക്കാർ-സ്വകാര്യ ആശുപത്രികളുടെ സഹകരണത്തോടെ ചികിത്സയും പുനരധിവാസവും കൂടുതൽ ജനകീയവും സുലഭവുമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ത്രൂഫാൻ കെയറിന്റെ ഭാഗമാകാൻ സംസ്ഥാനത്ത് എഴുപതോളം ആശുപത്രികൾ ഇതിനകം സന്നദ്ധത അറിയിച്ചിട്ടുണ്ട്.

> **വീണ്ടും ലഹരിയുടെ കൈകൾ അതിർത്തി കടന്ന് നമ്മുടെ നാട്ടിലെത്തുന്നത് തടയാൻ അതിർത്തി സംസ്ഥാനങ്ങളുമായുള്ള ഏകോപനവും ഇന്റലിജൻസ് വിവരങ്ങളുടെ കൈമാറ്റവും സംയുക്ത പരിശോധനകളും കൂടുതൽ ശക്തമാക്കിക്കൊണ്ട് ലഹരിക്കടത്തിന്റെ ശൃംഖല തകർക്കുന്നതിനുള്ള നടപടികൾ തുടരും**

വീണ്ടും ലഹരിയുടെ കൈകൾ അതിർത്തി കടന്ന് നമ്മുടെ നാട്ടിലെത്തുന്നത് തടയാൻ അതിർത്തി സംസ്ഥാനങ്ങളുമായുള്ള ഏകോപനവും ഇന്റലിജൻസ് വിവരങ്ങളുടെ കൈമാറ്റവും സംയുക്ത പരിശോധനകളും കൂടുതൽ ശക്തമാക്കിക്കൊണ്ട് ലഹരിക്കടത്തിന്റെ ശൃംഖല തകർക്കുന്നതിനുള്ള നടപടികൾ തുടരും. സംസ്ഥാനങ്ങളുടെ അതിർത്തികൾക്കപ്പുറം വ്യാപിച്ചുകിടക്കുന്ന ഈ വെല്ലുവിളിയെ അതേ ഐക്യത്തോടെയും ദൃഢനിശ്ചയത്തോടെയും നേരിടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

നമ്മുടെ കുട്ടികളുടെ സ്വപ്നങ്ങളും കുടുംബങ്ങളുടെ പ്രതീക്ഷകളും കേരളത്തിന്റെ ഭാവിയും ഒരു ലഹരി മാഫിയയ്ക്കും വിട്ടുകൊടുക്കാനാവില്ലെന്ന ഉറച്ച തീരുമാനമാണ് ഓപ്പറേഷൻ ത്രൂഫാന്റെ ആത്മാവ്. അത് കേരളം ഒന്നിച്ച് നിന്ന് കാത്തുസൂക്ഷിക്കുക തന്നെ ചെയ്യും. ■

**എം.ലിജു**
സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി



**ലഹരി ഉപയോഗം തടയുന്നതിനൊപ്പം പ്രതിരോധം, ബോധവൽക്കരണം, ലഹരി ഉപയോഗ സാധ്യതകളുടെ നേരത്തെയുള്ള കണ്ടെത്തൽ, കൗൺസലിങ്, ചികിത്സ, പുനരധിവാസം എന്നിവ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്ര ലഹരിവിരുദ്ധ ജനകീയ പദ്ധതിയാണ് 'മയങ്ങില്ല കേരളം'.**

# മയങ്ങില്ല കേരളം






പുതിയ സർക്കാർ അധികാരത്തിലേറുമ്പോൾ മുൻപിലുണ്ടായിരുന്നത് സമാനതകളില്ലാത്ത, ഭയപ്പെടുത്തുന്ന, അങ്ങേയറ്റം ആശങ്കാജനകമായ കാഴ്ചയായിരുന്നു. നാളെ രാജ്യത്തെ വരെ നയിക്കേണ്ട അടുത്ത തലമുറ ഈയാംപാറ്റകളെ പോലെ ലഹരിയിൽ വീണുനശിക്കുന്നു, അവരുടെ സർഗശേഷികൾ അകാലത്തിൽ ഇല്ലാതാകുന്നു. വീടുകൾ കൊലക്കളങ്ങളായി മാറുന്നു. ഓരോ കുട്ടിയുടെയും സ്കൂൾ ബാഗ് എല്ലാ ദിവസവും പരിശോധിക്കേണ്ട ഗതികേടിലാണ് മാതാപിതാക്കൾ. കുട്ടികൾ ഇരകൾ മാത്രമല്ല, ലഹരിവാഹകരുമാകുന്നു.

ഈ കാഴ്ചകൾക്ക് ഒരറുതി വരുത്തണമെന്ന നിശ്ചയദാർഢ്യത്തോടുകൂടിയാണ് സംസ്ഥാന സർക്കാരിന്റെ എക്സൈസ് വകുപ്പ് 'മയങ്ങില്ല കേരളം' എന്ന വിശാല ജനകീയ ലഹരിവിരുദ്ധ കർമ്മ പദ്ധതി ആരംഭിച്ചത്. ലഹരി ഉപയോഗം ഫലപ്രദമായി തടയുന്നതിനൊപ്പം പ്രതിരോധം, ബോധവൽക്കരണം, ലഹരി ഉപയോഗ സാധ്യതകളുടെ നേരത്തെയുള്ള കണ്ടെത്തൽ, കൗൺസലിങ്, ചികിത്സ, പുനരധിവാസം എന്നിവയെ ഏകോപിപ്പിച്ച് വ്യക്തികളെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിരിക്കുന്ന സമഗ്ര ലഹരിവിരുദ്ധ ജനകീയ പദ്ധതിയാണ് 'മയങ്ങില്ല കേരളം'. എൻഫോഴ്സ്മെന്റ്, ബോധവത്കരണം, ഡീ-അഡിക്ഷൻ, പുനരധിവാസം എന്നീ നാല് തൂണുകളിലൂന്നിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

## എൻഫോഴ്സ്മെന്റ് നടപടികൾ ശക്തം

സമഗ്ര ലഹരിവിരുദ്ധ ജനകീയ പദ്ധതിയിൽ ആദ്യത്തേത് എൻഫോഴ്സ്മെന്റാണ്. ശക്തമായി എൻഫോഴ്സ്മെന്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് 'ഓപ്പറേഷൻ തണ്ടർ' വഴി സംസ്ഥാനത്തുടനീളം ലഹരിവേട്ട ഊർജിതപ്പെടുത്തിയത്. ഇതിനോടകം സംസ്ഥാനത്തുടനീളം രജിസ്റ്റർ ചെയ്ത ലഹരിക്കേസുകളുടെ എണ്ണം 25,000 പിന്നിടുകയും ആറായിരം കടക്കുകയും ചെയ്തു. ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിന്റെ ഭാഗമായി ഡ്രഗ് ഐഡന്റിഫിക്കേഷൻ കിറ്റുകൾ വിതരണം തുടങ്ങിക്കഴിഞ്ഞു. കൂടാതെ, വ്യാജ കള്ളിന്റെ വിതരണം തടയാൻ 'ഓപ്പറേഷൻ ശുദ്ധി' എന്ന പദ്ധതി സംസ്ഥാന എക്സൈസ് വകുപ്പ് ആരംഭിക്കുകയും ചെയ്തു.

രണ്ടാം ഘട്ടം ബോധവൽക്കരണമാണ്. വ്യക്തിത്വ വികസനത്തിലൂന്നിയുള്ള ഈ ഘട്ടത്തിൽ, അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പൂർണ്ണ പിന്തുണ ഓരോ കുട്ടിക്കും ഉറപ്പുവരുത്തണം. സ്കൂളുകൾ കേന്ദ്രീകരിച്ച് വ്യായാമങ്ങളും കലാകായിക വിനോദങ്ങളും ഉറപ്പുവരുത്തും. ഓരോ കുടുംബത്തിനും അധ്യാപക സമൂഹത്തിനും കൃത്യമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കാനും കൗൺസലിങ് അടക്കം ആവശ്യമായ പിന്തുണ ഉറപ്പുവരുത്താനും എക്സൈസ് വകുപ്പ് മുന്നിലുണ്ടാകും. കുട്ടികളുടെ മാനസികാരോഗ്യം ഉറപ്പുവരുത്താൻ വേണ്ട ഇടപെടലുകൾ ആരോഗ്യ വകുപ്പുമായി ചേർന്ന് സജ്ജീകരിക്കും.

മൂന്നാം ഘട്ടം, ഡീ-അഡിക്ഷനാണ്. ലഹരിക്ക് പൂർണ്ണമായും അടിപ്പെട്ട മനുഷ്യരെ കണ്ടെത്തി, പുതുജീവിതത്തിലേക്ക് നയിക്കുക എന്നതാണ് പ്രധാനപ്പെട്ട ഈ ഘട്ടം. സംസ്ഥാനത്ത് നിലവിൽ 14 ജില്ലകളിലാണ് ഓരോ വിമുക്തി കേന്ദ്രങ്ങളുള്ളത്. അതായത്, സംസ്ഥാനത്ത് ആകെയുള്ളത് 14 വിമുക്തി കേന്ദ്രങ്ങൾ. അതിനെ താലൂക്ക് അടിസ്ഥാനത്തിൽ വർധിപ്പിക്കുകയാണ് എക്സൈസ് വിഭാവനം ചെയ്യുന്നത്. വേണ്ട വൈദ്യസഹായം ഉറപ്പാക്കുക, കൃത്യമായി കൗൺസലിങ് ഉറപ്പുവരുത്തുക, സൈക്കോളജിക്കൽ തെറാപ്പി, ഫാമിലി തെറാപ്പി എന്നിവ ലഭ്യമാക്കുക തുടങ്ങിയവയാണ് ഓരോ താലൂക്കിലെയും വിമുക്തി കേന്ദ്രങ്ങളിൽ ഉറപ്പുവരുത്താൻ പോകുന്നത്.

ഇവിടം കൊണ്ട് അവസാനിക്കുന്നില്ല. ഡീ-അഡിക്ഷൻ പൂർത്തീകരിച്ച ഓരോ




**യുവതലമുറയെ** മോശമായ രീതിയിൽ ബാധിക്കുന്ന ഒന്നാണ് ലഹരി. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചോർത്ത് വേദനിച്ചിരുന്ന ഒരാളാണ് ഞാൻ. ഇപ്പോഴാണ് അതിനെതിരെ പൊതുമണ്ഡലത്തിൽ നിലപാട് സ്വീകരിക്കാൻ എനിക്ക് അവസരം ലഭിച്ചത്.

**മധു**

**ലഹരിക്കെതിരെയുള്ള** മുന്നേറ്റം എന്ന നിലയിൽ ഏറെ പ്രസക്തമായ ഒന്നാണ് ഓപ്പറേഷൻ തൂഫാൻ. ലഹരിക്കെതിരെ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് എന്റെ പൂർണ പിന്തുണയുണ്ടാവും.

**ശ്രീകുമാരൻ തമ്പി**



## ഡീ-അഡിക്ഷൻ സെന്ററുകൾ

ജനറൽ ആശുപത്രി, നെയ്യാറ്റിൻകര
0471 2222235, 6238600247

നെടുങ്ങോലം, ചാത്തന്നൂർ, രാമറാവു മെമ്മോറിയൽ ഹോസ്പിറ്റൽ, കൊല്ലം
0474 2512324, 6238600248

റാന്നി താലൂക്കാശുപത്രി, റാന്നി, പത്തനംതിട്ട
0473 5229589, 6238600249

മാവേലിക്കര ജില്ല ആശുപത്രി, മാവേലിക്കര, ആലപ്പുഴ
0479 2452267, 6238600250

പാലാ ടൗൺ ഗവ. ആശുപത്രി, പാല, കോട്ടയം
0482 2215154, 6238600251

ജില്ലാ ആശുപത്രി, ചെറുതോണി, ഇടുക്കി
0486 2232474, 6238600252

ഗവ. ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം
0485 2832360, 6238600253

ചാലക്കുടി താലൂക്ക് ആശുപത്രി, ചാലക്കുടി, തൃശൂർ
0480 2701823, 6238600254

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, അട്ടപ്പാടി, പാലക്കാട്
04924 254392, 6238600255

നിലമ്പൂർ ഗവ. ആശുപത്രി, മലപ്പുറം
04931 220351, 6238600256

ഗവ. ബീച്ച് ഹോസ്പിറ്റൽ, കോഴിക്കോട്
0495 2365367, 6238600257

ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്
04936 206768, 6238600258

ഗവ. ആശുപത്രി, പയ്യന്നൂർ, കണ്ണൂർ
04985 205716, 6238600259

താലൂക്ക് ആശുപത്രി, നീലേശ്വരം, കാസർഗോഡ്
0467 2282933, 6238600260



മനുഷ്യനെയും കൃത്യമായി നിരീക്ഷിച്ചുകൊണ്ട് അവർക്ക് പുനരധിവാസം ഉറപ്പുവരുത്തുക എന്നതാണ് നാലാം ഘട്ടം. അതിന് ഏതുതരത്തിലുള്ള സഹായവും നൽകാൻ എക്സൈസ് വകുപ്പ് പ്രതിജ്ഞാബദ്ധമാണ്.

### സ്റ്റേറ്റ് നർക്കോട്ടിക് കൺട്രോൾ ബ്യൂറോ

ഇതിനിടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി എക്സൈസ് വകുപ്പിന് കീഴിൽ സ്റ്റേറ്റ് നർക്കോട്ടിക് കൺട്രോൾ ബ്യൂറോ ആരംഭിക്കാനുള്ള തീരുമാനം കൂടി സർക്കാർ കൈക്കൊള്ളുകയുണ്ടായി. സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കാതെ വകുപ്പിലെ നിലവിലുള്ള തസ്തികകൾ പുനർവിന്യസിച്ചും ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകിയും സ്റ്റേറ്റ് നർക്കോട്ടിക് കൺട്രോൾ ബ്യൂറോയ്ക്ക് അതിവേഗത്തിൽ പ്രവർത്തനാനുമതി കൂടി നൽകി.

മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും സംഘടിത കുറ്റകൃത്യ ശൃംഖലകളെ നിരീക്ഷിക്കുന്നതിനും ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിനും ഈ വിഭാഗങ്ങൾ ഏകോപിതമായി പ്രവർത്തിക്കും. റിസർച്ച് ആൻഡ് അനാലിസിസ് വിങ് മുഖേന മയക്കുമരുന്ന് സംബന്ധമായ വിവരങ്ങളുടെ വിശകലനവും കുറ്റകൃത്യ പ്രവണതകളുടെ പഠനവും ശക്തിപ്പെടുത്തും.

സൈബർ ഇന്റലിജൻസ് ആൻഡ് സൈബർ ഓപ്പറേഷൻസ് വിങ് വഴി സൈബർ നിരീക്ഷണം, ഡിജിറ്റൽ അന്വേഷണങ്ങൾ, സാങ്കേതിക വിവരശേഖരണം എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകും. സൈബർ സുരക്ഷ, എതിക്കൽ ഹാക്കിങ്, ഡിജിറ്റൽ ഫോറൻസിക്സ്, ഡാറ്റാ അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ പ്രാവീണ്യമുള്ള ഐ.ടി. വിദഗ്ധർ, അക്കാദമിക് വിദഗ്ധർ, വിദ്യാർഥികൾ, വിരമിച്ച ഉദ്യോഗസ്ഥർ എന്നിവരുടെ സന്നദ്ധ ശൃംഖല രൂപീകരിച്ച് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ എക്സൈസ് കമ്മീഷണർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

### 'മയങ്ങില്ല കേരളം' പോർട്ടൽ

ഈ പ്രവർത്തനങ്ങളുടെ തുടർച്ചയായി 'മയങ്ങില്ല കേരളം' പോർട്ടൽ ഉടൻ പ്രവർത്തനമാരംഭിക്കും. ലഹരി ഇടപാടുമായി ബന്ധപ്പെട്ട വിവരങ്ങൾ ജനങ്ങൾക്ക് ഇതുവഴി പങ്കുവെയ്ക്കാനും ഡീ-അഡിക്ഷനും കൗൺസലിങ്ങും ആവശ്യമുള്ളവർക്ക് രജിസ്റ്റർ ചെയ്യാനും സാധിക്കും. രാജ്യത്തുതന്നെ ആദ്യമായാണ് ഇത്തരമൊരു സമഗ്ര പോർട്ടൽ ആരംഭിക്കുന്നത് എന്ന പ്രത്യേകത കൂടിയുണ്ട്.

ലഹരിയിൽ വീഴുന്ന ഈയാംപാറ്റകളല്ല പുതുതലമുറയെന്ന് ഉറപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾക്ക് എക്സൈസ് വകുപ്പ് മുൻകൈയെടുക്കും. ശക്തമായ നടപടികളുമായി മുന്നോട്ടുപോകും. ■

തൂഫാൻ >> റവാഡാ ആസാദ് ചന്ദ്രശേഖർ ഐ പി എസ്

സംസ്ഥാന പോലീസ് മേധാവി



വിദ്യാഭ്യാസ സ്ഥാപനങ്ങളെ ചുറ്റിപ്പറ്റി നടക്കുന്ന ലഹരിവ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കു പ്രത്യേക ശ്രദ്ധയാണ് നൽകുന്നത്. കുട്ടികളെ ലഹരിക്ക് ഇരയാക്കുന്ന സംഘങ്ങളെ വേരോടെ പിഴുതെറിയാൻ തന്നെയാണ് തീരുമാനം.

# ലഹരിയുടെ അന്തകൻ

ലഹരിയുടെ വഴിയിലേക്ക് വഴുതിപ്പോയി ജീവിതം ഇരുളടഞ്ഞവരുടെ ഒട്ടേറെ കഥകൾ നേരിട്ടും മാധ്യമങ്ങളിലൂടെയും നമ്മൾ അറിഞ്ഞിട്ടുണ്ട്. പഠനം മുടങ്ങിയ ബാല്യ-കൗമാരങ്ങൾ, കുറ്റകൃത്യങ്ങളിൽ ആനന്ദം കണ്ടെത്തുന്ന യുവതീയുവാക്കൾ, കൊടും ക്രൂരതയുടെ പര്യായമായി മാറിയ വിവിധ പ്രായക്കാർ... ഇത്തരക്കാരുടെ എണ്ണം വളരെ കുറവാണെങ്കിലും, ഒരു സമൂഹത്തിൽ എത്ര ചെറുതായാലും, ഇവർ സൃഷ്ടിക്കുന്നത് പേടിയും വേദനയും അങ്കലാപ്പും അരക്ഷിതാവസ്ഥയുമാണ്. ഒരു പരിഷ്കൃത ജീവിതത്തിലേക്ക് മുന്നേറുന്നതിന് ലഹരി വരുന്ന വഴികൾ അടയ്ക്കുകയും ലഹരി ഉപയോഗം എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുകയും തന്നെ വേണം. തലമുറകളെ തന്നെ ഇല്ലാതാക്കുന്ന ലഹരി




മാഫിയയുടെ വേരറുക്കാനായി സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ കേരള പോലീസ് നടപ്പാക്കുന്ന കർമ്മപരിപാടിയാണ് 'ഓപ്പറേഷൻ തൂഫാൻ- ദി നാർക്കോ ഹണ്ട്'. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ലഹരി വേട്ടകൾക്കാണ് കഴിഞ്ഞ രണ്ടു മാസമായി കേരളം സാക്ഷിയാകുന്നത്.

ആഭ്യന്തരമന്ത്രിയായി ചുമതല ഏറ്റെടുത്ത ആദ്യ മണിക്കൂറുകളിൽ തന്നെയാണ് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പോലീസ് ആസ്ഥാനത്തുവച്ച് ഓപ്പറേഷൻ തൂഫാൻ പ്രഖ്യാപിച്ചത്. ഇതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി.സതീശൻ ജൂൺ രണ്ടിന് തിരുവനന്തപുരം കോട്ടൺ ഹിൽ സ്കൂളിൽ നടത്തി. ഓപ്പറേഷൻ തൂഫാന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് കൺട്രോൾ റൂം തുടങ്ങുകയും തൂഫാൻ നോഡൽ ഓഫീസറായി നോർത്ത് സോൺ ഐ.ജി. പുട്ട വിമലാദിത്യയെ നിയമിക്കുകയും ചെയ്തു.

കേന്ദ്രീകരിച്ച് പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളെ ചുറ്റിപ്പറ്റി നടക്കുന്ന ലഹരിവ്യാപന പ്രവർത്തനങ്ങൾക്കു പ്രത്യേക ശ്രദ്ധയാണ് നൽകുന്നത്. കുട്ടികളെ ലഹരിക്ക് ഇരയാക്കുന്ന സംഘങ്ങളെ വേരോടെ പിഴുതെറിയാൻ തന്നെയാണ് തീരുമാനം. അതിർത്തി ചെക്ക് പോസ്റ്റുകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ബോട്ട് ജെട്ടികൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലെല്ലാം നിരീക്ഷണവും

## മയങ്ങില്ല കേരളം ജില്ലാ ഹെൽപ്പ് ലൈൻ

| | |
|---|---|
| തിരുവനന്തപുരം | 0471-2473149 |
| കൊല്ലം | 0474-2745648 |
| പത്തനംതിട്ട | 0468-2222873 |
| ആലപ്പുഴ | 0477-2252049 |
| കോട്ടയം | 0481-2562211 |
| ഇടുക്കി | 04862-222493 |
| എറണാകുളം | 0484-2390657 |
| തൃശ്ശൂർ | 0487-2361237 |
| പാലക്കാട് | 0491-2505897 |
| മലപ്പുറം | 0483-2734886 |
| കോഴിക്കോട് | 0495-2372927 |
| വയനാട് | 04936-248850 |
| കണ്ണൂർ | 0497-2706698 |
| കാസർഗോഡ് | 04994-256728 |

**ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ രീതിയിലാണ് ഓപ്പറേഷൻ തൂഫാൻ വിഭാവനം ചെയ്തിരിക്കുന്നത്. ലഹരി മരുന്ന് വ്യാപനം തടയാനും അവയുടെ ഉപയോഗത്തെക്കുറിച്ച് അതിവേഗം വിവരം ലഭ്യമാക്കാനും ഡിജിറ്റൽ എനേബിൾഡ് സിസ്റ്റം സ്ഥാപിക്കും**

### ഓപ്പറേഷൻ തൂഫാന്റെ ലക്ഷ്യം

കെമിക്കൽ, സിന്തറ്റിക് നാർക്കോട്ടിക്സ്, ഹൈബ്രിഡ് കഞ്ചാവ് എന്നിവയുടെ ഉറവിടം കണ്ടെത്തി, ലഹരി ഉപയോഗം എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുക എന്നതാണ് ഓപ്പറേഷൻ തൂഫാന്റെ പ്രധാന ദൗത്യം. ഉറവിടങ്ങൾ, യാത്രാവഴികൾ, വിതരണക്കാർ, ലഹരി ഉപയോഗിക്കുന്നവർ എന്നിവരെ നിരീക്ഷിക്കാനും റെയ്ഡുകൾ നടത്താനും ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനങ്ങളാണ് കേരള പോലീസ് ഒരുക്കിയിട്ടുള്ളത്. ജില്ലാ തലങ്ങളിലെ ഡാൻസാഫ് സംഘങ്ങൾക്ക് പുറമേ വിവിധ പോലീസ് സ്റ്റേഷനുകൾ

പരിശോധനയും ഊർജിതമാക്കിയിട്ടുണ്ട്. സ്കൂൾ, കോളജ് പരിസരങ്ങൾ, ഫൈവ് സ്റ്റാർ ഹോട്ടലുകൾ, ഡി.ജെ. പാർട്ടികൾ, കായലുകളിലെയും കടലിലെയും പാർട്ടികൾ എന്നിവിടങ്ങളിലെ ലഹരി ഉപയോഗത്തിനെതിരെ കർശന നടപടി എടുത്തു കഴിഞ്ഞു. നിരോധിത പുകയില വിൽപന കേന്ദ്രങ്ങൾക്കെതിരെയും നിയമനടപടികൾ എടുത്തുവരുന്നു.

നിരോധിക്കപ്പെട്ട ലഹരി വസ്തുകൾ പിടിച്ചെടുക്കുകയും ഇതുമായി ബന്ധപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും മാത്രമല്ല ഓപ്പറേഷൻ തൂഫാനിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്ര സംസ്ഥാന

**ലഹരിയെന്ന** വലിയ വിപത്തിനെ ഇല്ലാതാക്കാൻ നമുക്ക് സാധിക്കും. ഒരുമിച്ച് നിന്നാൽ സാധിക്കാത്തതായി ഒന്നുമില്ലല്ലോ. പുതിയ തലമുറയെ ഈ വിപത്തിൽ നിന്ന് രക്ഷിക്കേണ്ടത് എല്ലാവരുടെയും ഉത്തരവാദിത്വമാണ്. ഞങ്ങളുടെ എല്ലാവരുടെയും പിന്തുണ വാഗ്ദാനം ചെയ്യുന്നു.

**ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**





ഏജൻസികളുടെ സഹായത്തോടെ ലഹരി വരുന്ന വഴികൾ അടയ്ക്കാനും ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സയും കൗൺസലിങ്ങും നൽകി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും, പൊതുജനപങ്കാളിത്തത്തോടെ വലിയൊരു ജനകീയ പ്രതിരോധം തീർക്കാനുമാണ് ഈ ഓപ്പറേഷനിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളുടെ ഏകോപനവും ആഭ്യന്തരവകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്.

## തൂഫാൻ പോരാളികൾ

ലഹരിക്കെതിരെ അണിനിരക്കാനും തൂഫാൻ വാരിയറായി പ്രവർത്തിക്കുവാനും നടൻ മോഹൻലാൽ ഉൾപ്പെടെ നിരവധി സിനിമാ താരങ്ങൾ സ്വയം സന്നദ്ധരായി മുന്നോട്ടുവന്നിട്ടുണ്ട്. കലാ-കായിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖർ, വിദ്യാർഥി-യുവജന പ്രസ്ഥാനങ്ങളുടെ പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ഡ്രൈവർമാർ തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലയിലും ഉള്ളവർ ഈ യജ്ഞത്തിന് പിന്തുണ അറിയിച്ച് തൂഫാൻ വാരിയർമാരായി സ്വയം മുന്നോട്ട് വരുന്ന കാഴ്ച്ച പ്രതീക്ഷ നൽകുന്നതാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, എൻഎസ്എസ്, എൻസിസി എന്നിവയും ആത്മാർഥ സഹകരണം നൽകുന്നുണ്ട്.

## അന്തർ സംസ്ഥാന സഹകരണം

ദക്ഷിണേന്ത്യ ലഹരിവിമുക്തമാക്കാനായി ആരംഭിച്ച ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ലഹരി വിരുദ്ധ ദൗത്യമാണ് 'ഓപ്പറേഷൻ തൂഫാൻ: ദി നാർക്കോ ഹണ്ട്'. ഇക്കാര്യത്തിൽ സഹകരണം ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി വി.ഡി.സതീശൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെ ആദ്യം തന്നെ ബന്ധപ്പെട്ടിരുന്നു. പദ്ധതി നടപ്പാക്കുന്നതിൽ മറ്റുസംസ്ഥാനങ്ങളുടെ കൂടി സഹകരണം ഉറപ്പാക്കാൻ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്തു. അന്തർസംസ്ഥാന ഏകോപനത്തിനായി രണ്ടു ഉന്നതതല യോഗങ്ങളാണ് പോലീസ് ആസ്ഥാനത്ത് നടത്തിയത്. വകുപ്പുമന്ത്രി അധ്യക്ഷനായ യോഗങ്ങളിൽ അന്തർസംസ്ഥാന ലഹരി മാഫിയക്കെതിരെ മറ്റ് സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികൾ ഏകോപിതമായി പ്രവർത്തിക്കാൻ ധാരണയായി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടകം, ആന്ധ്ര, തെലങ്കാന, പുതുച്ചേരി എന്നിവിടങ്ങളിലെ പോലീസ് മേധാവിമാരുമായി

**ഇതര സംസ്ഥാന** തൊഴിലാളികളും വിദ്യാർഥികളും അധിവസിക്കുന്ന സംസ്ഥാനമാണ് കേരളം. അതിനാൽ തൂഫാൻ ക്യാമ്പയിൻ പ്രവർത്തനം മലയാളത്തിനു പുറമെ മറ്റു ഭാഷകളിലേക്കും വ്യാപിപ്പിക്കണം. ലഹരിയുടെ അന്യസംസ്ഥാന വേരുകൾ കണ്ടെത്താൻ ഇത് സഹായകമാവും.

**കാന്തപുരം എ.പി.അബൂബക്കർ മുസലിയാർ**



# വിളിക്കാം, വിവരങ്ങൾ അറിയിക്കാം

## ലഹരി വിപണനം അറിയിക്കാം

മൊബൈൽ ഫോൺ
**9497979794, 9497927797**

വാട്സ്ആപ്പ്: **9995966666**

ഈ നമ്പറുകളിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

അടിയന്തര സഹായത്തിന് - **112**

## സഹായത്തിനായി വിളിക്കാം

വിമുക്തി ടോൾ ഫ്രീ നമ്പർ:
**14405**

വാട്സ്ആപ്പ്: **9061178000**

പരാതികൾ അറിയിക്കാം:
**9447178000**

വിദ്യാർഥികൾക്കായി നേർവഴി:
**9656178000**

ആന്റി നാർക്കോട്ടിക് സെൽ:
**9497979794, 9497927797**

നാഷണൽ നാർക്കോട്ടിക് ഹെൽപ് ലൈൻ നമ്പർ - **1933, 9995966666**

## കൗൺസലിങ് സെന്റർ

സൗത്ത് സോൺ
(തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ)
**9400022100, 9400033100**

സെൻട്രൽ സോൺ
(എറണാകുളം, തൃശൂർ, ഇടുക്കി, പാലക്കാട്)
**9188520199, 9188520198**

നോർത്ത് സോൺ
(കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്)
**9188468494, 9188458494**



നടത്തിയ കൂടിക്കാഴ്ച ഇക്കാര്യത്തിലെ ശ്രദ്ധേയമായ കാൽവെപ്പായിരുന്നു. കസ്റ്റംസ്, നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, റവന്യൂ ഇന്റലിജൻസ്, തെലങ്കാന ആന്റി നാർക്കോട്ടിക് ബ്യൂറോ, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥർ അടങ്ങിയ ഇന്റർ ഏജൻസി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങളും ഇക്കാര്യത്തിൽ കൂടുതൽ പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. കേന്ദ്ര-സംസ്ഥാന ഏജൻസികളുമായി കൈകോർത്തുകൊണ്ട് മൾട്ടി ഡിജിറ്റൽ ഇൻറഗ്രേഷൻ പ്രോജക്ട് നടപ്പാക്കാൻ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

### വിട്ടുവീഴ്ചയില്ലാത്ത നടപടി

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ഇതുവരെ 8258 കേസുകളാണ് എടുത്തത്. ആകെ 8883 പേർ അറസ്റ്റിലായി. ഇവരിൽ നിന്നും 6684.446 ഗ്രാം എം.ഡി.എം.എ.യും, 784.048 കി.ഗ്രാം കഞ്ചാവും, 4690.629 ഗ്രാം ഹാഷിഷ് ഓയിലും പിടിച്ചെടുത്തിട്ടുണ്ട്. നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസ് ആക്ടിലെ (എൻ.ഡി.പി.എസ്.) 20, 22, 27 എന്നീ വ്യവസ്ഥകൾക്കനുസരിച്ചാണ് ഭൂരിപക്ഷം കേസുകളും എടുത്തിട്ടുള്ളത്. സിഗററ്റ് ആൻഡ് അദർ ടുബാക്കോ പ്രോഡക്ട്സ് ആക്ട് പ്രകാരം 4199 കേസുകളും എടുത്തു.

നിലവിലെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യിരിക്കുന്നത് കോഴിക്കോട് സിറ്റിയിലാണ്, (852). എന്നാൽ ഏറ്റവും കൂടുതൽ അറസ്റ്റ് നടന്നിട്ടുള്ളത് മലപ്പുറത്താണ്, (916) പേർ). 802 കേസുകളുമായി രണ്ടാം സ്ഥാനത്താണ് മലപ്പുറം പൊലീസ് ജില്ല. പാലക്കാട്, കൊച്ചി എന്നീ പോലീസ് ജില്ലകൾ തൊട്ടടുത്ത സ്ഥാനങ്ങളിലുണ്ട്. 600-ലധികം കേസുകളാണ് ഇവിടെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. കണ്ണൂർ റൂറലിലാണ് ഏറ്റവും കുറവ് കേസുകളുള്ളത്- 129 എണ്ണം.

അറസ്റ്റ്, നിയമനടപടികൾ എന്നിവയ്ക്ക് പുറമേ, ശക്തമായ ബോധവൽക്കരണ

> **അറസ്റ്റ്, നിയമനടപടികൾ എന്നിവയ്ക്ക് പുറമേ, ശക്തമായ ബോധവത്ക്കരണ പരിപാടികളും ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കേരള പോലീസ് നടത്തിവരുന്നു. ഇതുവരെ 8269 ബോധവൽക്കരണ ക്ലാസ്സുകളാണ് നടന്നത്**

പരിപാടികളും ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കേരള പോലീസ് നടത്തിവരുന്നു. ഇതുവരെ 8269 ബോധവൽക്കരണ ക്ലാസ്സുകളാണ് നടന്നത്. 477 കൗൺസലിങ്ങുകൾ നടത്തി. സ്കൂൾ, കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ 6093 ബോധവൽക്കരണ പരിപാടികളും ഇതിനോടകം നടന്നുകഴിഞ്ഞു.

### രാസലഹരിക്കെതിരെ ഡിജിറ്റൽ കാവൽ

സിന്തറ്റിക് ഡ്രഗ്സിന്റെ അതിവേഗ വ്യാപനത്തെ പ്രതിരോധിക്കാൻ ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ രീതിയിലാണ് ഓപ്പറേഷൻ തൂഫാൻ വിഭാവനം ചെയ്തിരിക്കുന്നത്. ലഹരി മാഫിയകൾക്ക് നിയമത്തിന്റെ കർക്കശമായ മുന്നറിയിപ്പ് നൽകുന്നതിനോടൊപ്പം, സാധാരണ

| ജില്ലാ | ആകെ കേസുകൾ (COTPA ഒഴികെ) | അറസ്റ്റിലായ പ്രതികളുടെ എണ്ണം | പിടിച്ചെടുത്ത MDMA (ഗ്രാം) | പിടിച്ചെടുത്ത കഞ്ചാവ് (ഗ്രാം) | 27 NDPS ആക്ട് (കഞ്ചാവ് ബീഡി) | ചെറിയ അളവിലുള്ള കേസുകൾ | വാണിജ്യ അളവിലുള്ള കേസുകൾ | ഇടത്തരം അളവിലുള്ള കേസുകൾ | 27 NDPS ആക്ട് കേസുകൾ | COTPA കേസ് വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം സിറ്റി | 345 | 349 | 256 | 14434 | 266 | 58 | 4 | 8 | 275 | 278 |
| തിരുവനന്തപുരം റൂറൽ | 364 | 392 | 140 | 23904 | 102 | 245 | 3 | 13 | 103 | 470 |
| കൊല്ലം സിറ്റി | 477 | 483 | 172 | 1651 | 292 | 164 | 6 | 11 | 296 | 297 |
| കൊല്ലം റൂറൽ | 304 | 309 | 15 | 3772 | 186 | 115 | 1 | 2 | 186 | 467 |
| പത്തനംതിട്ട | 232 | 245 | 7 | 9330 | 141 | 86 | 0 | 4 | 142 | 254 |
| ആലപ്പുഴ | 525 | 603 | 20 | 24771 | 298 | 204 | 0 | 14 | 307 | 304 |
| കോട്ടയം | 543 | 556 | 261 | 13362 | 130 | 401 | 1 | 8 | 133 | 676 |
| ഇടുക്കി | 388 | 403 | 11 | 14025 | 199 | 176 | 1 | 11 | 200 | 238 |
| എറണാകുളം റൂറൽ | 414 | 482 | 38 | 123951 | 126 | 262 | 3 | 16 | 133 | 156 |
| കൊച്ചി സിറ്റി | 627 | 671 | 1,002 | 61109 | 212 | 370 | 9 | 32 | 216 | 188 |
| തൃശ്ശൂർ സിറ്റി | 273 | 342 | 383 | 38431 | 234 | 65 | 6 | 6 | 196 | 156 |
| തൃശ്ശൂർ റൂറൽ | 345 | 375 | 41 | 563 | 279 | 40 | 2 | 8 | 295 | 39 |
| പാലക്കാട് | 646 | 674 | 167 | 43930 | 564 | 68 | 5 | 29 | 544 | 126 |
| മലപ്പുറം | 802 | 916 | 2,173 | 54803 | 608 | 115 | 13 | 39 | 635 | 126 |
| കോഴിക്കോട് സിറ്റി | 852 | 875 | 580 | 20982 | 745 | 64 | 6 | 19 | 763 | 30 |
| കോഴിക്കോട് റൂറൽ | 371 | 393 | 252 | 4100 | 287 | 53 | 7 | 14 | 297 | 95 |
| വയനാട് | 218 | 252 | 282 | 8226 | 166 | 38 | 5 | 8 | 167 | 77 |
| കണ്ണൂർ സിറ്റി | 138 | 170 | 583 | 40602 | 94 | 24 | 5 | 12 | 97 | 19 |
| കണ്ണൂർ റൂറൽ | 129 | 130 | 30 | 1130 | 89 | 30 | 1 | 6 | 92 | 63 |
| കാസർഗോഡ് | 183 | 204 | 270 | 31424 | 106 | 27 | 7 | 22 | 127 | 122 |
| റെയിൽവേ | 82 | 59 | 0 | 249563 | 15 | 40 | 2 | 26 | 13 | 18 |
| ആകെ | 8,258 | 8,883 | 6,684.91 | 784,062 | 5,139 | 2,645 | 87 | 308 | 5,217 | 4,199 |

ക്കാർക്ക് പൂർണ്ണ സുരക്ഷിതത്വബോധം ഉറപ്പാക്കാനും ഈ ദൗത്യം ലക്ഷ്യമിടുന്നു. കുറ്റവാളികളെ നിയമത്തിന് മുന്നിലെത്തിക്കാൻ ആധുനിക അന്വേഷണ രീതികൾ സ്വീകരിക്കും. ലഹരി മരുന്ന് വ്യാപനം വേരോടെ അറുക്കാനും, അവയുടെ ഉപയോഗത്തെക്കുറിച്ച് അതിവേഗം വിവരം ലഭ്യമാക്കാനും വേണ്ടി ഒരു ഡിജിറ്റൽ എനേബിൾഡ് സിസ്റ്റം സ്ഥാപിക്കും. എല്ലാ സംസ്ഥാനങ്ങളിലും ഇതിനായി നോഡൽ ഓഫീസർമാരെ നിയോഗിക്കാനും തത്സമയ വിവരവിനിമയത്തിനും വിശകലനത്തിനുമായി പ്രത്യേക ഡാഷ്ബോർഡ് ആരംഭിക്കാനും ആലോചിക്കുന്നുണ്ട്.

ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ അജ്ഞാതമായി കൈമാറാൻ ആപ്പുകളും വാട്സാപ്പ് ചാറ്റ്ബോട്ടുകളും അടങ്ങുന്ന വിപുലമായ ഡിജിറ്റൽ സർവൈലൻസ് സംവിധാനം സജ്ജമാക്കും. നഗരങ്ങൾ, ഗ്രാമങ്ങൾ, ക്യാമ്പസുകൾ, റസിഡൻഷ്യൽ മേഖലകൾ എന്നിവിടങ്ങളിലെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി ഡ്രോണുകളുടെ സഹായത്തോടെ സ്മാർട്ട് പട്രോളിങ് നടത്തും. സ്കൂൾ തലത്തിൽ ലഹരിക്കെതിരായ പ്രത്യേക കരിക്കുലം ഉൾപ്പെടുത്തും.

ലഹരി മാഫിയകളുടെ സ്വത്തുക്കൾ കണ്ടുകെട്ടും. ഇങ്ങനെ ലഹരിക്കെതിരായ പോരാട്ടത്തിൽ സർവതല സ്പർശിയായ ഒരു ജനകീയ മുന്നേറ്റമാക്കി ഓപ്പറേഷൻ തൂഫാനെ മാറ്റാനാണ് കേരള പോലീസ് ലക്ഷ്യമിടുന്നത്. വരും തലമുറകളെയും നമ്മുടെ നാടിനേയും ലഹരിയുടെ പിടിയിൽ നിന്ന് മോചിപ്പിക്കാനായുള്ള ഈ മഹത്തായ യജ്ഞത്തിൽ എല്ലാവരും പങ്കുചേരണമെന്ന് അഭ്യർഥിക്കുന്നു. ■

“


**തൂഫാൻ പദ്ധതി** ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പ്രഖ്യാപിച്ചപ്പോൾത്തന്നെ മാനസികമായി അതിനെ പിന്തുണച്ചിട്ടുണ്ട്. അന്നുതന്നെ അദ്ദേഹത്തോട് അഭിനന്ദനങ്ങളും വിളിച്ചു പറഞ്ഞിട്ടുണ്ട്. ഈ വിഷയത്തിൽ ഞങ്ങളുടെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും സഹകരണവും എപ്പോഴും ഉണ്ടാവും

**ജിഫ്രി മുത്തുക്കോയ തങ്ങൾ**



”

**ഡോ. ടി.വി. ജിതേഷ്**
ക്ലിനിക്കൽ സൈക്കോളജിസ്റ്റ് & വിമുക്തി ജില്ലാ കോ-ഓർഡിനേറ്റർ, കോഴിക്കോട്



**ലഹരിക്കടിമപ്പെടുന്നവരെ അകറ്റിനിർത്തുകയല്ല വേണ്ടത്. അതൊരു രോഗാവസ്ഥയായി കണ്ട് ശരിയായ ചികിത്സയും പിന്തുണയും നൽകുകയാണ് സമൂഹത്തിന്റെ ഉത്തരവാദിത്വം. ലഹരിവിമുക്തി എന്നത് അസാധ്യമല്ല.**

# കൈകോർക്കാം അതിജീവനത്തിനായി



ലഹരി എന്നത് ഒരു വ്യക്തിയുടെ സ്വഭാവത്തിലെ ദൗർബല്യമോ മനഃശക്തിക്കുറവോ മാത്രമല്ല. അത് തലച്ചോറിന്റെ പ്രവർത്തനത്തെയും ചിന്തകളെയും വികാരങ്ങളെയും പെരുമാറ്റത്തെയും ബാധിക്കുന്ന ഒരു സങ്കീർണ്ണമായ ആരോഗ്യപ്രശ്നമാണ്. അതുകൊണ്ടുതന്നെ, ലഹരിയിൽ നിന്ന് മോചനം നേടുക എന്നത് അസാധ്യമായ കാര്യമല്ല . ശരിയായ ചികിത്സയും മനഃശാസ്ത്രപരമായ പിന്തുണയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും കരുതലും ലഭിച്ചാൽ അതിജീവനം പൂർണമായും സാധ്യമാണ്.

ലഹരി ഉപയോഗിക്കുന്നവരിൽ പലരും തുടക്കത്തിൽ അത് ഒരു പരീക്ഷണമോ വിനോദമോ ആയിട്ടാണ് കാണുന്നത്. എന്നാൽ ക്രമേണ തലച്ചോറിലെ റിവാർഡ് സിസ്റ്റത്തിൽ മാറ്റങ്ങൾ സംഭവിക്കുകയും, ലഹരിവസ്തുവിനോടുള്ള ശക്തമായ ആഗ്രഹം രൂപപ്പെടുകയും ചെയ്യുന്നു. അതിനാൽ തന്നെ 'വേണമെങ്കിൽ നിർത്താം' എന്ന ധാരണ പലപ്പോഴും യാഥാർഥ്യബോധമില്ലാത്തതാണ്. അതിജീവനത്തിന് വൈദ്യചികിത്സയും മനഃശാസ്ത്രപരമായ ഇടപെടലുകളും ഒരുപോലെ ആവശ്യമാണ്.

## ചികിത്സാ രീതികൾ

അതിജീവനത്തിന്റെ മനഃശാസ്ത്രപരമായ വഴികളിൽ ഏറ്റവും പ്രധാനപ്പെട്ടത് വ്യക്തിയിൽ മാറ്റത്തിനുള്ള പ്രചോദനം വളർത്തിയെടുക്കുക എന്നതാണ്. ഒരാളെ കുറ്റപ്പെടുത്തുകയോഭീഷണിപ്പെടുത്തുകയോ ചെയ്യുന്നത് പലപ്പോഴും കൂടുതൽ അകൽച്ച സൃഷ്ടിക്കും. പകരം, അദ്ദേഹത്തിന്റെ ജീവിതലക്ഷ്യങ്ങൾ, കുടുംബബന്ധങ്ങൾ, ആരോഗ്യം, ഭാവി എന്നിവയെക്കുറിച്ച് ചിന്തിക്കാൻ സഹായിക്കുന്ന സംഭാഷണങ്ങൾ മാറ്റത്തിനുള്ള വാതിൽ തുറക്കുന്നു. കൗൺസലിങ്, കോഗ്നിറ്റീവ് ബിഹേവിയ




**ലഹരിക്ക് അടിമയായ ഒരാളെ മനഃശാസ്ത്രപരമായി അഭിമുഖീകരിക്കുമ്പോൾ ആദ്യം വേണ്ടത് സഹാനുഭൂതിയാണ്. 'നീ മോശം ആളാണ്' എന്ന സമീപനത്തിന് പകരം 'നിനക്ക് സഹായം ആവശ്യമാണ്' എന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. അതേസമയം, സഹാനുഭൂതി എന്നാൽ തെറ്റായ പെരുമാറ്റത്തെ പ്രോത്സാഹിപ്പിക്കുക എന്നതുമല്ല**

റൽ തെറാപ്പി (CBT), മോട്ടിവേഷണൽ ഇന്റർവ്യൂയിങ്, ഗ്രൂപ്പ് തെറാപ്പി, കുടുംബ തെറാപ്പി തുടങ്ങിയ ശാസ്ത്രീയമായി തെളിയിക്കപ്പെട്ട രീതികൾ ഈ ചികിത്സയിൽ ഫലപ്രദമാണ്.

ലഹരിക്ക് അടിമയായ ഒരാളെ മനഃശാസ്ത്രപരമായി അഭിമുഖീകരിക്കുമ്പോൾ ആദ്യം വേണ്ടത് സഹാനുഭൂതിയാണ്. 'നീ മോശം ആളാണ്' എന്ന സമീപനത്തിന് പകരം 'നിനക്ക് സഹായം ആവശ്യമാണ്' എന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. അവർക്കു പറയാനുള്ളത് കേൾക്കുക, കുറ്റപ്പെടുത്താതെ സംസാരിക്കുക, വിശ്വാസം വളർത്തുക, ചികിത്സ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുക എന്നിവ നിർണായകമാണ്. പലരും കുറ്റബോധം, നിരാശ, ആത്മവിശ്വാസക്കുറവ് എന്നിവയുമായി ജീവിക്കുന്നവരാണ്. അതിനാൽ വിമർശനത്തേക്കാൾ പിന്തുണയാണ് അവർക്ക് കൂടുതൽ ആവശ്യം. അതേസമയം, സഹാനുഭൂതി എന്നാൽ തെറ്റായ പെരുമാറ്റത്തെ പ്രോത്സാഹിപ്പിക്കുക എന്നല്ല. വ്യക്തമായ അതിരുകൾ നിശ്ചയിക്കുകയും, ചികിത്സയിൽ തുടരാൻ പ്രോത്സാഹിപ്പിക്കുകയും, ആവശ്യമായപ്പോൾ വിദഗ്ധരുടെ സഹായം തേടുകയും വേണം.

## ലഹരിയിലേക്കുള്ള മടക്കം വെല്ലുവിളി

**ലഹരിയുടെ അടിമത്തം എന്നത് ഒരു ദീർഘകാല അവസ്ഥ/ രോഗം ആയതിനാൽ മടങ്ങിപ്പോക്ക് (relapse) സംഭവിക്കാനുള്ള സാധ്യതയും ഉണ്ട്. എന്നാൽ ഇത് പരാജയത്തിന്റെ അടയാളമല്ല; ചികിത്സയും പിന്തുണയും വീണ്ടും ശക്തിപ്പെടുത്തേണ്ടതിന്റെ സൂചനയാണ്. പ്രധാനമായും വ്യക്തി ലഹരിക്കു വീണ്ടും അടിമപ്പെടുന്നത് താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.**

- **മാനസികസമ്മർദ്ദം**
- **വിഷാദം /അതിയായ ദുഃഖം**
- **ഉൽക്കണ്ഠ**
- **ലഹരി ഉപയോഗിക്കുന്ന പഴയ സുഹൃത്തുക്കളുമായുള്ള ഇടപഴകൽ**
- **ലഹരി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങൾ**
- **അമിത ആത്മവിശ്വാസം ('ഇനി ഒരു പ്രാവശ്യം ഉപയോഗിച്ചാലും പ്രശ്നമില്ല' എന്ന ചിന്ത)**
- **ചികിത്സയോ കൗൺസലിങ്ങോ പാതിവഴിയിൽ നിർത്തുക.**

## കൈപിടിക്കേണ്ടത് സമൂഹം


ലഹരിക്കെതിരായ പോരാട്ടത്തിൽ പൊതുസമൂഹത്തിനും വലിയ ഉത്തരവാദിത്വമുണ്ട്. ലഹരി ഉപയോഗിക്കുന്നവരെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തുകയോ അപമാനിക്കുകയോ ചെയ്യാതെ, ചികിത്സയിലേക്കും പുനരധിവാസത്തിലേക്കും നയിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കണം. വിദ്യാലയങ്ങൾ, കോളേജുകൾ, കുടുംബങ്ങൾ, തൊഴിൽ സ്ഥാപനങ്ങൾ, മത-സാമൂഹിക സംഘടനകൾ എന്നിവ ചേർന്ന് മാനസികാരോഗ്യ ബോധവൽക്കരണം ശക്തിപ്പെടുത്തുകയും യുവാക്കൾക്ക് ജീവിതനൈപുണികൾ വളർത്തുന്ന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം. കായികം, കല, വായന, ധ്യാന പരിശീലനം ,സന്നദ്ധപ്രവർത്തനം  തുടങ്ങിയ ആരോഗ്യകരമായ ശീലങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ ജീവിതശൈലികൾ പ്രോത്സാഹിപ്പിക്കുന്നതും ലഹരി പ്രതിരോധത്തിൽ ഫലപ്രദമാണ്.

ലഹരിക്കെതിരായ പോരാട്ടം നിയമത്തിന്റെയോ ആരോഗ്യരംഗത്തിന്റെയോ മാത്രം ഉത്തരവാദിത്വമല്ല. അത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണ്. പ്രത്യാശ നഷ്ടപ്പെടാതെ, ശാസ്ത്രീയ ചികിത്സ സ്വീകരിച്ച്, മനഃശാസ്ത്രപരമായ പിന്തുണയും സാമൂഹിക കരുതലും ഉറപ്പാക്കിയാൽ ലഹരിയിൽ നിന്ന് അതിജീവിച്ച് പുതിയൊരു ജീവിതം ആരംഭിക്കാൻ കഴിയും. അതിനാൽ, വിധിയെഴുതുന്ന സമൂഹമല്ല, കൈപിടിച്ചുയർത്തുന്ന സമൂഹമാണ് ലഹരിയില്ലാത്ത നാളെയെ സൃഷ്ടിക്കുക. ■

ഡോ. ജി. പ്രസാദ് കുമാർ
മാധ്യമപ്രവർത്തകൻ



കേരളത്തിൽ എല്ലായിടത്തും ലഹരിമാഫിയയുടെ കണ്ണികൾ ശക്തമാണെങ്കിലും ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്കിടയിൽ അവർക്ക് നേരിട്ട് ബന്ധമുണ്ട്. വിദ്യാഭ്യാസത്തിന്റെ കുറവും ബോധവത്കരണത്തിന്റെ കുറവുമെല്ലാമായി അതിന് പലകാരണങ്ങളുണ്ടാവാം



# ദൈവത്തിന്റെ നാടായി തുടരട്ടെ

കേരളത്തിലെ തടി വ്യവസായത്തിന്റെയും പ്ലൈവുഡ് നിർമ്മാണത്തിന്റെയും പ്രധാന കേന്ദ്രമാണ് എറണാകുളം ജില്ലയിലെ പെരുമ്പാവൂർ. അതുകൊണ്ടുതന്നെ 'ടിംബർ ടൗൺ' എന്നും 'പ്ലൈവുഡ് ക്യാപിറ്റൽ' എന്നും വിളിപ്പേരുണ്ട് ഈ പ്രദേശത്തിന്. ഏറ്റവുമധികം ഇതര സംസ്ഥാന തൊഴിലാളികളുള്ള പ്രദേശം എന്നതും ഈ നാടിന്റെ പ്രത്യേകതയാണ്. ഒരുകണക്കിന്, അതാണ് ഈ നാടിനെ ഇപ്പോൾ അടയാളപ്പെടുത്തുന്നതുപോലും. തൊഴിലിനായി മറ്റ സംസ്ഥാനങ്ങളിൽ നിന്ന് എത്തുകയും ഇവിടത്തുകാരായി മാറുകയും ചെയ്യുന്നവരും ഏറെ. കടകളുടെയും സ്ഥാപനങ്ങളുടെയും മാത്രമല്ല ബസിന്റെ ബോർഡുകളിൽ വരെ പല ഭാഷകൾ വന്നുചേർന്നു. പല ഭാഷകൾ പഠിക്കാൻ പ്രദേശവാസികളും കച്ചവടക്കാരും നിർബന്ധിതരായി. ഈ സാംസ്കാരിക കൈമാറ്റത്തിന്റെ ഗുണങ്ങളും ദോഷങ്ങളും ഒരുപോലെ അനുഭവിക്കുകയാണ് ആ നാട് എന്ന് പറയുന്നതിൽ തെറ്റില്ല.

## അട്ടപ്പാടി നൽകുന്ന പാഠം



കേരളത്തിൽ ഏറ്റവും നന്നായി നടക്കുന്ന ലഹരി മുക്ത കേന്ദ്രം പാലക്കാട് അട്ടപ്പാടിയിലാണ്. മദ്യനിരോധിത മേഖലയാണ് അട്ടപ്പാടിയെങ്കിലും അവിടത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ടും മറ്റും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു തന്നെ ലഹരിക്കടിമയായവർ ഏറെയുണ്ട് ഈ മേഖലയിൽ. ആറു വർഷത്തിനിടെ ആറായിരത്തോളം പേരാണ് ഇവിടെനിന്ന് ലഹരിമുക്തി നേടിയത്. അതിൽ പതിനഞ്ച് ശതമാനത്തോളം പേർ രാസലഹരിക്ക് അടിമകളായവരാണ്. അതിൽ ഭൂരിപക്ഷവും മുപ്പത് വയസ്സിൽ താഴെയുള്ളവരും.

**രവികുമാർ**
വിമുക്തിയുടെ ചുമതലയുള്ള എക്സൈസ് ഉദ്യോഗസ്ഥൻ

## താത്കാലിക പ്രതിഭാസമാകാതിരിക്കാൻ ജാഗ്രത വേണം



ഓപ്പറേഷൻ തൂഫാൻ തുടങ്ങിയതോടെ രാസലഹരി മാഫിയ ഒരു പൊടിക്ക് അടങ്ങിയിട്ടുണ്ട്. മുൻപും പോലീസും എക്സൈസുമൊക്കെ ലഹരി വേട്ട നടത്തിയിട്ടുണ്ട്. എന്നാൽ അതിന് ഇതു പോലൊരു ഏകോപനമില്ലായിരുന്നു. ഇത്തവണ കേരളം മൊത്തം ലഹരിവേട്ടയ്ക്കിറങ്ങിയപ്പോൾ വിതരണക്കാർ ഒന്ന് പതറിയിട്ടുണ്ട് എന്നതാണ് യാഥാർഥ്യം. അവരുടെ ശൃംഖല ചിതറിത്തെറിച്ചു. വിതരണക്കാർ കൂട്ടത്തോടെ അകത്തായപ്പോൾ വിൽപന കുറഞ്ഞു. എന്നാൽ ഇതൊരു താത്കാലിക പ്രതിഭാസമാണ്. ഒരു മാസം ഒത്തൊരുമിച്ചിറങ്ങിയപ്പോൾ ഒരുപാട് കേസുകൾ കിട്ടി എന്നത് ശരിയാണ്. പക്ഷേ, രാസലഹരിയുടെ ഉറവിടം കണ്ടെത്താനാവാതെ, അത് തകർക്കാതെ പദ്ധതി വിജയിക്കില്ല. വിദേശ രാജ്യങ്ങളിൽ നിന്നും ബംഗളൂരു, ഗോവ എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിലേക്ക് രാസലഹരി പ്രധാനമായും എത്തുന്നത്. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി അവിടങ്ങളിലേക്കൊന്നും അന്വേഷണം എത്തിയിട്ടില്ല, അല്ലെങ്കിൽ അത് വിജയിച്ചിട്ടില്ല. ആ ബന്ധം കണ്ടെത്തി മുറിച്ച് കളയണം. കുട്ടികളെയടക്കം രാസലഹരിയിലേക്ക് ആകർഷിക്കുന്നത് പാൻമസാല പോലെയുള്ള പുകയില ഉത്പന്നങ്ങൾ വഴിയാണ്. അതും ഇല്ലാതാക്കണം.

**ആർ.അനന്തകൃഷ്ണൻ**
മാധ്യമപ്രവർത്തകൻ, മാതൃഭൂമി ന്യൂസ്

## തുടർച്ച വേണം



ഇപ്പോഴത്തെ പ്രവർത്തനങ്ങൾ വെറും ആരംഭശൂരത്വമായി മാറരുത്. ആദ്യ മാസങ്ങളിലെ പരിശോധനകൾ വിജയമാണ്. അതുകൊണ്ട് ജാഗ്രതക്കുറവ് ഉണ്ടാകാൻ പാടില്ല. പരിശോധന തുടർന്നു കൊണ്ടേയിരിക്കണം. ലഹരി മാഫിയയുടെ അന്ത്യം കാണുന്നതുവരെ പോരാട്ടം തുടരണം. പെരുമ്പാവൂർ പോലെയുള്ള ബ്ലാക്ക് സ്പോട്ടുകൾ കൃത്യമായി കണ്ടെത്തുകയും അവിടങ്ങളിൽ നിരന്തര പരിശോധനയും തുടർ പ്രവർത്തനങ്ങളും നടത്തുകയും വേണം.

**സുജയ പാർവതി**
ബിഗ് ടി.വി.ചീഫ് എഡിറ്റർ
(തൂഫാൻ വാരിയർ)

## കഞ്ചിക്കോട് വ്യവസായ മേഖലയിലും നടപ്പാക്കണം



ഓപ്പറേഷൻ തൂഫാൻ, പെരുമ്പാവൂരിലെ പോലെ പ്രത്യേക പദ്ധതി കഞ്ചിക്കോട് വ്യവസായ മേഖലയിലും നടപ്പാക്കണം. ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ വലിയ തോതിൽ ലഹരി ഉപയോഗം ഉണ്ട്. അനധികൃത പെട്ടിക്കടകൾ പ്രത്യേകമായി നിരീക്ഷിക്കണം. പോലീസും എക്സൈസും ഒന്നിച്ചിറങ്ങിയാൽ കഞ്ചിക്കോട് വ്യവസായ മേഖലയെയും ലഹരി മുക്തമാക്കാം.

**ബി.രാധാകൃഷ്ണൻ നമ്പ്യാർ**
ജനറൽ സെക്രട്ടറി
സ്റ്റീൽ മാനുഫാക്ചേഴ്സ് അസോസിയേഷൻ, കഞ്ചിക്കോട്

## ശക്തമായ ബോധവത്കരണം വേണം



ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ പരസ്യമായിത്തന്നെ ലഹരി വില്പനയും ഉപയോഗവും നടക്കുന്നുണ്ട്. അത് നാട്ടുകാർക്ക് ശല്യവും സമൂഹത്തിന് അപകടവുമാണ്. ഇതുവരെ അത്തരക്കാർക്കെതിരെ പോലീസ് നടപടി കാര്യമായുണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ അതിന് മാറ്റം വന്നിട്ടുണ്ട്. പോലീസ് കുറേക്കൂടി ജാഗരൂകരാണ്. എന്നാൽ അത് മാത്രം പോര. ലഹരി അവർക്ക് അപകടമാണ് എന്ന ബോധം ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്കില്ല. അക്കാര്യത്തിൽ ശക്തമായ ബോധവൽക്കരണം വേണം.

**കെ.എം. മായിൻകുട്ടി**
ലഹരി വിരുദ്ധ പ്രവർത്തകൻ


## സഹപാഠികൾക്കിടയിൽ മോശക്കാരനാകുമെന്ന ചിന്ത



തിരിച്ചറിവില്ലാത്ത പ്രായത്തിൽതന്നെ ലഹരി ഉപയോഗിക്കുന്നവരാണ് കൂടിയ ലഹരി തേടിപ്പോകുന്നത്. ലഹരി ഉപയോഗം അവരുടെ ജീവിതത്തിലുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധമില്ലാത്തവരാണ് ചികിത്സയ്ക്കെത്തുന്നവരിൽ ഏറെയും. ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നവർക്ക് ലഹരി ഉപയോഗിച്ചില്ലെങ്കിൽ സഹപാഠികൾക്കിടയിൽ മോശക്കാരനാകുമെന്ന ചിന്തയുണ്ട്. ഒരിക്കൽ പെട്ടുപോയാൽ തിരിച്ചു കേറാനാവാത്തവിധം കുട്ടികളെ കുടുക്കുന്നതാണ് ലഹരി മാഫിയയുടെ ശൈലി. അവർ ഉയർത്തുന്ന ഭീഷണി നേരിടാൻ ഓപ്പറേഷൻ തൂഫാന് കഴിയണം. പോലീസ് നടപടി കർശനമായാൽ അതിന് അറുതിയാകുമെന്ന് കരുതുന്നു

**അനുപ്രിയ അനിൽകുമാർ** സൈക്കോളജിസ്റ്റ്, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി

## കേൾക്കാം ഈ വാക്കുകൾ



പ്രളയകാലത്താണ് അഗളിയിൽ വെച്ച് നരസിമുക്ക് സ്വദേശിയെ ഞാൻ കാണുന്നത്. ലഹരി അദ്ദേഹത്തിന്റെ മനസ്സിനെയും ശരീരത്തെയും വരിഞ്ഞു മുറുക്കിയതോടെ ജോലിക്ക് കൃത്യമായി പോകാതെയായി. കടം പെരുകി. കുടുംബബന്ധം തകരാറിലായി. അങ്ങനെ കോട്ടത്തറ ട്രൈബൽ ആശുപത്രിയിലെ ലഹരി മുക്ത കേന്ദ്രത്തിലെത്തി. മാസങ്ങൾ നീണ്ട ചികിത്സ അദ്ദേഹത്തെ ജീവിതത്തിലേക്കും തിരിച്ച് ജോലിയിലേക്കുമെത്തിച്ചു.

ഒരാൾ ലഹരിക്ക് അടിമയാകുന്നതിന് നിരവധി കാരണങ്ങളുണ്ടാകും. അതിൽ ഏറ്റവും പ്രധാനം, ലഹരി ഉപയോഗം സ്വന്തം

ശരീരത്തേയും കുടുംബത്തേയും നാടിനെയും നശിപ്പിക്കും എന്ന ബോധമില്ലായ്മയാണ്. ചികിത്സയ്ക്ക് ശേഷം ജീവിതത്തിലേക്ക് തിരിച്ചുവന്ന നരസിമുക്ക് സ്വദേശി പറഞ്ഞത് ലഹരി ഉപയോഗിക്കുന്നവർ കേൾക്കേണ്ടതാണ്- സ്വന്തം സുഖം മാത്രം നോക്കിയാണ് ലഹരി വലയിലേക്ക് വീണത്. പിന്നെ ഒന്നും ഓർമയില്ല, ലഹരി കിട്ടിയില്ലെങ്കിൽ ശരിക്കും ഭ്രാന്ത് പിടിക്കും. മുന്നിൽ നിൽക്കുന്നത് ആരെന്ന ബോധമില്ലായിരുന്നു. എന്തൊക്കെയോ ചെയ്തു. ലഹരിയാണ് തന്നെക്കൊണ്ട് അതൊക്കെ ചെയ്യിച്ചത്. ഇനി ആരും ആ വഴിക്ക് പോകരുതേ എന്നാണ് അഭ്യർഥനയെന്നും അയാൾ അന്ന് പറഞ്ഞു. അദ്ദേഹം ഇത് പലരോടും പറഞ്ഞു, തന്റെ കൂട്ടുകാരോടും പറഞ്ഞു. ആ വാക്കുകൾ ചെവിക്കൊള്ളാത്തവർ ഇപ്പോഴുമുണ്ട്. അവരാണ് ഇപ്പോഴും ലഹരി തേടി പോകുന്നത്.

**മണികണ്ഠൻ**
പ്രാദേശിക മാധ്യമപ്രവർത്തകൻ

## ഗൗരവപൂർവം നടപ്പാക്കണം



പതിനായിരത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന ഇടമാണ് കഞ്ചിക്കോട് വ്യവസായ മേഖല. സിവിൽ ഡിഫൻസ് പരിശീലനം ലഭിച്ചയാൾ എന്ന നിലയിൽ അവർക്കിടയിൽ ബോധവൽക്കരണം നടത്താറുണ്ട്. ലഹരി ഉപയോഗിക്കുന്നത് കൊണ്ടുള്ള ദോഷവശങ്ങൾ പറയും. പക്ഷേ, കുറച്ചു ദിവസം കഴിഞ്ഞാൽ പലരും വീണ്ടും ലഹരി ഉപയോഗിക്കാൻ തുടങ്ങും. പോലീസിൽ നിന്നോ എക്സൈസിൽ നിന്നോ ശക്തമായ നിരീക്ഷണവും നടപടിയും വന്നാൽ ലഹരി ഉപയോഗം ഫലപ്രദമായി തടയാനാകും. അതുകൊണ്ട് ഓപ്പറേഷൻ തൂഫാൻ കഞ്ചിക്കോട് മേഖലയിലും പ്രത്യേക താൽപര്യമെടുത്ത് ഗൗരവപൂർവം നടപ്പാക്കണം

**ജി.സജിത്**
തൊഴിലാളി, കഞ്ചിക്കോട് വ്യവസായ മേഖല

## ഓപ്പറേഷൻ തൂഫാൻ ആഴത്തിൽ ഇറങ്ങണം



തിരിച്ചറിവില്ലാത്ത പ്രായത്തിൽ തന്നെ കുട്ടികളിലേക്ക് ലഹരി എത്തുന്നുണ്ട്. മിഠായിയുടെ രൂപത്തിലാണ് ആറിലും ഏഴിലും പഠിക്കുന്ന കുട്ടികളിലേക്ക് ലഹരിയുടെ സ്വാധീനമെത്തുന്നത്. ഹയർ സെക്കൻഡറിയിലെത്തുമ്പോഴേക്കും അവർ ലഹരി ശൃംഖലയുടെ കണ്ണിയായിട്ടുണ്ടാകും.

ഓപ്പറേഷൻ തൂഫാൻ തുടങ്ങിയപ്പോൾ തന്നെ മാറ്റം കണ്ടു തുടങ്ങിയിട്ടുണ്ട്. ആഘോഷങ്ങളിലാണ് കുട്ടികളിലേക്ക് കൂടുതലായി ലഹരി എത്തിക്കുന്നത്. അധ്യാപകരും പി.ടി.എ. യും ശക്തമായി ഇറങ്ങിയതോടെ ലഹരി സംഘം ഒന്നടങ്ങിയിട്ടുണ്ട്. അച്ചടക്കത്തിന്റെ ഭാഗമായുള്ള പരിശോധനയ്ക്ക് നിരന്തരം ഇറങ്ങിയപ്പോഴാണ് കൂടുതൽ വിവരങ്ങൾ ലഭിച്ചത്. മഫ്തിയിൽ പോലീസ് വരുമ്പോൾ കണ്ണികളിലേക്ക് എത്താൻ കഴിയുന്നുണ്ട്. കുട്ടികളുടെ സാമ്പത്തിക പിന്നാക്കാവസ്ഥ ചൂഷണം ചെയ്തും ലഹരി സംഘം വില്പന നടത്തുന്നുണ്ട്.

ഓപ്പറേഷൻ തൂഫാൻ ശക്തമായി തന്നെ തുടരണമെന്നാണ് അഭിപ്രായം.

**ഷമീന പി.എ.** അധ്യാപിക
ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ
കൊണ്ടോട്ടി, മലപ്പുറം

## ആരോഗ്യമുള്ള ശരീരവും തെളിച്ചമുള്ള ബുദ്ധിയുമുള്ള തലമുറയ്ക്കായി



കുട്ടികളെയും നാടിനെയും ശ്വാസം മുട്ടിച്ചില്ലാതാക്കുന്നതാണ് ലഹരിയുടെ വിളയാട്ടം. ഈ ദൂഷിതധൂമവലയത്തെ മുഴുവൻ ഇല്ലാതാക്കുകയാണ് ഓപ്പറേഷൻ തൂഫാന്റെ ലക്ഷ്യം. ഭരണകൂടത്തിന്റെയും പൊതുസമൂഹത്തിന്റെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഒക്കെ അടിയന്തര ഉത്തരവാദിത്വമാണ് ഈ പദ്ധതിയെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോവുക എന്നത്. ആരോഗ്യമുള്ള ശരീരവും തെളിച്ചമുള്ള ബുദ്ധിയുമുള്ള തലമുറയ്ക്കായി അന്തരീക്ഷത്തെ ശുദ്ധമാക്കേണ്ടതിന് ഓപ്പറേഷൻ തൂഫാൻ അനിവാര്യമാണ്.

**ടി.കെ.സുധീർ ദാസ്** അധ്യാപകൻ
ഗവഃ ഹയർ സെക്കൻഡറി സ്കൂൾ, തത്തമംഗലം പാലക്കാട്

## ഞങ്ങൾ ആവേശപൂർവം ഏറ്റെടുക്കുന്നു



ലഹരി നമ്മുടെ കലാലയങ്ങളെ 'കലാപാലയങ്ങ'ളാക്കി മാറ്റിയ, കൊച്ചുകുട്ടികളുടെ പുസ്തക സഞ്ചികൾ പോലും ലഹരിയുടെ പ്രചാരണത്തിനായി ഉപയോഗിക്കപ്പെടുന്ന ഇക്കാലത്ത് നാടെങ്ങും തൂഫാൻ അക്ഷരാർഥത്തിൽ കൊടുങ്കാറ്റായി ആഞ്ഞടിക്കുകയാണ്. ഈ മഹാവിപത്തിനെതിരെ വിദ്യാർഥികളെയും പൊതുസമൂഹത്തെയാകെയും ബോധവൽക്കരിച്ച് ലഹരിയുടെ ചങ്ങലകൾ തകർക്കുന്ന ഈ പ്രയത്നം വിദ്യാലയങ്ങളിലും ഗ്രാമാന്തരങ്ങളിൽ മാറ്റൊലി തീർക്കുന്നു. നല്ലൊരു നാളെ പുലരും വരെ നമുക്കും മുന്നിട്ടിറങ്ങാം. പൊതുസമൂഹവും വിദ്യാലയങ്ങളും കുടുംബങ്ങളും കൈകോർക്കുന്ന ഒരു ജനകീയ പ്രതിരോധത്തിലൂടെ നമ്മുടെ വീടുകളിൽ സമാധാനവും തെരുവുകളിൽ ഭയരഹിതമായ അന്തരീക്ഷവും ഉറപ്പാക്കാം. അങ്ങനെ ലഹരിയുടെ വേരറുക്കാം. സുരക്ഷിത കേരളം കെട്ടിപ്പടുക്കാനുള്ള ഈ പദ്ധതി ഞങ്ങൾ ആവേശപൂർവം ഏറ്റെടുക്കുന്നു.

**ആൻ തരീന ഡിസ്നി** പ്ലസ് ടു വിദ്യാർഥിനി
ബി വി എം എച്ച് എസ് എസ്, കൽപറമ്പ്, തൃശൂർ

## ശക്തമായി നടപ്പാക്കാൻ സഹായകമാകുന്നുണ്ട്

കഞ്ചിക്കോട്ടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തന്നെ ഓപ്പറേഷൻ തൂഫാൻ നടപ്പാക്കാനാരംഭിച്ചിട്ടുണ്ട്. കഞ്ചിക്കോട് വ്യവസായ മേഖലയിലേക്ക് ലഹരി എത്തുന്നത് തടയാൻ കഴിയുന്നുണ്ട്. റെയിൽവേ സ്റ്റേഷനിലും വാളയാർ അടക്കമുള്ള അതിർത്തികളിലും വെച്ച് ലഹരി സംഘത്തിന്റെ കണ്ണിയറുക്കുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. ഇതര സംസ്ഥാനത്തൊഴിലാളികൾക്കിടയിൽ നിന്ന് തന്നെ വിവരങ്ങൾ നല്കാനായി ആളുകളെ കണ്ടെത്തിയിട്ടുണ്ട്. അവരിൽ നിന്നുള്ള വിവരങ്ങളും ഓപ്പറേഷൻ തൂഫാൻ ശക്തമായി നടപ്പാക്കാൻ സഹായകമാകുന്നുണ്ട്.

**എച്ച്. ഹർഷാദ്**
സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ്, കസബ
പാലക്കാട് ജില്ലാ ഡാൻസാഫ് സംഘാംഗം

## ആവശ്യമാണ്, നല്ല കാര്യമാണ്

10 കൊല്ലം മുൻപാണ് പെരുമ്പാവൂരിലേക്ക് എത്തുന്നത്. മലയാളം പഠിച്ചു. മലയാളിയായി മാറാൻ ശ്രമിക്കുകയാണ്. പക്ഷേ ഞങ്ങളുടെ നാട്ടിൽ നിന്ന് വന്ന കുറച്ചു പേരുടെ പ്രവൃത്തി മൂലം പലരും ഞങ്ങളെ സ്വീകരിക്കാൻ വൈമനസ്യം കാണിക്കുന്നുണ്ട്. ഞാൻ ലഹരിക്കെതിരാണ്. ഓപ്പറേഷൻ തൂഫാൻ നല്ലതാണ്.

**ജമാൽ ബാദുഷ**
അസം നഗൗ സ്വദേശി



കഴിഞ്ഞ ദിവസം പെരുമ്പാവൂരിൽ ലഹരിക്കടിമയായി മാനസികനില തെറ്റി അലഞ്ഞുതിരിയുന്ന നിലയിൽ കണ്ടെത്തിയ ഇതര സംസ്ഥാനത്തൊഴിലാളിയായ സ്ത്രീയെ നാട്ടുകാർ പിടികൂടി ആശുപത്രിയിലാക്കിയ സംഭവമുണ്ടായി. ലഹരിയുടെ കെട്ട് അയഞ്ഞപ്പോൾ അവർ ആരും കാണാതെ ഇറങ്ങിപ്പോവുകയാണുണ്ടായത്. എപ്പോഴെങ്കിലും ഇതുപോലെ ലഹരിക്കടിമയായി അവരെ വീണ്ടും തെരുവിൽ കാണേണ്ടി വരുമെന്ന തന്നെ അവിടത്തെ ജനങ്ങൾ ഭയക്കുന്നു.

കേരളത്തിൽ എല്ലായിടത്തും ലഹരിമാഫിയയുടെ കണ്ണികൾ ശക്തമാണെങ്കിലും ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്കിടയിൽ അവർക്ക് നേരിട്ട് ബന്ധമുണ്ട്. വിദ്യാഭ്യാസത്തിന്റെ കുറവും ബോധവൽക്കരണത്തിന്റെ കുറവുമെല്ലാമായി അതിന് പലകാരണങ്ങളുണ്ടാവാം. അതുകൊണ്ടാണ് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പ്രത്യേക താൽപര്യമെടുത്ത് എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽത്തന്നെ വന്ന് ഓപ്പറേഷൻ തൂഫാൻ പദ്ധതിക്ക് തുടക്കം കുറിച്ചത്. കാരണം കേരളത്തിൽ ഏറ്റവുമധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലമാണ് പെരുമ്പാവൂർ. ഇവർക്കിടയിൽ പരസ്യമായി തന്നെ ലഹരി ഉപയോഗവും വിൽപനയും നടക്കുന്നുണ്ട്. അത് നാട്ടുകാർക്ക് ശല്യവും സമൂഹത്തിന് അപകടവുമാണ്.

## ശക്തമായ നടപടി

ലഹരി വേട്ട മുൻപും നടന്നിരുന്നുവെങ്കിലും പോലീസ് നടപടി കാര്യക്ഷമമായിരുന്നില്ല എന്ന് ഇവിടത്തുകാർക്ക് അഭിപ്രായമുണ്ട്. നിലവിൽ അതിന് മാറ്റം വന്നിട്ടുണ്ട്. തൂഫാൻ വന്നതോടെ പോലീസ് കുറേക്കൂടി ജാഗരൂകരാണ്, നാട്ടുകാരും. അതുകൊണ്ടുതന്നെ പെരുമ്പാവൂരിൽ ലഹരി വിൽപന കുറഞ്ഞതായിട്ടാണ് പൊതുവെയുള്ള അനുഭവം. ഇപ്പോൾ ലഹരി ഇടപാടുകാർ ഒന്ന് പതുങ്ങി നിൽക്കുന്നത് കൊണ്ടാണത് എന്നാണ് നാട്ടുകാരുടെ വിലയിരുത്തൽ.

പോലീസും എക്സൈസും നാട്ടുകാരും കൂട്ടത്തോടെ ലഹരിവിരുദ്ധ പോരാട്ടത്തിനിറങ്ങിയതു കൊണ്ടുള്ള ഇപ്പോഴത്തെ ഒതുങ്ങൽ പോലീസ് സംവിധാനം ഒന്നയഞ്ഞാൽ ഇല്ലാതാകുമെന്നും അവർക്കറിയാം. ഈ രീതിയ്ക്ക് മാറ്റം വരണം എന്നതിൽ പെരുമ്പാവൂരിലെ ലഹരിവിരുദ്ധ പോരാട്ടം നയിക്കുന്നവർ ഒറ്റക്കെട്ടാണ്.

ലഹരി കേസുകളിലെ നടപടി അത് കണ്ടെത്തിയവരിൽ മാത്രം ഒതുങ്ങാതെ, അവർക്ക് ഒത്താശ ചെയ്യുന്നവരെയും കൂടി ഉൾപ്പെടുത്തിയാലേ ലഹരി മാഫിയയുടെ കണ്ണി അറുത്തുകളയാൻ സാധിക്കൂ എന്നും ഓപ്പറേഷൻ തൂഫാന് ആ തലത്തിലേയ്ക്ക് ഉയരാൻ കഴിയണമെന്നും അവർ പറയുന്നു.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നിലവിൽ ശക്തമായി ഈ പ്രദേശത്തുനടക്കുന്നുണ്ട്. തുടർച്ചയായ പരിശോധനകൾ, ബോധവൽക്കരണം, ആരോഗ്യ പരിശോധനകൾ എന്നിവയെല്ലാം നടക്കുന്നുണ്ട്. തങ്ങളുടെ നാടിനെ ഗ്രസിച്ച അപകടത്തെ തുടച്ചു നീക്കാൻ എല്ലാ വിഭാഗം ജനങ്ങളും ഒറ്റക്കെട്ടാണ്. വിദ്യാർഥികളും അധ്യാപകരും ആരോഗ്യപ്രവർത്തകരും സന്നദ്ധസേവകരും വിവിധ സർക്കാർ സംവിധാനങ്ങളുമെല്ലാം കൈകോർത്തു പിടിച്ച് പോരാട്ടത്തിലാണ്.

## വേണം കനത്ത ജാഗ്രത


ലഹരി മാഫിയയെ നമ്മുടെ നാട്ടിൽ നിന്ന് തന്നെ തുടച്ചുനീക്കണം. അതത്ര എളുപ്പമല്ല. എന്നാൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞതുപോലെ ജനങ്ങളെ മുന്നിൽ നിർത്തിയുള്ള പോരാട്ടം തുടരാൻ കഴിഞ്ഞാൽ നമുക്ക് ലക്ഷ്യത്തിലേക്കെത്താനാവും. എന്നാൽ മാത്രമേ നമ്മുടെ അടുത്ത തലമുറയ്ക്ക് ഇവിടെ സമാധാനപരമായ ജീവിതം നയിക്കാനാവൂ. പെരുമ്പാവൂരിലെ ലഹരിവിരുദ്ധ പോരാളികൾ ഒറ്റക്കെട്ടായി പറയുന്ന ഒരു കാര്യം.

ചെറിയ അളവിലാണെങ്കിൽപോലും ലഹരി പിടികൂടിയാൽ കടുത്ത ശിക്ഷ ഉറപ്പാക്കണം. താക്കീത് നൽകി പറഞ്ഞു വിടുമ്പോൾ, പിടിക്കപ്പെട്ടാലും ഇത്രയേ ഉള്ളൂ എന്നൊരു തോന്നൽ ലഹരി വിതരണക്കാർക്കുണ്ടാകുന്നുണ്ട്. അതുകൊണ്ടാണ് ഒരാളെ തന്നെ പലപ്പോഴായി ലഹരി വസ്തുക്കളുമായി പിടികൂടുന്ന സാഹചര്യം ഉണ്ടാകുന്നത്. ലഹരി ഉപയോഗിക്കുന്നവരെയും അത് വിതരണം ചെയ്യുന്നവരെയും മാത്രമാണ് ഇപ്പോൾ പിടികൂടുന്നതും ശിക്ഷിക്കുന്നതും. ഉറവിടം കണ്ടെത്തുകയും അത് നശിപ്പിക്കുകയും അവർക്കുകൂടി ശിക്ഷ വാങ്ങിക്കൊടുക്കുകയും വേണം എന്ന നിർബന്ധബുദ്ധി ഓരോ ഉദ്യോഗസ്ഥനും വേണം. അങ്ങനെ ഓപ്പറേഷൻ തൂഫാൻ ഒരു നിരന്തര പരിശോധനയും നടപടിയും ചേർന്ന പ്രവർത്തനമായി തുടരണം. ആരെങ്കിലും ഒന്ന് അയഞ്ഞാൽ അതുവഴി സാമൂഹ്യദ്രോഹികൾ നാട്ടിൽ വീണ്ടും ലഹരിയെത്തിക്കും. അതുണ്ടാകാതിരിക്കാൻ പോലീസിനും എക്സൈസിനും ജനപ്രതിനിധികൾക്കുമൊപ്പം നാം ഓരോരുത്തരും അണിനിരക്കേണ്ടതുണ്ട്. കേരളം ദൈവത്തിന്റെ നാടാണ്, അതങ്ങനെയായി തന്നെ തുടരാനുള്ള ജാഗ്രത നമുക്കെല്ലാം വേണ്ടതുണ്ട്. ■

**ഓപ്പറേഷൻ തൂഫാൻ ഒരു മാസത്തിനുള്ളിൽ തന്നെ പോലീസ് മാത്രം പിടികൂടിയത് 30 കോടി വിലവരുന്ന മയക്കുമരുന്നുകളാണ്. 8258 കേസുകൾ രജിസ്റ്റർ ചെയ്തു 8883 പേർ അറസ്റ്റിലായി.**

**വീണ്ടും ഒരു ഓണക്കാലം കൂടി...** കർക്കിടകക്കറുപ്പിനിപ്പുറം ഓണനിറവിന്റെ പൊൻ ചിങ്ങം പുലരാറായി. ഭേദമേതുമില്ലാത്ത സമൃദ്ധകേരളസങ്കൽപത്തിന് കൂടുതൽ നിറം പകരാൻ സമസ്തമേഖലകളിലും ആശ്വാസ പ്രഖ്യാപനങ്ങളുമായി സർക്കാരും ഒരുങ്ങിക്കഴിഞ്ഞു. സമകാലിക ജനപഥം വായനക്കാർക്ക് ഓണാശംസകൾ...


വര: **രശ്മി ആർ എസ്** ഐ പി ആർ ഡി




ഹോർട്ടികോർപ്പ്
The Vegetable People
ഓണസദ്യ
കുടുംബശ്രീ
രശ്മി

**വിപണിയുടെ സജീവതയാണ് നാടിന്റെ സാമ്പത്തിക ഭദ്രതയുടെ അടിത്തറ എന്ന അടിസ്ഥാനതത്വത്തിലൂന്നി സാധ്യമായ എല്ലാ മേഖലകളിലും സർക്കാർ ഇടപെടലുകൾ നടക്കുന്നു. ഈ ഓണക്കാലം പുത്തനുണർവിലേക്ക് നാടിനെ നയിക്കുമെന്ന് ഉറപ്പാക്കുന്ന നടപടികൾ. അവ ജനങ്ങളെ ചേർത്തുപിടിക്കുന്നതുകൂടിയാകുമ്പോൾ ഇരട്ടിമധുരം**

# ഓണനിറവിന് ജനങ്ങൾക്കൊപ്പം



ഫോട്ടോ: കെ.ബി.ജയചന്ദ്രൻ

സമൃദ്ധിയുടെ ഓണമൊരുക്കാൻ പൊതുജനങ്ങൾക്കൊപ്പം കൈകോർക്കുകയാണ് സർക്കാരും. വിലക്കയറ്റം പിടിച്ചുനിർത്താനായി സപ്ലൈകോയും കുടുംബശ്രീയും കൃഷിവകുപ്പും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വഴി വിപണിയിൽ സജീവമായി ഇടപെടുകയാണ് സർക്കാർ. ഓണച്ചന്തകളും, ഫെയറുകളും ഒക്കെയായി വിപണി സജീവമായിക്കഴിഞ്ഞു. ഓണം വാരാഘോഷ പരിപാടികളും അണിയറയിൽ ഒരുങ്ങിക്കഴിഞ്ഞു. ഒപ്പം ക്ഷേമപെൻഷനുകളും മറ്റ് പ്രഖ്യാപനങ്ങളുമായി എല്ലാവരിലേക്കും ആനുകൂല്യങ്ങളെത്തിക്കാനുള്ള പ്രവർത്തനങ്ങളും നടക്കുന്നു. വിപണിയുടെ സജീവതയാണ് നാടിന്റെ സാമ്പത്തിക ഭദ്രതയുടെ അടിത്തറ എന്ന അടിസ്ഥാന തത്വത്തിലൂന്നി സാധ്യമായ എല്ലാ മേഖലകളിലും സർക്കാർ ഇടപെടലുകൾ നടക്കുന്നു. ഈ ഓണക്കാലം പുത്തനുണർവിലേക്ക് നാടിനെ നയിക്കുമെന്ന് ഉറപ്പാക്കുന്ന നടപടികൾ. അവ ജനങ്ങളെ ചേർത്തുപിടിക്കുന്നതുകൂടിയാകുമ്പോൾ ഇരട്ടിമധുരം.

## കൃഷി വകുപ്പ് ഓണച്ചന്തകൾ

ഓണക്കാലത്ത് കേരളത്തിലെ ഓരോ കുടുംബത്തിനും ഗുണമേന്മയുള്ള, സുരക്ഷിതമായ പച്ചക്കറികൾ ലഭ്യമാക്കുകയും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 2026 ഓഗസ്റ്റ് 25 മുതൽ 28 വരെ സംസ്ഥാനത്തുടനീളം കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ 2,000 ഓണ പച്ചക്കറിച്ചന്തകൾ സംഘടിപ്പിക്കുന്നുണ്ട്. ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന വിലയിൽ മികച്ച കാർഷിക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം കർഷകരെയും ഉപഭോക്താക്കളെയും നേരിട്ട് ബന്ധിപ്പിക്കുന്ന വിപണന ശൃംഖല ശക്തിപ്പെടുത്താനും ഈ ഓണച്ചന്തകൾ വഴിയൊരുക്കും. ഇതിനായി സർക്കാർ നടപ്പാക്കുന്ന 'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം' പദ്ധതിക്ക് മികച്ച പ്രതികരണമാണ് സംസ്ഥാനമൊട്ടാകെ ലഭിച്ചത്. സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയും ഇതിൽ പങ്കുചേരുന്നു.

## സപ്ലൈകോ ഓണം ഫെയറുകൾ

ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിച്ച് ജനങ്ങൾക്ക് അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി സപ്ലൈകോയുടെ ഓണം ട്രേഡ് ഫെയറുകൾ ആഗസ്റ്റ് 8 മുതൽ ആരംഭിക്കുകയാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഓണം മെഗാ ട്രേഡ് ഫെയറുകൾ നടക്കും. മറ്റ് 11 ജില്ലകളിൽ ആഗസ്റ്റ് 16 മുതൽ 25 വരെ ജില്ലാ ഫെയറുകൾ നടക്കും. 126 നിയമസഭാ മണ്ഡലങ്ങളിൽ ഓണം മാർക്കറ്റുകൾ, ഓണത്തിന് മുന്നോടിയായുള്ള ആറ് ദിവസങ്ങളിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഫെയറുകൾ എന്നിവയുമുണ്ടാകും. ന്യായവിലയിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി ഫെയറുകളിൽ ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളും സജ്ജമാണ്.

## ശക്തമായ പൊതുവിതരണം

ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിച്ച് ജനങ്ങൾക്ക് അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് വിപുലമായ ഒരുക്കങ്ങൾ ആരംഭിച്ചു. ഓണക്കാലത്ത് വിവിധ പദ്ധതികളിലൂടെ 1,29,078.302 മെട്രിക് ടൺ അരിയും 24,506.291 മെട്രിക് ടൺ ഗോതമ്പും വിപണിയിൽ എത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.



**സപ്ലൈകോ ഓണം ഫെയർ സംസ്ഥാനതല ഉദ്ഘാടനചടങ്ങിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ കിറ്റുകൾ വിതരണം ചെയ്യുന്നു**

എഎവൈ (മഞ്ഞ) റേഷൻ കാർഡുടമകൾക്കുള്ള 16 ഇനം ഉൽപ്പന്നങ്ങൾ അടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം ആഗസ്റ്റ് ആദ്യവാരം ആരംഭിക്കും. ആഗസ്റ്റ് 25 നകം വിതരണം പൂർത്തിയാക്കും. എഎവൈ കാർഡ് ഉടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമായി സൗജന്യ ഓണക്കിറ്റ് വിതരണത്തിനായി 53 കോടി രൂപ സർക്കാർ അനുവദിച്ചു. സെപ്റ്റംബർ മാസത്തെ സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യമുള്ളവർക്ക് ആഗസ്റ്റിൽ തന്നെ മുൻകൂറായി വാങ്ങുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി. നീല റേഷൻ കാർഡുടമകൾക്ക് സാധാരണ വിഹിതത്തിന് പുറമെ മൂന്ന് കിലോ അരിയും രണ്ട് കിലോ ഗോതമ്പും ലഭിക്കും. എൻപിഎസ്, എൻപിഎൻഎസ് ഉൾപ്പെടെയുള്ള എല്ലാ വിഭാഗം കാർഡുടമകൾക്കും ഗോതമ്പും ലഭ്യമാണ്.

വിപണിയിലെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകളും സജ്ജമായി.

## കൈത്തറി റിബേറ്റും എക്സിബിഷനും

ഓണത്തോടനുബന്ധിച്ച് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളും ഹാന്റെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളും കൈത്തറി ഉൽപ്പന്നങ്ങൾ 20 ശതമാനം സർക്കാർ റിബേറ്റിൽ വിൽപ്പന നടത്തുന്നു. തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന സംസ്ഥാന എക്സിബിഷൻ സ്റ്റാളുകൾ, കൈത്തറി സംഘങ്ങളുടെ ഔട്ട്ലെറ്റുകൾ, ഹാന്റെക്സ്, ഹാൻവീവ് ഷോറൂമുകൾ എന്നിവ വഴി ആനുകൂല്യം ലഭ്യമാണ്.

ഓണക്കാലത്ത് കേരളത്തിലുടനീളം കൈത്തറി വസ്ത്ര പ്രദർശനവും വിൽപനമേളകളും സംഘടിപ്പിക്കുന്നുണ്ട്. 2026 ഓഗസ്റ്റ് 04 മുതൽ 25 വരെയാണ് ഈ വർഷത്തെ കൈത്തറി വസ്ത്ര പ്രദർശന മേള. കൈത്തറിയുടെ പ്രധാന ഉദ്പാദന ജില്ലകളായ തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ ഓഗസ്റ്റ് 10 മുതൽ 25 വരെ കൈത്തറി കരകൗശല സംഘങ്ങളെ ഉൾപ്പെടുത്തി എക്സിബിഷൻ സംഘടിപ്പിക്കും. മേളയിൽ കേരളത്തിന് പുറത്ത് നിന്നുള്ള സംസ്ഥാനങ്ങളിലെ കൈത്തറി കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഉണ്ടാകും. കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് പരമ്പരാഗത നെയ്ത്തുകാർക്ക് മികച്ച വരുമാനവും മേളകളിലൂടെ ഉറപ്പാക്കുന്നു.



**ഓണം ഖാദി മേള ഉദ്ഘാടത്തിനുശേഷം മന്ത്രി കെ.മുരളീധരൻ സ്റ്റാളുകൾ സന്ദർശിക്കുന്നു**

## നിറസാന്നിധ്യമാകാൻ കുടുംബശ്രീയും

ആഗസ്റ്റ് 20 മുതൽ 25 വരെ വിപണന മേളകൾ സംഘടിപ്പിക്കാനാണ് കുടുംബശ്രീ ഒരുങ്ങുന്നത്. സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴ ജില്ലയിലാകും. പതിമൂന്ന് ജില്ലകളിൽ ജില്ലാതല വിപണന മേളകളിലും രണ്ടായിരത്തിലധികം പ്രാദേശിക വിപണന മേളകളും സംഘടിപ്പിക്കും. സംസ്ഥാനത്തെ ഓരോ സി.ഡി.എസിലും രണ്ട് വീതം വിപണന മേളകൾ നടത്തും. ഈ വിപണന മേളകളിലായി 50000 വനിതാ സംരംഭകർ അവരുടെ ഉൽപന്നങ്ങളുമായി വിപണിയിലെത്തും.

കുടുംബശ്രീ പോക്കറ്റ്മാർട്ട് ഇ-കൊമേഴ്സ് ആപ്ലിക്കേഷൻ വഴിയും ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നുണ്ട്. കുടുംബശ്രീ സി.ഡി.എസുകൾ വഴി ഓണക്കിറ്റ് വിതരണവും നടക്കും.

കൃഷിയിടങ്ങളിൽ നിന്ന് ഓണസദ്യ വരെയും കുടുംബശ്രീയുടെ കൈയ്യൊപ്പുണ്ടാകും. 'ഓണക്കനി' പദ്ധതിയുടെ ഭാഗമായി 12000 ഏക്കറിൽ പച്ചക്കറി കൃഷിയും 'നിറപ്പൊലിമ' പദ്ധതിയുടെ ഭാഗമായി 2000 ഏക്കറിൽ പൂക്കൃഷിയും നടത്തി.

കാന്റീൻ, കാറ്ററിങ് മേഖലയിൽ പ്രവർത്തിക്കുന്ന വനിതാ സംരംഭകർ വിവിധ സ്ഥാപനങ്ങളിൽ നിന്നും കുടുംബങ്ങളിൽ നിന്നുമുള്ള ഓർഡറുകൾ സ്വീകരിച്ച് രുചികരമായ ഓണസദ്യയും പായസമേളകളും ഒരുക്കുകയാണ്.

ഹരിത ചട്ടം പാലിച്ചാണ് കുടുംബശ്രീയുടെ ഹരിത വിപണികൾ. എല്ലാ ഓണം വിപണന മേളകളിലും ഹരിത ചട്ടം പാലിക്കും.

## ഭാഗ്യക്കുറിയിലും രജിസ്ട്രേഷനിലും ക്ഷേമകാലം

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും പെൻഷൻകാർക്കും ഓണം ഉത്സവബത്ത 1000 രൂപ വർധിപ്പിച്ചു. തൊഴിലാളികൾക്ക് 8,500 രൂപയും പെൻഷൻകാർക്ക് 3750 രൂപയുമാണ് ലഭിക്കുക. ഇതിനായി 26,47,11,250 രൂപ അനുവദിച്ചു. ഏജന്റുമാർക്കും പെൻഷൻകാർക്കും ഒരുപോലെ തുക വർധിപ്പിക്കുന്നത് ആദ്യമായാണ്. ലോട്ടറി ക്ഷേമനിധി ബോർഡിലെ 26980 സജീവ അംഗങ്ങൾക്കും 9345 പെൻഷൻകാർക്കും ഈ ആനുകൂല്യം ലഭിക്കും.

സംസ്ഥാനത്തെ ആധാരം എഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി അംഗങ്ങൾക്കുള്ള ഓണക്കാല ഉത്സവബത്ത 6000 രൂപയാക്കി വർധിപ്പിച്ചു. ആറായിരത്തോളം വരുന്ന ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് ഉത്സവബത്തയുടെ ആനുകൂല്യം ലഭിക്കും. ■

സീറാം സാംബശിവ റാവു



**ലഹരിക്കെതിരായ പോരാട്ടത്തിന്റെ യഥാർഥ വിജയമെന്നത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നതു മാത്രമല്ല; എത്ര കുട്ടികളെ ലഹരിയിൽ നിന്ന് സംരക്ഷിക്കാൻ കഴിഞ്ഞു, കുടുംബങ്ങളെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ കഴിഞ്ഞു, എത്ര യുവാക്കളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞു എന്നതുകൂടിയാണ്.**

# പണിതുയർത്താം പ്രതിരോധമതിൽ



ലഹരി ഉപയോഗവും മയക്കമരുന്ന് വ്യാപനവും ഇന്ന് കേരളം ഉൾപ്പെടെ ലോകം നേരിടുന്ന ഏറ്റവും വലിയ പൊതുജനാരോഗ്യ - സാമൂഹിക വെല്ലുവിളികളിലൊന്നാണ്. ഇത് നിയമവിരുദ്ധ വ്യാപാരത്തിന്റെ മാത്രം വിഷയമല്ല; കുടുംബങ്ങളുടെ തകർച്ചയ്ക്കും വിദ്യാർഥികളുടെ പഠനനഷ്ടത്തിനും മാനസികാരോഗ്യ പ്രശ്നങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും സാമൂഹിക അസ്വസ്ഥതയ്ക്കും കാരണമാകുന്ന ബഹുമുഖ പ്രശ്നമാണ്. അതുകൊണ്ടുതന്നെ ലഹരിക്കെതിരായ പോരാട്ടം നിയമപാലന ഏജൻസികളുടെ മാത്രം ഉത്തരവാദിത്വമായി കാണാനാവില്ല. അത് കുടുംബവും വിദ്യാലയവും സമൂഹവും സർക്കാരും ഒരുമിച്ച് ഏറ്റെടുക്കേണ്ട ഒരു കൂട്ടായ ഉത്തരവാദിത്വമാണ്.

നിയമനടപടികൾക്കൊപ്പം ഈ യാഥാർഥ്യം ഉൾക്കൊണ്ടാണ് കേരള എക്സൈസ് വകുപ്പ് 'മയങ്ങില്ല കേരളം' എന്ന സമഗ്ര ജനകീയ പ്രസ്ഥാനം മുന്നോട്ടുവയ്ക്കുന്നത്. ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ എക്സൈസ് വകുപ്പ് നടത്തി വരുന്ന ശക്തമായ ബോധവൽക്കരണം, സമൂഹ പങ്കാളിത്തം, നേരത്തെയുള്ള തിരിച്ചറിവ്, കൗൺസലിങ്, ചികിത്സ, പുനരധിവാസം എന്നിവയെ ഏകോപിപ്പിക്കുന്ന പ്രതിരോധ മാതൃകയാണ് 'മയങ്ങില്ല കേരളം' പദ്ധതി. ലഹരി ഉപയോഗിച്ച വ്യക്തിയെ ശിക്ഷിക്കുക എന്നതിലുപരി, ലഹരിയിലേക്ക് ഒരാൾ എത്താതിരിക്കാനുള്ള സാമൂഹിക സുരക്ഷാവലയം സൃഷ്ടിക്കുകയെന്നതാണ് ഇതിന്റെ അടിസ്ഥാന ദർശനം.

## ജാഗ്രത പല തലത്തിൽ

ലഹരി വ്യാപനത്തിന്റെ രീതികൾ മാറിക്കൊണ്ടിരിക്കുകയാണ്. സ്കൂൾ-കോളേജ് പരിസരങ്ങൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, സോഷ്യൽ മീഡിയ, മെസേജിങ് ആപ്പുകൾ, സ്വകാര്യ പാർട്ടികൾ, ഇ-സിഗരറ്റുകളും വാപ്പിങ് ഉപകരണങ്ങളും, കൊറിയർ സംവിധാനങ്ങളുടെ ദുരുപയോഗം തുടങ്ങിയ പുതിയ വഴികളിലൂടെ യുവാക്കളെ ലക്ഷ്യമിടാനുള്ള ശ്രമങ്ങൾ വർധിച്ചുവരുന്നു. അതിനാൽ പരമ്പരാഗത പരിശോധനകളും റെയ്ഡുകളും മാത്രം മതിയാകില്ല; സമൂഹം മുഴുവൻ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുണ്ട്.

വിദ്യാലയങ്ങളാണ് ഈ പ്രതിരോധത്തിന്റെ ഏറ്റവും പ്രധാന കേന്ദ്രം. ഒരു വിദ്യാർഥിയുടെ പെരുമാറ്റത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ആദ്യം തിരിച്ചറിയാൻ കഴിയുന്നത് അധ്യാപകർക്കാണ്. പഠനത്തിൽ പെട്ടെന്നുള്ള താൽപര്യക്കുറവ്, സ്ഥിരമായ ഹാജർ കുറയുക, ഒറ്റപ്പെടൽ, സുഹൃദ് വലയത്തിലെ അസാധാരണ മാറ്റങ്ങൾ, അമിതമായ ദേഷ്യം, ഉറക്കക്ഷീണം തുടങ്ങിയ ലക്ഷണങ്ങൾ ചിലപ്പോൾ സഹായം ആവശ്യപ്പെടുന്ന നിശ്ശബ്ദ സന്ദേശങ്ങളാകാം. ഇത്തരം സാഹചര്യങ്ങളിൽ ശിക്ഷയോ അപമാനമോ അല്ല, കരുതലോടെയുള്ള സംഭാഷണവും ആവശ്യമായാൽ കൗൺസിലിങിലേക്കുള്ള റഫറലുമാണ്

## സ്കൂൾ പരിസരത്ത് കണ്ടാൽ ശ്രദ്ധിക്കൂ

- അപരിചിതർ വിദ്യാർഥികളുമായി സ്ഥിരമായി ബന്ധപ്പെടുന്നത്
- രഹസ്യമായി പാക്കറ്റുകൾ കൈമാറുന്നത്
- സ്കൂൾ പരിസരത്തെ അസാധാരണ കൂട്ടംചേരൽ
- വിദ്യാർഥികളെ വാഹനങ്ങളിൽ വിളിച്ചുകൊണ്ടുപോകാൻ ശ്രമിക്കുന്നത്
- കടകളിൽ സംശയകരമായ വസ്തുക്കൾ കുട്ടികൾക്ക് നൽകുന്നത്.

ഫലപ്രദമായ ഇടപെടൽ. ഓരോ വിദ്യാലയവും പഠനകേന്ദ്രം മാത്രമല്ല, സുരക്ഷിത ജീവിതശൈലി വളർത്തുന്ന സാമൂഹിക ഇടമായും മാറണം. രക്ഷിതാക്കൾ ഈ സുരക്ഷാവലയത്തിന്റെ കേന്ദ്രബിന്ദുവാണ്. കുട്ടികളുമായി ദിവസവും തുറന്ന മനസ്സോടെ സംസാരിക്കുന്ന കുടുംബങ്ങളിൽ പ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയാൻ സാധിക്കുമെന്നത് വിവിധ പഠനങ്ങൾ സൂചിപ്പിക്കുന്നു. കുട്ടിയുടെ സുഹൃദ് വലയം,

ഓൺലൈൻ ഇടപെടലുകൾ, മാനസികാവസ്ഥ, പെട്ടെന്നുള്ള പെരുമാറ്റ മാറ്റങ്ങൾ എന്നിവ ശ്രദ്ധിക്കുന്നത് നിയന്ത്രണത്തിനല്ല, സംരക്ഷണത്തിനാണ്. 'എന്റെ കുട്ടിക്ക് ഇങ്ങനെ സംഭവിക്കില്ല'; എന്ന ധാരണയ്ക്ക് പകരം 'എന്റെ കുട്ടിക്ക് എന്ത് സംഭവിച്ചാലും ആദ്യം എന്നോട് പറയാം' എന്ന വിശ്വാസം വളർത്തുകയാണ് ഏറ്റവും വലിയ പ്രതിരോധം.

സ്കൂൾ പരിസരങ്ങളിലെ വ്യാപാരികൾ, ഓട്ടോറിക്ഷ-ടാക്സി ഡ്രൈവർമാർ, സമീപവാസികൾ തുടങ്ങിയവർക്ക് ലഹരി ശൃംഖലകളുടെ അസാധാരണ നീക്കങ്ങൾ ആദ്യം തിരിച്ചറിയാൻ കഴിയാറുണ്ട്. വിദ്യാർഥികൾക്ക് രഹസ്യമായി ചെറിയ പാക്കറ്റുകൾ കൈമാറുന്നത്, സ്കൂൾ പരിസരത്ത് അപരിചിതർ അനാവശ്യമായി സമയം ചെലവഴിക്കുന്നത്, സംശയകരമായ വാഹനങ്ങളുടെ സ്ഥിരസാന്നിധ്യം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ ഉത്തരവാദിത്വത്തോടെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കണം. ഒരു സമയോചിത വിവരം പലപ്പോഴും ഒരു കുട്ടിയുടെ ഭാവി സംരക്ഷിക്കാൻ സഹായിച്ചേക്കാം.

യുവജനങ്ങൾ ഈ പോരാട്ടത്തിലെ പ്രധാന പങ്കാളികളാണ്. യഥാർഥ സുഹൃത്ത് തെറ്റായ വഴിയിലേക്ക് നയിക്കുന്നവനല്ല; അപകടത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നവനാണ്. ലഹരിയെ മഹത്വവൽക്കരിക്കുന്ന സാമൂഹിക പ്രവണതകളെ ചോദ്യം ചെയ്യുകയും ആരോഗ്യകരമായ ജീവിതശൈലിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് യുവതലമുറയുടെ ഉത്തരവാദിത്വമാണ്. കായിക പ്രവർത്തനങ്ങൾ, കലാ-സാംസ്കാരിക കൂട്ടായ്മകൾ, സാമൂഹിക സേവന പ്രവർത്തനങ്ങൾ എന്നിവ യുവജനങ്ങളുടെ സൃഷ്ടിപരമായ ഊർജത്തെ ശരിയായ ദിശയിൽ നയിക്കാൻ സഹായിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, വായനശാലകൾ, മത-സാമൂഹിക സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയും ഈ ദൗത്യത്തിൽ നിർണായക പങ്കാളികളാണ്. ഓരോ വാർഡിലും പ്രാദേശിക ജാഗ്രതാ ശൃംഖലകൾ രൂപീകരിക്കുകയും വിദ്യാലയങ്ങളും കുടുംബങ്ങളും വിവിധ സർക്കാർ വകുപ്പുകളും തമ്മിൽ ഏകോപനം ശക്തിപ്പെടുത്തുകയും ചെയ്യുമ്പോൾ സമൂഹത്തിന്റെ പ്രതിരോധശേഷി വർധിക്കുന്നു.

**ഓൺലൈൻ ഇടപെടലുകൾ, മാനസികാവസ്ഥ, പെട്ടെന്നുള്ള പെരുമാറ്റ മാറ്റങ്ങൾ എന്നിവ ശ്രദ്ധിക്കുന്നത് നിയന്ത്രണത്തിനല്ല, സംരക്ഷണത്തിനാണ്. 'എന്റെ കുട്ടിക്ക് ഇങ്ങനെ സംഭവിക്കില്ല'; എന്ന ധാരണയ്ക്ക് പകരം 'എന്റെ കുട്ടിക്ക് എന്ത് സംഭവിച്ചാലും ആദ്യം എന്നോട് പറയാം' എന്ന വിശ്വാസം വളർത്തുകയാണ് ഏറ്റവും വലിയ പ്രതിരോധം.**



ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഒരു ദിവസത്തെ ക്യാമ്പയിനുകളായി ഒതുങ്ങാതെ തുടർച്ചയായ സാമൂഹിക ഇടപെടലുകളായി മാറണം. സംശയകരമായ ലഹരി ഇടപാടുകളെക്കുറിച്ചോ കുട്ടികളെ ലക്ഷ്യമിട്ടുള്ള അനധികൃത പ്രവർത്തനങ്ങളെക്കുറിച്ചോ വിവരം ലഭിക്കുമ്പോൾ പൊതുജനങ്ങൾ സ്വയം ഇടപെടാനോ ഏറ്റുമുട്ടാനോ ശ്രമിക്കരുത്. പകരം സമീപത്തെ എക്സൈസ് ഓഫീസിനെയോ പോലീസ് സ്റ്റേഷനെയോ അല്ലെങ്കിൽ

## സംശയം തോന്നിയാൽ ആരെ അറിയിക്കാം?

- സമീപത്തെ എക്സൈസ് ഓഫീസ്
- പോലീസ് സ്റ്റേഷൻ
- സ്കൂൾ പ്രധാനാധ്യാപകൻ
- അധ്യാപകൻ / കൗൺസിലർ
- വിളിക്കാം: 9447178000

**ഓർമ്മിക്കുക:** തെറ്റായ വിവരം പ്രചരിപ്പിക്കാതിരിക്കുക. സ്ഥിരീകരിക്കാവുന്ന വിവരങ്ങൾ തീർത്തും രഹസ്യമായി സൂക്ഷിക്കുകയും വിവരങ്ങൾ തരുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യും.

## രക്ഷിതാക്കളുടെ 5 മിനിറ്റ് പരിശോധന

- ഇന്ന് കുട്ടിയുമായി സംസാരിച്ചോ?
- പുതിയ സുഹൃത്തുക്കളെ അറിയാമോ?
- പെരുമാറ്റത്തിൽ മാറ്റമുണ്ടോ?
- ഓൺലൈൻ ഇടപെടലുകൾ ശ്രദ്ധിച്ചോ?
- ആവശ്യമെങ്കിൽ വിദഗ്ധസഹായം തേടാൻ തയ്യാറാണോ?



ബന്ധപ്പെട്ട അധികാരികളെയോ വിവരം അറിയിക്കണം. സാധ്യമെങ്കിൽ സ്ഥലം, സമയം, വാഹന നമ്പർ, സംഭവത്തിന്റെ സ്വഭാവം തുടങ്ങിയ വ്യക്തമായ വിവരങ്ങൾ നൽകുന്നത് അന്വേഷണത്തിന് സഹായകമാകും. ഉത്തരവാദിത്വത്തോടെ കൈമാറുന്ന ഒരു വിവരം വലിയ ലഹരി ശൃംഖലകൾ കണ്ടെത്താൻ പോലും വഴിയൊരുക്കിയ അനുഭവങ്ങൾ നിരവധിയുണ്ട്. ഇത്തരത്തിൽ നൽകുന്ന വിവരങ്ങൾ തീർത്തും രഹസ്യമായി സൂക്ഷിക്കുകയും വിവരങ്ങൾ തരുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യും.

ലോകാരോഗ്യ സംഘടന(WHO) പോലുള്ള അന്താരാഷ്ട്ര സംഘടനകൾ സമൂഹാധിഷ്ഠിത പ്രതിരോധ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്നു. മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ ഏജൻസിയായ UNODC കുടുംബം, വിദ്യാലയം, സമൂഹം എന്നിവയുടെ ഏകോപിത ഇടപെടലാണ് ഫലപ്രദമായ പ്രതിരോധമെന്ന് ചൂണ്ടിക്കാട്ടുന്നു.

'മയങ്ങില്ല കേരളം' ഈ സമൂഹപങ്കാളിത്തത്തെയാണ് പ്രധാനം ചെയ്യുന്നത്. ജനജാഗ്രതാ വോളന്റിയർമാർ, വിദ്യാലയ അധിഷ്ഠിത പ്രതിരോധ പ്രവർത്തനങ്ങൾ, കൗൺസിലിങ് സേവനങ്ങൾ, ചികിത്സാ-പുനരധിവാസ സംവിധാനങ്ങൾ, സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന ഡിജിറ്റൽ സംവിധാനങ്ങൾ എന്നിവയിലൂടെ ലഹരിക്കെതിരായ സമഗ്രമായ പ്രതിരോധ അന്തരീക്ഷം സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നിയമപാലനവും സാമൂഹിക പ്രതിരോധവും ഒരുപോലെ ശക്തിപ്പെടുത്തുന്ന സമീപനമാണ് കേരളത്തിന്റെ പ്രത്യേകത. ലഹരിക്കെതിരായ പോരാട്ടത്തിന്റെ യഥാർഥ വിജയമെന്നത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നതു മാത്രമല്ല; എത്ര കുട്ടികളെ ലഹരിയിൽ നിന്ന് സംരക്ഷിക്കാൻ കഴിഞ്ഞു, കുടുംബങ്ങളെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ കഴിഞ്ഞു, എത്ര യുവാക്കളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞു എന്നതുകൂടിയാണ്. ആ വിജയത്തിലേക്കുള്ള വഴി ഓരോ പൗരന്റെയും ജാഗ്രതയിലൂടെയും പങ്കാളിത്തത്തിലൂടെയുമാണ് കടന്നുപോകുന്നത്.

അടിയന്തര പ്രാധാന്യം നൽകി നടപ്പാക്കേണ്ട വിവധ എൻഫോഴ്സ്മെന്റ്, ബോധവൽക്കരണ പരിപാടികൾ, സർക്കാരിന്റെ 100 ദിന പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിത്തുടങ്ങിക്കഴിഞ്ഞു. ലഹരിക്കെതിരായ പോരാട്ടം ഒരു നിയമപാലന ദൗത്യമോ ഒരു വകുപ്പിന്റെ മാത്രം ഉത്തരവാദിത്വമോ അല്ല. ഒരു അധ്യാപകന്റെ ശ്രദ്ധ, ഒരു രക്ഷിതാവിന്റെ കരുതൽ, ഒരു വ്യാപാരിയുടെ ജാഗ്രത, ഒരു അയൽവാസിയുടെ സമയോചിത വിവരം, ഒരു വിദ്യാർഥിയുടെ ധൈര്യപൂർവമുള്ള തീരുമാനം- ഇവയെല്ലാം ചേർന്നാണ് സുരക്ഷിതമായ ഒരു സമൂഹം രൂപപ്പെടുന്നത്. 'മയങ്ങില്ല കേരളം' എന്നത് ഒരു മുദ്രാവാക്യമല്ല; ഓരോ പൗരനും സുരക്ഷിതമായ നാളെ ഉറപ്പാക്കാനുള്ള കേരളത്തിന്റെ കൂട്ടായ പ്രതിജ്ഞയാണ്. ■

## ലഹരിക്കെതിരായ പോരാട്ടത്തിന്റെ അഞ്ച് തൂണുകൾ

- പ്രതിരോധം
- നേരത്തെയുള്ള തിരിച്ചറിവ്
- കൗൺസലിങ്
- ചികിത്സ
- പുനരധിവാസം

അഡ്വ. പി. പ്രേംനാഥ്
മുൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ



**മയക്കുമരുന്ന് കേസുകളിൽ നിയമം ലക്ഷ്യമിടുന്നത് കടത്തുകാരെയും വിൽപനക്കാരെയും മാത്രമല്ല; ഉപയോഗിക്കുന്നവരെയും കൂടിയാണ്. വിവിധ കുറ്റകൃത്യങ്ങൾക്ക് തടവും പിഴയും സ്വത്ത് കണ്ടുകെട്ടലും മുതൽ വധശിക്ഷ വരെ നിയമം വ്യവസ്ഥ ചെയ്യുന്നു**

# ലഹരിക്കടത്തിനു മാത്രമല്ല; ഉപയോഗത്തിനുമുണ്ട് ശിക്ഷ



ലഹരി വിൽപനയും കടത്തലിനുമൊക്കെ മാത്രമാണ് ശിക്ഷയെന്നാണ് പൊതുധാരണ. എന്നാൽ ലഹരിയുടെ ലോകത്തേക്കുള്ള ആദ്യ ചുവടുപോലും ഒരാളുടെ ജീവിതം കവർന്നെടുക്കാൻ പര്യാപ്തമാണ്.

കാരണം, മയക്കുമരുന്ന് കേസുകളിൽ നിയമം ലക്ഷ്യമിടുന്നത് കടത്തുകാരെയും വിൽപനക്കാരെയും മാത്രമല്ല; ഉപയോഗിക്കുന്നവരെയും കൂടിയാണ്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തടയുന്നതിനായി രാജ്യത്ത് നിലവിലുള്ള ഏറ്റവും കർശനമായ നിയമങ്ങളിലൊന്നാണ് നർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് (NDPS Act). ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ മയക്കുമരുന്ന് കടത്തും വിൽപനയും മാത്രമല്ല; ഉപയോഗം, കൈവശം വെക്കൽ, ഉൽപാദനം, സംഭരണം, ഗതാഗതം, ഇറക്കുമതി-കയറ്റുമതി, ഗൂഢാലോചന, കുറ്റവാളികൾക്ക് സഹായം നൽകൽ തുടങ്ങി ലഹരിശൃംഖലയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക പ്രവൃത്തികളും കുറ്റകൃത്യങ്ങളാണ്.

കുറ്റത്തിന്റെ സ്വഭാവവും മയക്കുമരുന്നിന്റെ അളവും അനുസരിച്ച് ശിക്ഷയുടെ കാഠിന്യവും വർധിക്കും. ചെറിയ അളവിലുള്ള ഉപയോഗത്തിന് തടവും പിഴയും മുതൽ, കൊമേഴ്സ്യൽ ക്വാണ്ടിറ്റിയിലുള്ള ഗുരുതര കുറ്റങ്ങൾക്ക് ദീർഘകാല കഠിനതടവും സ്വത്ത് കണ്ടുകെട്ടലും, ആവർത്തിക്കുന്ന അതീവ ഗുരുതര കുറ്റങ്ങളിൽ വധശിക്ഷ വരെയും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ മയക്കുമരുന്ന് നിയമത്തിന്റെ വ്യാപ്തിയും കാഠിന്യവും സംബന്ധിച്ച ശരിയായ അവബോധം ഓരോ പൗരനും ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.

ഞാൻ എന്റെ സ്വകാര്യ ഇടത്തിൽ ഇരുന്ന് ഉപയോഗിച്ചിട്ടല്ലേ ഉള്ളൂ എന്ന ന്യായവാദത്തിനൊന്നും പ്രസക്തിയില്ല എന്നാണ് പറഞ്ഞുവരുന്നത്. മയക്ക മരുന്നുകളുടെ സ്വയം ഉപയോഗവും നിയമത്തിൽ കർശനമായി നിരോധിച്ചിട്ടുണ്ട്. കഞ്ചാവ് പോലെയുള്ള മയക്ക മരുന്നുകൾ ഉപയോഗിച്ചാൽ 6 മാസം തടവ് ശിക്ഷയും 10,000 രൂപ വരെ പിഴ ശിക്ഷയും മോർഫിൻ, കൊക്കയിൻ തുടങ്ങിയവ ഉപയോഗിച്ചാൽ ഒരു വർഷം വരെ കഠിന തടവ് ശിക്ഷയും 20,000രൂപ വരെ പിഴയും കോടതിക്ക് ഈടാക്കാം.

## നിയമ അവബോധമില്ലായ്മ

മയക്കുമരുന്ന് വിപണന ശൃംഖലയുടെ ഭാഗമായാൽ ലഭിക്കാവുന്ന ശിക്ഷയെക്കുറിച്ച് കൃത്യമായ അറിവില്ലാത്തതിനാൽ അധിക വരുമാനം കണ്ടെത്തുന്നതിനും മറ്റുമായി

ഈ മേഖലയിലേയ്ക്ക് തിരിയുന്നവരാണ് പലരും. ഒരു ജയിലിൽ ക്ലാസ്സെടുത്തു കഴിഞ്ഞപ്പോൾ ഏകദേശം 19-20 വയസ്സ് പ്രായമുള്ള ഒരാൾ എന്റെ അടുത്തേക്ക് വന്ന്, വളരെ സങ്കടത്തോടെ അവന്റെ വിഷമങ്ങൾ പറഞ്ഞു. കേരളത്തിന് പുറത്തുള്ള ഒരു കോളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ പോക്കറ്റ് മണിക്കായി കഞ്ചാവ് വിൽപന നടത്തുകയും പിന്നീട് പോലീസ് അറസ്റ്റ് ചെയ്യുകയുമായിരുന്നു. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിരിക്കുകയാണ്. കുറച്ചു നാളുകൾക്കുള്ളിൽ വിട്ടേക്കും എന്ന ശുഭപ്രതീക്ഷയിലാണ് അവൻ എന്നോട് സംസാരിച്ചത്. പക്ഷേ കേസിന്റെ ഗൗരവം എത്രത്തോളമാണെന്ന് അറിയാവുന്ന ഞാൻ മറ്റൊന്നും അവനോട് പറഞ്ഞില്ല.

## ലഹരിയുടെ പാത തടവറയിലേക്ക്

ഇന്ന് കേരളത്തിലെ ജയിലുകളിൽ തടവുകാരായുള്ളതിൽ കൂടുതലും ചെറുപ്പക്കാരാണ്. അവരിൽ ഭൂരിപക്ഷവും മയക്കുമരുന്ന് കൈവശം വെച്ചതിനും വിൽപന നടത്തിയതിനും പ്രതികളായവരാണ്. അങ്ങനെയുള്ള കേസുകളിൽ പ്രതികളായാൽ കോടതിയിൽനിന്ന് ജാമ്യം കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. ഇപ്പോൾ എല്ലാ ജില്ലകളിലും മയക്കുമരുന്ന് കേസുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുകയും പ്രത്യേക പ്രോസിക്യൂട്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുള്ളതിനാൽ കേസുകളുടെ വിചാരണ വളരെ വേഗത്തിൽ നടക്കുന്നുണ്ട്. ഭൂരിപക്ഷം കേസുകളിലും ശിക്ഷ നൽകാറുമുണ്ട്.

1985-ൽ നിലവിൽ വന്ന നർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസ് ആക്ട് പ്രകാരം മയക്കുമരുന്ന് ഉപയോഗത്തെയും, പിടിച്ചെടുത്ത മുതലുകളെയും സ്മാൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കൊമേഴ്സ്യൽ ക്വാണ്ടിറ്റി എന്ന് മൂന്നായി തരം തിരിച്ചിട്ടുണ്ട്.

## 20 വർഷം വരെ തടവും പിഴയും

ഒരുകാലത്ത് കേരളത്തിൽ ഏറ്റവും കൂടുതൽ മയക്കുമരുന്ന് കേസ് കഞ്ചാവുമായി ബന്ധപ്പെട്ടതായിരുന്നു. ഒരു കിലോഗ്രാം വരെ കഞ്ചാവ് കൈവശം വയ്ക്കുകയോ വിൽപന നടത്തുകയോ ചെയ്താലുള്ള കേസുകൾ സ്മോൾ ക്വാണ്ടിറ്റി എന്ന വിഭാഗത്തിലും, ഒരു കിലോയ്ക്ക് മുകളിൽ 20 കിലോഗ്രാം വരെയുള്ളവയെ മീഡിയം ക്വാണ്ടിറ്റി എന്നും, 20 കിലോഗ്രാം മുതൽ മുകളിലുള്ളവയെ കൊമേഴ്സ്യൽ ക്വാണ്ടിറ്റി എന്നുമാണ് നിയമത്തിൽ വിശേഷിപ്പിച്ചിട്ടുള്ളത്. ഇതിനുള്ള ശിക്ഷകളും വ്യത്യസ്തമാണ്. ഉദാഹരണത്തിന്, ഒരു കിലോഗ്രാം വരെയുള്ള കഞ്ചാവ് സ്മാൾ ക്വാണ്ടിറ്റി കേസുകൾ ആണെങ്കിൽ ആറുമാസം വരെ കഠിന തടവും പതിനായിരം രൂപ പിഴ ശിക്ഷയും ആണ്. ഒരു കിലോഗ്രാമിന് മുകളിലുള്ള മീഡിയം ക്വാണ്ടിറ്റി ആണെങ്കിൽ 10 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ പിഴയും, 20 കിലോഗ്രാമിന് മുകളിലുള്ള കൊമേഴ്സ്യൽ ക്വാണ്ടിറ്റി ആണെങ്കിൽ കുറഞ്ഞത് 10 വർഷവും പരമാവധി 20 വർഷം വരെയും കഠിന തടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്.

കഞ്ചാവ് ചെടി വളർത്തുകയാണെങ്കിൽ അളവിന്റെ അടിസ്ഥാനത്തിലല്ലാതെ തന്നെ 10 വർഷം വരെ കഠിന തടവും ഒരു ലക്ഷം രൂപ വരെ പിഴയും ശിക്ഷ ചുമത്താവുന്നതാണ്. ഹഷീഷ് ഓയിൽ, ചരസ്, ഒപ്പിയം, ഹെറോയിൻ / ബ്രൗൺഷുഗർ, കൊക്കെയിൻ, മോർഫിൻ, പെത്തഡിൻ, ആമ്പറ്റാമിൻ, ബുപ്രിനോർഫിൻ ആംപ്യൂൾ, കൊറ്റാമിൻ, നൈട്രോസ്പാം, ഡയസപാം, ലസ്ഡ് (ലൈസർജിക് ആസിഡ്), ഫെന്റോനൽ എന്നീ രാസലഹരി മയക്കുമരുന്നുകൾ കൈവശം വയ്ക്കുന്നതും വിൽപന നടത്തുന്നതിനും ഉള്ള ശിക്ഷകൾ അവയുടെ അളവിനനുസരിച്ച് വ്യത്യസ്തമാണ്.

ആറുമാസം വരെ കഠിന തടവും പതിനായിരം രൂപ പിഴയും ലഭിക്കാം. 25 ഗ്രാം മുതൽ 2.5 കിലോഗ്രാം വരെ മീഡിയം ക്വാണ്ടിറ്റിയായി കണക്കാക്കും. പത്തുവർഷം കഠിന തടവും ഒരുലക്ഷം രൂപ പിഴയും ആണ് ശിക്ഷ. 2.5 കിലോയ്ക്ക് മുകളിലുള്ള വസ്തുക്കളെ കൊമേഴ്സ്യൽ ക്വാണ്ടിറ്റി ആയി കണക്കാക്കുകയും മിനിമം 10 വർഷം മുതൽ പരമാവധി 20 വർഷം വരെ കഠിനതടവും ഒരുലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും വിധിക്കാവുന്നതാണ്.

ഹെറോയിൻ / ബ്രൗൺഷുഗർ 5 ഗ്രാമിന് താഴെ കൈവശം വയ്ക്കുകയോ വിൽപന നടത്തുകയോ ചെയ്താൽ അതിനെ സ്മോൾ ക്വാണ്ടിറ്റി ആയി കണക്കാക്കി ആറുമാസം കഠിന തടവും പതിനായിരം രൂപ പിഴയും നൽകും. 5 ഗ്രാം മുതൽ 250 ഗ്രാം വരെയുള്ള കേസുകളിൽ പത്ത് വർഷം കഠിനതടവും ഒരു ലക്ഷം രൂപ പിഴയും ആണ് ശിക്ഷ. 250 ഗ്രാമിന് മുകളിൽ പത്തുവർഷം മുതൽ 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ വരെ പിഴയും വിധിക്കാം.



ഹാഷിഷ് ഓയിൽ/ ചരസ്സ് 100 ഗ്രാം വരെ കൈവശം വയ്ക്കുകയോ വിൽപന നടത്തുകയും ചെയ്താൽ ആറുമാസം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ ലഭിക്കാം. 100 ഗ്രാം മുതൽ ഒരു കിലോഗ്രാം വരെ ഉള്ള മീഡിയം ക്വാണ്ടിറ്റിക്ക് 10 വർഷം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും, ഒരു കിലോ ഗ്രാമിന് മുകളിലുള്ള വസ്തുക്കൾക്ക് മിനിമം 10 വർഷം മുതൽ പരമാവധി 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്.

ഒപ്പിയം ഉപയോഗിക്കുകയോ കൈവശം വയ്ക്കുകയോ വിൽപന നടത്തുകയോ ചെയ്താൽ 25 ഗ്രാമിന് താഴെയുള്ളവയെ സ്മോൾ ക്വാണ്ടിറ്റി ആയി കണക്കാക്കി

കൊക്കെൻ രണ്ട് ഗ്രാം വരെ (സ്മാൾ ക്വാണ്ടിറ്റി) ആറു മാസം വരെ കഠിനതടവും പതിനായിരം രൂപ പിഴയും, രണ്ട് ഗ്രാമിന് മുതൽ 100 ഗ്രാം വരെ (മീഡിയം ക്വാണ്ടിറ്റി) പത്തുവർഷം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും, 100 ഗ്രാമിന് മുകളിൽ (കോമേഴ്സിൽ ക്വാണ്ടിറ്റി) പത്തുവർഷം മുതൽ 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ വരെ പിഴയും ഈടാക്കാവുന്നതാണ്.

മോർഫിൻ 5 ഗ്രാം വരെ കൈവശം വയ്ക്കുകയോ വിൽപന നടത്തുകയോ ചെയ്യുകയാണെങ്കിൽ ആറുമാസം കഠിന തടവും പതിനായിരം രൂപ പിഴയും, അഞ്ചു ഗ്രാം മുതൽ 250 ഗ്രാം വരെ ഉള്ള മീഡിയം ക്വാണ്ടിറ്റിക്ക് പത്തുവർഷം കഠിന തടവും

ഒരു ലക്ഷം രൂപ പിഴയും, 250 ഗ്രാമിന് മുകളിലുള്ള കൊമേഴ്സ്യൽ ക്വാണ്ടിറ്റിക്ക് മിനിമം 10 വർഷം മുതൽ 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്.

പെത്തഡിൻ 10 ഗ്രാം വരെ ഉള്ള കേസുകളിൽ ആറുമാസം കഠിന തടവും പതിനായിരം രൂപ പിഴയും ലഭിക്കും. 10 ഗ്രാം മുതൽ 200 ഗ്രാം വരെ 10 വർഷം കഠിനതടവും ഒരു ലക്ഷം രൂപ പിഴയും, 200 ഗ്രാമിന് മുകളിൽ കോമേഴ്സ്യൽ ക്വാണ്ടിറ്റിയായി കണക്കാക്കി 10 വർഷം മുതൽ 20 വർഷം വരെ കഠിന തടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്.

ആമ്പറ്റാമിൻ രണ്ട് ഗ്രാം വരെ കൈവശം വയ്ക്കുകയോ വിൽപ്പന നടത്തുകയും ചെയ്യുകയാണെങ്കിൽ ആറുമാസം കഠിന തടവും 10000 രൂപ പിഴയും ലഭിക്കും. 2 ഗ്രാം മുതൽ 50 ഗ്രാം വരെ ഉള്ള കേസുകളിൽ പത്തുവർഷം കഠിനതടവും ഒരു ലക്ഷം രൂപ പിഴയും, 50 ഗ്രാമിന് മുകളിൽ ഉള്ള കേസുകളിൽ മിനിമം 10 വർഷം മുതൽ 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും കോടതിക്ക് വിധിക്കാവുന്നതാണ്.

ബുപ്രിനോർഫിൻ ആംപ്യൂൾ വളരെ കുറഞ്ഞ ഒരു ഗ്രാം വരെ കൈവശം വയ്ക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുകയാണെങ്കിൽ ആറുമാസം തടവും പതിനായിരം രൂപ പിഴയും, ഒരു ഗ്രാം മുതൽ 20 ഗ്രാം വരെ 10 വർഷം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും, 20 ഗ്രാമിന് മുകളിൽ 10 വർഷം മുതൽ 20 വർഷം വരെ കഠിന തടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും വിധിക്കാവുന്നതാണ്.

കൊറ്റാമിൻ 10 ഗ്രാം വരെ സ്മാൾ ക്വാണ്ടിറ്റി ആയി കണക്കാക്കി ആറുമാസം വരെ കഠിനതടവും പതിനായിരം രൂപ പിഴയും, 10 ഗ്രാം മുതൽ 500 ഗ്രാം വരെ മീഡിയം ക്വാണ്ടിറ്റിയായി കണക്കാക്കി 10 വർഷം കഠിനതടവും ഒരു ലക്ഷം രൂപ പിഴയും, 500 ഗ്രാമിന് മുകളിൽ കൊമേഴ്സ്യൽ ക്വാണ്ടിറ്റി കണക്കാക്കി 10 വർഷം മുതൽ 20 വർഷം വരെ കഠിനതടവും ഒരുലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്.

നൈട്രോസ്പാം 20 ഗ്രാം കൈവശം വയ്ക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുകയാണെങ്കിൽ ആറുമാസം കഠിന തടവും പതിനായിരം രൂപ പിഴയും, 20 ഗ്രാം മുതൽ 500 ഗ്രാം വരെ ഉള്ള കേസുകളിൽ 10 വർഷം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും, 500 ഗ്രാമിന് മുകളിൽ മിനിമം 10 വർഷം മുതൽ മാക്സിമം 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും വിധിക്കാവുന്നതാണ്.

ഡയസപാം 20 ഗ്രാം വരെ കൈവശം വയ്ക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുകയാണെങ്കിൽ ആറുമാസം കഠിന തടവും പതിനായിരം രൂപ പിഴയും 20 ഗ്രാം മുതൽ 500 ഗ്രാം വരെ 10 വർഷം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും 500 ഗ്രാമിന് മുകളിൽ 10 വർഷം മുതൽ മാക്സിമം 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്.



## ചെറിയ അളവിലും മാരകമാവുന്ന രാസലഹരി

രാസലഹരി മയക്കമരുന്നുകളിൽ ഉൾപ്പെട്ട എൽ.എസ്.ഡി (ലൈസർജിക് ആസിഡ്) എന്ന മയക്കമരുന്ന് 0.002 ഗ്രാം കൈവശം വയ്ക്കുകയോ വിൽപ്പന നടത്തുകയോ ചെയ്താൽ അതിനെ സ്മോൾ ക്വാണ്ടിറ്റി ആയി കണക്കാക്കും. ആറുമാസം വരെ കഠിന തടവും പതിനായിരം രൂപ പിഴയും വിധിക്കാം. 0.002 ഗ്രാം മുതൽ 0.01 ഗ്രാം വരെ പത്തുവർഷം കഠിനവും ഒരു ലക്ഷം രൂപ പിഴയും വിധിക്കാം. 0.01 ഗ്രാമിന് മുകളിൽ 10 വർഷം മുതൽ 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും വിധിക്കാവുന്നതാണ്.

മറ്റൊരു രാസലഹരി വസ്തുവായ ഫെന്റോനൽ 0.005 ഗ്രാം കൈവശം വെക്കുകയോ വിൽപ്പന നടത്തുകയോ ചെയ്താൽ ആറുമാസം വരെ കഠിന തടവും പതിനായിരം രൂപ പിഴയും, 0.005 ഗ്രാമിനും 0.1 ഗ്രാമിനും ഇടയിലുള്ള കേസുകളിൽ 10 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ പിഴയും ലഭിക്കും. 0.1 ഗ്രാമിന് മുകളിൽ 10 വർഷം മുതൽ 20 വർഷം വരെ കഠിന തടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ്.


## ആവർത്തിക്കുന്ന കുറ്റകൃത്യങ്ങളും ശിക്ഷയും

മയക്കമരുന്ന് കേസുകളിൽ മുമ്പ് ശിക്ഷ ഏറ്റുവാങ്ങിയ വ്യക്തി വീണ്ടും മയക്കമരുന്നുമായി ബന്ധപ്പെട്ട ഗുരുതരമായ കുറ്റകൃത്യങ്ങൾ ആവർത്തിക്കുകയാണെങ്കിൽ ഇരട്ടി ശിക്ഷ നൽകുവാനും ചില പ്രത്യേക സാഹചര്യങ്ങളിൽ വധശിക്ഷ തന്നെ വിധിക്കുവാനും കോടതിക്ക് അധികാരം ഉണ്ട്. മയക്കമരുന്ന് കേസുകളിൽ ഉൾപ്പെടുന്നവരുടെ സ്വത്തുക്കൾ കണ്ടുകെട്ടാനും വിചാരണ സമയത്ത് ആ സ്വത്തുക്കൾ വേറെ ആർക്കെങ്കിലും കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് റദ്ദാക്കാനും സാധിക്കും. മയക്കമരുന്ന് നിയമപ്രകാരം കുറ്റവാളികൾക്ക് സഹായം നൽകുന്നതും അവരെ ഒളിവിൽ കഴിയുവാൻ സഹായിക്കുന്നതും ഗൂഢാലോചന നടത്തുന്നതും കുറ്റകൃത്യമാണ്.

കുറ്റകൃത്യത്തിനായി സ്ഥലമോ വീടോ സൗകര്യമോ ഒരുക്കുന്ന ആളുകളും കുറ്റകൃത്യത്തിൽ ഉൾപ്പെടും. മയക്കമരുന്ന് വിദേശത്തുനിന്ന് വരുത്തുന്നതും വിദേശത്തേക്ക് അയയ്ക്കുന്നതും കുറ്റകൃത്യമാണ്. സ്ഥിരമായി മയക്കമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ വീണ്ടും കുറ്റകൃത്യങ്ങൾ ചെയ്യാതിരിക്കുവാൻ വേണ്ടി 2 വർഷം വരെ തടവിൽ പാർപ്പിക്കാൻ 'മയക്കമരുന്ന് നിയമവിരുദ്ധമായ കടത്തൽ തടയൽ നിയമം (PITS NDPS Act) എന്ന പ്രത്യേക നിയമം ഉണ്ട്.

മയക്കമരുന്നുകൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾക്കും മാനസികപ്രശ്നങ്ങൾക്കും പുറമേ, അതിന് ലഭിക്കുന്ന ശിക്ഷകൾ ഗൗരവതരവും കാഠിന്യം ഏറിയതുമാണ്. 20 വർഷം തടവ് മുതൽ വധശിക്ഷവരെ ശിക്ഷ ലഭിക്കാവുന്ന കേസുകൾ ഉള്ളതിനാൽ യൗവനത്തിന്റെ പ്രധാന കാലം മുഴുവൻ ജയിലിൽ കഴിയേണ്ട അവസ്ഥ വന്നേക്കാം. തന്റെ ജീവിതം മാത്രമല്ല തന്നെ ആശ്രയിച്ച് കഴിയുന്ന കുടുംബാംഗങ്ങൾ പോലും ഈ സംഭവങ്ങളോടെ തകർന്നുപോകും. ഓർക്കുക, മയക്കമരുന്ന് അവനവനെയും സമൂഹത്തിനെയും ഒരുപോലെ കാർന്നുതിന്നുന്ന വിപത്താണ്.■

പ്രൊഫ.ജിസ ജോസ്
എഴുത്തുകാരി, പ്രിൻസിപ്പാൾ
എസ് ആർ ബി ടി എം ഗവ. കോളേജ് കൊയിലാണ്ടി




വിദ്യാഭ്യാസത്തിന്റെ യഥാർഥ ലക്ഷ്യത്തെയാണ് ലഹരി ഉപഭോഗം തകർക്കുന്നത്. അതിനെ ചെറുക്കാൻ പാഠപുസ്തകങ്ങൾ മതിയാകില്ല; സാമിപ്യവും കരുതലും പിന്തുണയും വേണം. അവിടെയാണ് അധ്യാപനം കേവലം തൊഴിലെന്നതിനപ്പുറം ഉദാത്തമായ അർഥലക്ഷ്യങ്ങളുള്ള സേവനമായി മാറുന്നത്

# കത്രികയല്ല; അധ്യാപകർ സൂചിയും നൂലുമാകട്ടെ

ഒരു സെൻ കഥയുണ്ട്. മഹാനായ ഗുരുവിനെ സന്ദർശിക്കാനെത്തിയ സമ്പന്നനായ വ്യാപാരി ഒരു സ്വർണ്ണക്കത്രികയാണ ഗുരുവിനു സമ്മാനമായി നൽകിയത് ഗുരു  അതിന്റെ പ്രയോജനമെന്തെന്നന്വേഷിച്ചു. എന്തും മുറിക്കാമെന്നായിരുന്നു വ്യാപാരിയുടെ മറുപടി .മുറിച്ചു കാണിക്കുവെന്ന് ഗുരു കുറച്ചു തുണി അയാൾക്കു നൽകി. മൂർച്ചയുള്ള കത്രിക കൊണ്ടു വ്യാപാരി അനായാസം തുണി പലതായി മുറിച്ചു. ഒന്നിച്ചിരിക്കുന്നതിനെ പലതാക്കുന്നതാണോ ഇതിന്റെ പ്രയോജനമെന്നു  പറഞ്ഞുകൊണ്ടു ഗുരു ഒരു സൂചിയും നൂലുമെടുത്തു മുറിച്ചിട്ട തുണിക്കഷണങ്ങൾ തുന്നിച്ചേർത്തു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന സ്വന്തം ശിഷ്യരെ  'കത്രികയാവാൻ എളുപ്പമാണ്, സൂചിയാവുക ശ്രമകരവും... പക്ഷേ സൂചിയാവാനാണ്.. പലതായി ചിതറിയതിനെ ഒന്നാക്കുന്ന സൂചിയാവാനാണ് ശ്രമിക്കേണ്ടത്. ' എന്നദ്ദേഹം ഉപദേശിച്ചു. പല സാഹചര്യങ്ങളിൽ നിന്നു വരുന്ന വ്യത്യസ്ത താൽപര്യങ്ങളും അഭിരുചികളുള്ള വിദ്യാർഥിസമൂഹത്തെ ഒരുമിപ്പിക്കുന്ന, അദൃശ്യമായൊരു സൂചിയും നൂലുമുപയോഗിച്ച് ആ ചിതറലുകളെ തുന്നിച്ചേർക്കുന്ന മഹത്തായ ധർമ്മമാണ് ഓരോ അധ്യാപകരും പ്രത്യക്ഷമായും പരോക്ഷമായും  നിർവഹിക്കുന്നത്. അധ്യാപനം ഒരു തൊഴിൽ മാത്രമാണെന്നും അതിനെ കാല്പനികവൽക്കരിക്കുകയോ വിശുദ്ധമാക്കുകയോ വേണ്ടെന്നും സമ്മതിച്ചാലും വിദഗ്ധനായ ഒരു തുന്നൽക്കാരന്റെ/കാരിയുടെ തൊഴിലാണവർ പ്രതീകാത്മകമായി ചെയ്യുന്നതെന്നു അംഗീകരിച്ചേ മതിയാവൂ.ചേർത്തുനിർത്തലിന്റെ രാഷ്ട്രീയം ! മാർക്കു വാങ്ങുന്നതിലും മത്സരപരീക്ഷകൾ വിജയിക്കുന്നതിലും മാത്രമല്ല വിദ്യാർഥികൾ സമർഥരാവേണ്ടത്. സഹവർത്തിത്വവും സഹിഷ്ണുതയുമുള്ള സാമൂഹികബോധമുള്ള പൗരന്മാരാവുക എന്നതുകൂടി വിദ്യാഭ്യാസത്തി






ന്റെ ലക്ഷ്യമാണ്.  കുട്ടികൾക്ക് അത്തരം വാതിലുകൾ തുറന്നിട്ടുകൊടുക്കേണ്ടത് അധ്യാപകരും.

കേരളത്തിൽ ലഹരിവില്പനയുമായി ബന്ധപ്പെട്ട അധ്യാപകരുടെ അറസ്റ്റ് വാർത്തകളുടെ പശ്ചാത്തലത്തിൽ ആ സെൻകഥ ആലോചിച്ചുപോവുന്നു. പ്രാചീനകാലം മുതൽക്കേ അധ്യാപകർക്ക് ആചാര്യസ്ഥാനവും ആദരവുമൊക്കെ നൽകി അവരെ മാർഗദർശികളായി സങ്കല്പിക്കുന്ന പാരമ്പര്യം ലോകത്തെങ്ങുമുണ്ടായിരുന്നു.പലതായി മുറിക്കുന്ന കത്രികകളായിരുന്നില്ല ,പലതുകളെ ചേർക്കുകയും ഒന്നാക്കുകയും ചെയ്യുന്ന പുന:സൃഷ്ടിയുടെ, ക്രിയാത്മകതയുടെ സൂചിയും നൂലുമായിരുന്നു എക്കാലത്തുമവർ. അതുകൊണ്ടുതന്നെ അധ്യാപകർ ഇത്തരം ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പങ്കാളികളാവുമ്പോൾ സമൂഹമനസ്സിൽ അതുണ്ടാക്കുന്ന ആഘാതം മാരകമാണ്. സ്കൂളുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നത്, വിവിധ ക്ലബ്ബുകൾ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ലഹരിക്കെതിരെയുള്ള ബോധവൽക്കരണം, സുംബാ നൃത്തം, ഫ്ലാഷ് മോബ് ... തുടങ്ങി വിദ്യാർഥിസമൂഹത്തെ ലഹരിയുടെ പാതയിൽ നിന്നകറ്റാൻ സർക്കാർ ആവിഷ്കരിക്കുന്ന എല്ലാ പദ്ധതികളുടെയും നേതൃത്വം അധ്യാപകർക്കാണ്.  വിരലിലെണ്ണാവുന്നവർ മാത്രമാണ് ലഹരിക്കച്ചവടത്തിലും മറ്റും ഉൾപ്പെടുന്നതെങ്കിലും   മുഴുവൻ അധ്യാപകരെയും സംശയത്തിന്റെ നിഴലിലാക്കാൻ ഇതുമതിയാവും. സിസ്റ്റത്തിന്റെയും വ്യക്തിഗതമായ വീഴ്ചകളുടെയും പേരിൽ മുഴുവൻ അധ്യാപകരെയും കുറ്റപ്പെടുത്തരുതെന്ന് UNICEF പോലെയുള്ള അന്താരാഷ്ട്രസംഘടനകൾ പറയുന്നത്  ഇത്തരം സന്ദർഭങ്ങളിൽ സമൂഹം അംഗീകരിച്ചെന്നു വരില്ല.

വിദ്യാർഥികൾ അവരുടെ ദിവസത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്നത് സ്കൂളിൽ അധ്യാപകർക്കും സുഹൃത്തുക്കൾക്കുമൊപ്പമാണ്. ലഹരി ഉപയോഗിക്കുന്ന അധ്യാപകർക്ക് അതു കുട്ടികൾക്കു നൽകുന്നതും ലഹരി ഉപഭോഗത്തിലേക്ക് അവരെ എത്തിക്കുന്നതും അതുകൊണ്ടുതന്നെ അനായാസമാണ്. . ലോകമാസകലം അധ്യാപകർ പ്രതികളാവുന്ന ലഹരിക്കച്ചവടങ്ങൾ നടക്കുന്നുണ്ട്.. കാലിഫോർണിയയിലെ  ഒരു സ്കൂളിൽ നന്നായി പരീക്ഷയെഴുതാനും ബുദ്ധിശക്തി വർദ്ധിപ്പിക്കാനുമെന്ന പേരിലാണ് ഒരധ്യാപകൻ ലഹരി ഗുളികകൾ വിൽക്കാൻ ശ്രമിച്ചത്. .ഓക്സ്ഫോർഡിലെ ബാൻബറി അക്കാദമിയിൽ ബിസിനസ് സ്റ്റഡീസ് വിഭാഗംമേധാവി റേച്ചൽ റയാൻ മയക്കുമരുന്നുകൾക്ക് ഡിസ്കൗണ്ട് ഓഫർ നൽകിയാണ് കുട്ടികളെ വലയിലാക്കാൻ ശ്രമിച്ചത്. ആകർഷകമായ വാഗ്ദാനങ്ങൾ നൽകി നേരിട്ടു വിൽക്കുക, ലഹരിക്കച്ചവടത്തിനിടയിലെ ശൃംഖലയായി പ്രവർത്തിക്കുക, ഇടനിലക്കാരാവുക   തുടങ്ങി പലതരം സാധ്യതകളാണ് ഇത്തരക്കാർ ഉപയോഗപ്പെടുത്തുന്നത്.

ആരും സംശയിക്കാതിരിക്കുന്നു  ,വളരെ എളുപ്പത്തിൽ കുട്ടികൾക്കിടയിലേക്ക് പ്രവേശിക്കാൻ പറ്റുന്നു  എന്നതാണ് അധ്യാപകർ ലഹരിവില്പനയിലിടപെടുമ്പോഴുള്ള ഗുണപരമായ കാര്യമായി ലഹരി മാഫിയ കാണുന്നത്.സ്കൂളുകൾക്കു പുറമേ ട്യൂഷൻ സെന്ററുകൾ ഹോസ്റ്റലുകൾ ഇവയൊക്കെയും ലഹരിവില്പനയ്ക്കുള്ള ഭദ്രമായ മറകളായി മാറിയേക്കാം. .

മയക്കുമരുന്നു കൈവശം വെക്കുന്നതും വിതരണം ചെയ്യുന്നതും എല്ലാ രാജ്യങ്ങളിലും  ഗുരുതരമായ കുറ്റകൃത്യമാണ്, സ്കൂൾ പരിസരത്ത് കുറ്റകൃത്യം നടത്തുന്നത് ,പ്രായപൂർത്തിയാകാത്തവരെ ഉൾപ്പെടുത്തുന്നത് ഒക്കെ കൂടുതൽ കഠിനശിക്ഷകൾക്കു കാരണമാകും. മിക്ക രാജ്യങ്ങളിലും ആജീവാനന്ത അധ്യാപന വിലക്ക് പോലെയുള്ള ശിക്ഷകളും അധ്യാപകരെ കാത്തിരിക്കുന്നു.

കേരളത്തിലേതടക്കം മിക്കകേസുകളിലും അധ്യാപകർ ലഹരി ഉപയോഗിച്ചു തുടങ്ങി പിന്നീട് ലഹരിക്കു പണം കണ്ടെത്താനായി ഇടനിലക്കാരായും വില്പനക്കാരായും മാറുന്നതാണു കാണുന്നത്. ആ തലത്തിൽ എത്തിക്കഴിഞ്ഞാൽ അവർക്കു വില്പന അനായാസമാണ്.സ്കൂൾ തലത്തിൽ അധ്യാപകർക്കും ഡ്രഗ് ടെസ്റ്റിങ് ,കൗൺസിലിങ് ,വിദ്യാർഥികൾക്ക് പേരു


**മയക്കുമരുന്നു കൈവശം വെക്കുന്നതും വിതരണം ചെയ്യുന്നതും എല്ലാ രാജ്യങ്ങളിലും ഗുരുതരമായ കുറ്റകൃത്യമാണ്, സ്കൂൾ പരിസരത്ത് കുറ്റകൃത്യം നടത്തുന്നത്, പ്രായപൂർത്തിയാകാത്തവരെ ഉൾപ്പെടുത്തുന്നത് ഒക്കെ കൂടുതൽ കഠിനശിക്ഷകൾക്കു കാരണമാകും**

വെളുപ്പെടുത്താതെ പരാതിപ്പെടാനുള്ള അവസരങ്ങൾ ,നിയമനത്തിനു മുന്നുള്ള ബാക് ഗ്രൗണ്ട് ചെക്കിങ് എന്നിവ വിവിധ രാജ്യങ്ങൾ കർശനമായി നടപ്പിൽ വരുത്തിയിരിക്കുന്നു. അധ്യാപകർക്കും റാൻഡം ഡ്രഗ് ടെസ്റ്റ് നടത്തുന്ന രാജ്യങ്ങളുണ്ട്.

കേരളത്തിൽ ലഹരി മാഫിയയ്ക്കെതിരെ കേരള പോലീസ് ആരംഭിച്ച ഓപ്പറേഷൻ രൂഫാൻ (ദി നാർക്കോ ഹണ്ട്) പദ്ധതിയിലൂടെ രാസലഹരിയുടെയും മറ്റ് നിരോധിത വസ്തുക്കളുടെയും വ്യാപനം തടയാൻ പൊതുജന പങ്കാളിത്തത്തോടെ വലിയൊരു ജനകീയ പ്രതിരോധം തീർക്കുകയാണ്. ചെറുപ്പക്കാരെയാണ് ലഹരിമാഫിയ കൂടുതലായി ലക്ഷ്യം വെക്കുന്നതെന്നതുകൊണ്ടും അവരെയാണ് വഴിപ്പെടുത്താനെളുപ്പമെന്നതുകൊണ്ടും വിദ്യാഭ്യാസസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള പരിശോധനകൾ അനിവാര്യമാണ്. അത്തരം പരിശോധനകളിൽ കൂടുതൽ അധ്യാപകർ പ്രതികളാവാതിരിക്കുകയെന്നത് അതിലേറെ പ്രധാനവുമാണ്.

ഡിജിറ്റൽ ലോകത്തേക്കു പിറന്നുവീണ ഒരു തലമുറയുമായാണ് ഇന്നത്തെ അധ്യാപകർ ക്ലാസ് റൂമിൽ ഇടപെടുന്നത്. സാങ്കേതികവിദ്യയുടെ സാധ്യതകൾ കുട്ടികളെ ഒരേസമയം ഏകാകികളാക്കുന്നു ,അത്ര തന്നെ അതിരുകളില്ലാത്ത ലോകങ്ങളിലേക്കു സ്വതന്ത്രരുമാക്കുന്നു. രണ്ടവസ്ഥകളെയും ആരോഗ്യകരമായി കൈകാര്യം ചെയ്യില്ലെങ്കിൽ അപകടമുണ്ടാവാം. അവരെ മുൻവിധികളില്ലാതെ ശ്രദ്ധിക്കാനും കേൾക്കാനും തയ്യാറാവുക വളരെ പ്രധാനമാണ്. അതിനു ഏറ്റവും നന്നായി സാധിക്കുന്നതാകട്ടെ അധ്യാപകർക്കും .ലഹരി ഉപഭോഗം ഒരു ക്രിമിനൽ പ്രശ്നമെന്നതിലുപരി ആരോഗ്യ പ്രശ്നം കൂടിയാണെന്ന തിരിച്ചറിവ് അധ്യാപകർക്കുണ്ടാവണം. കൃത്യമായ സമയത്ത് ശരിയായ രീതിയിൽ നിയന്ത്രിക്കാനായില്ലെങ്കിൽ അത് സാമൂഹികവിപത്തായി വളരും.

പ്രതിരോധം , ബോധവൽക്കരണം പിന്തുണ എന്ന മൂന്നു കാര്യങ്ങളിൽ ഊന്നൽ കൊടുത്തായിരിക്കണം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത്. കുട്ടികൾക്കിടയിൽ നിന്നു തന്നെ പിയർ ഗ്രൂപ്പുകളെ തിരഞ്ഞെടുത്ത് സുഹൃത്തുക്കൾക്കിടയിൽ കൗൺസലിങ്ങിനു നിയോഗിക്കുന്നത് പല രാജ്യങ്ങളിലും വിജയകരമായി നടപ്പാക്കുന്നുണ്ട്. അധ്യാപകർക്ക് മുൻ വിധികളില്ലാതെ തന്റെ വിദ്യാർഥികളെ കേൾക്കാനും അവന്/



അവൾക്ക് ആവശ്യമായ മാനസികപിന്തുണ നൽകാനുമുള്ള അടിസ്ഥാന പരിജ്ഞാനം ലഭ്യമാകുന്ന രീതിയിൽ മെന്റൽ ഹെൽത്ത് ട്രെയിനിങുകൾ നിർബന്ധിതമാക്കുക വളരെ പ്രധാനമാണ്.

ചെറിയ ക്ലാസുകളിൽത്തന്നെ ലഹരി ശരീരത്തിനും എന്തൊക്കെ അപകടങ്ങളുണ്ടാക്കും എന്നു ശാസ്ത്രീയമായി പറഞ്ഞുകൊടുക്കുക, ഓരോ കുട്ടിക്കും മനസ്സുതുറന്നു സംസാരിക്കാൻ പറ്റുന്ന അധ്യാപകനോ കൗൺസിലറോ സ്കൂളിൽ ഉണ്ടായിരിക്കുക, ലഹരി ഉപഭോഗത്തിലുൾപ്പെട്ടു പിടിക്കപ്പെട്ടാൽ ഒറ്റപ്പെടുത്തുകയോ ശിക്ഷിക്കുകയോ അല്ല, ലഹരിവിമുക്തിയ്ക്കുള്ള പിന്തുണയും സഹായവും നൽകും എന്ന സമീപനം, ലഹരിവിമുക്തപ്രവർത്തനങ്ങളിൽ രക്ഷിതാക്കളെക്കൂടി ഉൾച്ചേർക്കുക... തുടങ്ങി അധ്യാപകർക്കു മുൻകൈയെടുത്തു നടപ്പാക്കാവുന്ന, നടപ്പാക്കേണ്ടുന്ന നിരവധി കാര്യങ്ങളുണ്ട്.

നല്ല പൗരന്മാരെ വളർത്തിയെടുക്കുക എന്ന വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെയാണ് ലഹരി ഉപഭോഗം തകർക്കുന്നത്. അതിനെ ചെറുക്കാൻ പാഠപുസ്തകങ്ങൾ മതിയാകില്ല; സാമീപ്യവും കരുതലും പിന്തുണയും വേണം. അവിടെയാണ് അധ്യാപനം കേവലം തൊഴിലെന്നതിനപ്പുറം ഉദാത്തമായ അർത്ഥലക്ഷ്യങ്ങളുള്ള സേവനമായി മാറുന്നത്,അപ്പോഴാണ് അധ്യാപകർ മാർഗദർശിയാവുന്നത്.

ഈ കാലം അധ്യാപകരോട് ഒരു ചോദ്യം ചോദിക്കുന്നു: കത്രികയാകണോ? സൂചിയാകണോ? ഉത്തരം ഇന്നും എന്നും പഴയ സെൻ ഗുരുവിന്റേതുതന്നെ. ചിതറുന്ന തലമുറയെ വീണ്ടും ചേർത്തുനിർത്തുന്ന സൂചികളായിരിക്കണം അധ്യാപകർ. സമൂഹത്തിന്റെ ഭാവി തുന്നിച്ചേർക്കാൻ ഏറ്റവും കരുത്തുള്ള നൂൽ അവരുടെ കൈകളിലാണ്. ■

ജയകുമാർ. കെ
ഐ.ടി.-ന്യൂ മീഡിയ കൺസൾട്ടന്റ്



**മയക്കുമരുന്ന് മാഫിയകൾ സോഷ്യൽ മീഡിയ, എൻക്രിപ്റ്റ് ചെയ്ത മെസേജിംഗ് ആപ്ലിക്കേഷനുകൾ, ഓൺലൈൻ ഗെയിമിംഗ് കമ്മ്യൂണിറ്റികൾ, ഓൺലൈൻ ഫോറങ്ങൾ, ഡാർക്ക്നെറ്റ് എന്നിവ ദുരുപയോഗം ചെയ്ത് ഇരകളെ കണ്ടെത്തുകയു നിയമവിരുദ്ധ ശൃംഖലകൾ വ്യാപിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കയും ചെയ്യുന്നു.**




# സൈബറിടത്തിലും കെണികൾ; ഓരോ ക്ലിക്കും ജാഗ്രതയോടെ

ആശയവിനിമയത്തിലും വിദ്യാഭ്യാസത്തിലും ഇന്റർനെറ്റ് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചെങ്കിലും, സംഘടിത കുറ്റകൃത്യങ്ങൾക്കുള്ള ശക്തമായ ഒരു മാധ്യമമായും അത് മാറിയിരിക്കുന്നു. മയക്കുമരുന്ന് മാഫിയകൾ ഇന്ന് സോഷ്യൽ മീഡിയ, എൻക്രിപ്റ്റ് ചെയ്ത മെസേജിങ് ആപ്ലിക്കേഷനുകൾ, ഓൺലൈൻ ഗെയിമിംഗ് കമ്മ്യൂണിറ്റികൾ, അജ്ഞാത (Anonymous) ഓൺലൈൻ ഫോറങ്ങൾ, ഡാർക്ക്നെറ്റ് (Darknet) എന്നിവ ദുരുപയോഗം ചെയ്ത് ഇരകളാകാൻ സാധ്യതയുള്ള വ്യക്തികളെ കണ്ടെത്തുകയും അവരുടെ നിയമവിരുദ്ധ ശൃംഖലകൾ വ്യാപിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കയും ചെയ്യുന്നു. അവരുടെ ഏറ്റവും ശക്തമായ ആയുധം സാങ്കേതികവിദ്യയല്ല-സൈബർ സൈക്കോളജി (Cyber Psychology) തന്നെയാണ്.

ഇത്തരം മാഫിയാ സംഘങ്ങൾ മിയർ എക്സ്പോഷർ ഇഫക്റ്റ് (Mere Exposure Effect), സോഷ്യൽ ഇൻഫ്ളുവൻസ് (Social Influence), ഫിൽട്ടർ ബബിൾസ് (Filter Bubbles), റെസിപ്രോസിറ്റി (Reciprocity), ഫൂട്ട്-ഇൻ-ദി-ഡോർ ടെക്നിക് (Foot-in-the-Door Technique) തുടങ്ങിയ മനഃശാസ്ത്ര തത്വങ്ങളെ സമർഥമായി ഉപയോഗിക്കുന്നു.

സൗഹൃദം, അംഗീകാരം, അല്ലെങ്കിൽ മാനസിക പിന്തുണ തേടുന്ന യുവാക്കൾക്ക് ആദ്യം ദോഷകരമല്ലായെന്ന് തോന്നിപ്പിക്കുന്ന ഫ്രണ്ട് റിക്വസ്റ്റുകൾ, ഗെയിമിങ് ക്ഷണങ്ങൾ, അല്ലെങ്കിൽ ചാറ്റ് ഗ്രൂപ്പുകളിലേക്കുള്ള പ്രവേശനം എന്നിവയിലേക്ക് സ്വാഗതം ചെയ്യുന്നു. ആഡംബര ജീവിതശൈലി, ഇൻഫ്ളുവൻസർ സംസ്കാരം, പാർട്ടി വീഡിയോകൾ, എളുപ്പത്തിൽ പണം സമ്പാദിക്കാമെന്ന വാഗ്ധാനങ്ങൾ എന്നിവ തുടർച്ചയായി കാണുന്നതിലൂടെ അപകടകരമായ പെരുമാറ്റം ക്രമേണ സാധാരണമായ ഒന്നായി തോന്നിത്തുടങ്ങുന്നു. ഏകാന്തത, ഉൽക്കണ്ഠ, പഠനസമ്മർദ്ദം, കുടുംബപ്രശ്നങ്ങൾ തുടങ്ങിയ

മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഇത്തരം മാനസിക സ്വാധീനങ്ങൾക്ക് കൂടുതൽ ഇരയാകാൻ സാധ്യതയുണ്ട്. എ ഐ ഹാലൂസിനേഷൻ എന്ന തന്ത്രമാണ് ഇവിടെ സൈബർ ക്രിമിനലുകൾ ദുരുപയോഗം ചെയ്യുന്നത്.

## ഡാർക്ക്നെറ്റ് ദുരുപയോഗവും ചെറുത്തുനിൽപ്പും

സ്വകാര്യത സംരക്ഷിക്കുന്നതിനുള്ള നിയമാനുസൃത ഉപയോഗങ്ങൾ ഡാർക്ക്നെറ്റിനുണ്ടെങ്കിലും, അജ്ഞാത മയക്കമരുന്ന് വിപണികൾ, എൻക്രിപ്റ്റ് ചെയ്ത ആശയവിനിമയം, അനധികൃത സാമ്പത്തിക ഇടപാടുകൾ, അന്തർദേശീയ മയക്കമരുന്ന് കടത്ത് എന്നിവയ്ക്കായി ഇത് വ്യാപകമായി ദുരുപയോഗം ചെയ്യപ്പെട്ടുവരികയും ചെയ്യുന്നു ഇതിനെതിരെ ലോകമെമ്പാടും INTERPOL, UNODC എന്നിവയും വിവിധ രാജ്യങ്ങളിലെ നിയമപാലന ഏജൻസികളും (Law Enforcement Agencies) സംയുക്തമായി ഡിജിറ്റൽ മയക്കമരുന്ന് ശൃംഖലകൾക്കെതിരെ ഇന്റലിജൻസ് അധിഷ്ഠിത നടപടികൾ സ്വീകരിച്ചുവരുന്നു.

ഓപ്പറേഷൻ തൂഫാൻ - ഡിജിറ്റൽ നിരീക്ഷണം, കർശന നിയമനടപടികൾ, പൊതുജന ബോധവൽക്കരണം, ജനപങ്കാളിത്തം എന്നിവയിലൂടെ സിന്തറ്റിക് മയക്കമരുന്ന് ശൃംഖലകളെ തകർക്കുകയാണ് ദി നാർക്കോ ഹണ്ട് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

## സൈബർ സൈക്കോളജിയുടെ ദുരുപയോഗം

ചില സോഷ്യൽ മീഡിയ പോസ്റ്റുകൾ നമ്മൾ വീണ്ടും വീണ്ടും കാണാറുണ്ട് എന്നത്. എന്തുകൊണ്ടാണ് ചില വീഡിയോകൾ നമ്മെ തുടർച്ചയായി കാണാൻ പ്രേരിപ്പിക്കുന്നത്? എന്തുകൊണ്ടാണ് വ്യാജവാർത്തകൾ അതിവേഗം പ്രചരിക്കുന്നത്? എന്തുകൊണ്ടാണ് വിദ്യാഭ്യാസവും അറിവും ഉള്ള ആൾക്കാർ പോലും ഓൺലൈൻ തട്ടിപ്പുകളിൽ കുടുങ്ങുന്നത്?

ഇതിനുള്ള ഉത്തരം സൈബർ സൈക്കോളജി എന്ന ശാഖയിലുണ്ട്. ഡിജിറ്റൽ ലോകത്ത് മനുഷ്യരുടെ ചിന്തകളും വികാരങ്ങളും തീരുമാനങ്ങളും പെരുമാറ്റവും എങ്ങനെ സ്വാധീനിക്കപ്പെടുന്നു എന്നതാണ് സൈബർ സൈക്കോളജി വിശകലനം ചെയ്യുന്നത്.

ഇന്ന് സോഷ്യൽ മീഡിയ, ഓൺലൈൻ ഗെയിംസ്, ഷോപ്പിങ് വെബ്സൈറ്റ്, എഐ അധിഷ്ഠിത അപ്ലിക്കേഷനുകൾ എന്നിവ നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റാൻ പ്രത്യേക രീതിയിലാണ് രൂപകൽപന ചെയ്യപ്പെട്ടിരിക്കുന്നത്. ഉപയോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് പല സാങ്കേതിക വിദ്യകളും രൂപകൽപന ചെയ്തിരിക്കുന്നത്. അതേസമയം ഇതേ മനഃശാസ്ത്ര തന്ത്രങ്ങൾ സൈബർ ക്രിമിനലുകൾ, ഓൺലൈൻ തട്ടിപ്പുകാർ, വ്യാജവിവരങ്ങൾ പ്രചരിപ്പിക്കുന്നവർ, ലഹരിമാഫിയകൾ എന്നിവർ ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുന്നു.

ഉദാഹരണത്തിന്, മിയർ എക്സ്പോഷർ



എഫക്ട് (Mere Exposure Effect) എന്ന മനഃശാസ്ത്ര സിദ്ധാന്തമനുസരിച്ച് ഒരേ സന്ദേശമോ, വീഡിയോയോ, പരസ്യമോ വീണ്ടും വീണ്ടും കാണുമ്പോൾ അത് സത്യമാണെന്ന തോന്നൽ സ്വാഭാവികമായി നമ്മളിൽ ഉണ്ടായേക്കാം. അതുപോലെ അവൈലബിലിറ്റി ഹ്യൂറിസ്റ്റിക് (Availability Heuristic) കാരണം ആവർത്തിച്ച് കാണുന്ന വിവരങ്ങൾ യാഥാർഥ്യമാണെന്ന് ആളുകൾ വിശ്വസിക്കാനുള്ള സാധ്യതയും വർധിക്കുന്നു, അത് തെറ്റായ വിവരമാണെങ്കിൽ പോലും.

മറ്റൊരു പ്രധാന ഘടകമാണ് Social Influence അഥവാ സാമൂഹിക സ്വാധീനം. ആയിരക്കണക്കിന് ആളുകൾ ലൈക്ക് ചെയ്യുകയും ഷെയർ ചെയ്യുകയും കമന്റ് ചെയ്യുകയും ചെയ്യുന്ന ഒരു പോസ്റ്റ് കൂടുതൽ വിശ്വാസ്യതയുള്ളതാണെന്ന ചിന്ത പലരിലും സൃഷ്ടിക്കപ്പെടുന്നു. ഇതുവഴി ഫിൽറ്റർ ബബിൾ (Filter Bubble) അഥവാ (Echo Chamber) എക്കോ ചേമ്പർ എന്ന അവസ്ഥയിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നു. പരിണതഫലം പ്രേക്ഷകർ സമാനമായ ആശയങ്ങൾ മാത്രം വീണ്ടും വീണ്ടും കാണുന്നതിനുള്ള അവസ്ഥ സംജാതമാകുന്നു. തുടർന്ന് വ്യത്യസ്ത അഭിപ്രായങ്ങൾ മറഞ്ഞുപോകുകയും തെറ്റായ ധാരണകൾ അവരിൽ കൂടുതൽ ശക്തിപ്പെടുകയും ചെയ്യുന്നു.

സൈബർ ക്രിമിനലുകൾ മനുഷ്യരുടെ മനഃശാസ്ത്രം വളരെ നന്നായി പഠിച്ചവരാണ്. 'നിങ്ങളുടെ ബാങ്ക് അക്കൗണ്ട് ഉടൻ ബ്ലോക്ക് ചെയ്യും', 'ഇപ്പോൾ തന്നെ ക്ലിക്ക് ചെയ്താൽ സമ്മാനം ലഭിക്കും', 'അഞ്ച് മിനിറ്റിനകം ഈ ഓഫർ അവസാനിക്കും' തുടങ്ങിയ സന്ദേശങ്ങൾ അടിയന്തര സ്വഭാവവും ഭയവും ചിലപ്പോഴൊക്കെ ആകാംക്ഷയും സൃഷ്ടിക്കുന്നു. ഇത് നഷ്ടഭീതി (Loss Aversion) എന്ന മനഃശാസ്ത്ര സിദ്ധാന്തത്തെ അനുകരിച്ചാണ് പ്രായോഗികമാക്കുന്നത്. മുകളിൽ പറഞ്ഞതിന് സമാനമായി സൗജന്യ സമ്മാനങ്ങളോ ഓഫറുകളോ വാഗ്ദാനം ചെയ്ത് ആളുകളെ പ്രതികരിക്കാൻ പ്രേരിപ്പിക്കുന്നതും റെസിപ്രോസിറ്റി (Reciprocity) എന്ന മനഃശാസ്ത്ര തന്ത്രത്തിന്റെ ഭാഗമാണ്.

ജെൻ സി, ജെൻ ആൽഫ വിദ്യാർഥികൾ സാമൂഹ്യമാധ്യമ ലോകത്താണ് കൂടുതൽ സമയം ചെലവഴിക്കുന്നതെങ്കിൽ, മാതാപിതാക്കളും മുതിർന്നവരും വിശ്വാസ്യതയുള്ളതായി തോന്നുന്ന സന്ദേശങ്ങളിലും

**ഏകാന്തത, ഉൽക്കണ്ഠ, പഠനസമ്മർദ്ദം, കുടുംബപ്രശ്നങ്ങൾ തുടങ്ങിയ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഇത്തരം മാനസിക സ്വാധീനങ്ങൾക്ക് കൂടുതൽ ഇരയാകാൻ സാധ്യതയുണ്ട്. എ ഐ ഹാലൂസിനേഷൻ എന്ന തന്ത്രമാണ് ഇവിടെ സൈബർ ക്രിമിനലുകൾ ദുരുപയോഗം ചെയ്യുന്നത്**



വെബ്സൈറ്റുകളിലും എളുപ്പത്തിൽ ആകൃഷ്ടരായേക്കാം. പലപ്പോഴും ആക്രമിക്കപ്പെടുന്നത് കമ്പ്യൂട്ടറോ മൊബൈലോ അല്ല; മനുഷ്യന്റെ മനസ്സും തീരുമാനങ്ങളുമാണ്.

## നിർമിതബുദ്ധി ഉയർത്തുന്ന വെല്ലുവിളികൾ

നിർമ്മിതബുദ്ധിയുടെ (Artificial Intelligence) വ്യാപനത്തോടെ പുതിയ വെല്ലുവിളികളും ഉയർന്നുവരുന്നു. ചിലപ്പോൾ എഐ വളരെ ആത്മവിശ്വാസത്തോടെ തെറ്റായ വിവരങ്ങൾ അവതരിപ്പിക്കാം. ഇതിനെ എഐ ഹാലൂസിനേഷൻ (AI Hallucination) എന്ന് വിളിക്കുന്നു. അതിനാൽ എഐ നൽകുന്ന എല്ലാ ഉത്തരങ്ങളും പരിശോധിക്കാതെ വിശ്വസിക്കുന്നത് അപകടകരമായേക്കാം. ഇതിന്റെ പോരായ്മ പരിഹരിക്കുന്നതിലേക്കായി ആധുനിക എഐ സംവിധാനങ്ങൾ Retrieval Augmented Generation (RAG) പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച ശേഷം Information Disambiguation തത്വത്തെ അടിസ്ഥാനമാക്കിയാണ് വിവര വിനിമയത്തിന് വേണ്ട മറുപടി തയ്യാറാക്കാൻ ശ്രമിക്കുന്നത്. എന്നിരുന്നാലും, അന്തിമ ഉത്തരവാദിത്വം ഉപയോക്താവിന്റെ വിമർശനാത്മക ചിന്തയ്ക്കുതന്നെ.

## ആസക്തികളും അവബോധവും

മയക്കുമരുന്ന് ആസക്തിപോലെ മറ്റൊരു ദോഷ പ്രവണതയാണ് മൊബൈൽ ഫോൺ ആസക്തി. പലപ്പോഴും ദോഷകരമായ ഓൺലൈൻ സ്വാധീനങ്ങളിലേക്കുള്ള സാധ്യത വർധിപ്പിക്കാൻ ഇത് കാരണമാകുന്നു. അതിലൂടെ മയക്കുമരുന്ന് ആസക്തിയിലേക്ക് യുവാക്കളെ കൊണ്ടുപോവാനുള്ള ആസൂത്രിത ശ്രമങ്ങൾ കൂടി നടക്കുന്ന ഇക്കാലത്ത് ഇരട്ടി ജാഗ്രത വേണ്ട ഒന്നാണ് ഈ മേഖല. ഇതിൽ നിന്ന് സംരക്ഷണം നേടാൻ വിമർശനാത്മക വിലയിരുത്തൽ (Critical Thinking), ഡിജിറ്റൽ സാക്ഷരത (Digital Literacy), ആരോഗ്യകരമായ സ്ക്രീൻ ഉപയോഗ ശീലങ്ങൾ, മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള തുറന്ന ആശയവിനിമയം എന്നിവയ്ക്ക് പുറമേ നമ്മുടെ ശ്രദ്ധയിൽ പെടുന്ന സംശയാസ്പദമായ ഓൺലൈൻ പ്രവർത്തനങ്ങൾ എന്നിവ ഉടനടി ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക എന്നതും അനിവാര്യമായ ഒരു ഘടകമാണ്. ബോധവൽക്കരണവും ഉത്തരവാദിത്വപരമായ സാങ്കേതിക ഉപയോഗവും വിവരാധിഷ്ഠിതമായ തീരുമാനങ്ങളുമാണ് സൈബർ അധിഷ്ഠിത മയക്കുമരുന്ന് കുറ്റകൃത്യങ്ങളെയും അതുപോലുള്ള മറ്റു ഓൺലൈൻ ദുരുപയോഗങ്ങളെയും തടയുന്നതിനുള്ള ഏറ്റവും ശക്തമായ മാർഗം.

ഡിജിറ്റൽ ലോകത്തിൽ ഏറ്റവും ശക്തമായ പ്രതിരോധ മാർഗം അവബോധമാണ് എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് ഒരു വിവരം വിശ്വസിക്കുകയോ ഷെയർ ചെയ്യുകയോ ചെയ്യുന്നതിന് മുമ്പ് സ്വയം ചില ചോദ്യങ്ങൾ ചോദിക്കാം.

ഈ വിവരം പ്രസിദ്ധീകരിച്ചത് ആരാണ്?

ഇതിന് വിശ്വാസ്യതയുള്ള തെളിവുകളുണ്ടോ?

എന്റെ വികാരങ്ങളെ സ്വാധീനിക്കാനാണോ ഈ സന്ദേശം ശ്രമിക്കുന്നത്?

ഞാൻ ചിന്തിച്ചാണോ പ്രതികരിക്കുന്നത്, അതോ വികാരത്തിന്റെ അടിസ്ഥാനത്തിലാണോ?

സൈബർ മനഃശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത്, സാങ്കേതികവിദ്യ മനുഷ്യരെ സ്വാധീനിക്കുമെങ്കിലും നമ്മുടെ തീരുമാനങ്ങളെ പൂർണ്ണമായി നിയന്ത്രിക്കാനാവില്ല എന്നതാണ്. ഓരോ ക്ലിക്കും ലൈക്കും ഷെയറും കമന്റും ഡിജിറ്റൽ സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്നത് ഒരു സത്യമാണ്.

വിദ്യാർഥികളും മാതാപിതാക്കളും എല്ലാ ഡിജിറ്റൽ പൗരന്മാരും ഇന്ന് സാങ്കേതിക വിദ്യ ഉപയോഗിക്കാൻ പഠിക്കുന്നതുപോലെതന്നെ അതിനുപിന്നിലെ മനഃശാസ്ത്രവും മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. നിർമ്മിതബുദ്ധിയുടെ ഈ യുഗത്തിൽ ഏറ്റവും ബുദ്ധിമാനായ വ്യക്തി എല്ലാം കണ്ണടച്ച് വിശ്വസിക്കുന്ന ഒരാളാകരുത്; മറിച്ച് ഒരു നിമിഷം നിർത്തി, വിവരങ്ങൾ പരിശോധിച്ച്, ചിന്തിച്ചശേഷം മാത്രം പ്രതികരിക്കുന്ന ആളാകണം. ■

സുധാ മേനോൻ
എഴുത്തുകാരി



**സ്വാതന്ത്ര്യസമരത്തിലും രാഷ്ട്രനിർമ്മാണപ്രക്രിയയിലും സുപ്രധാന പങ്കുവഹിച്ച് നിശ്ശബ്ദം പിൻവാങ്ങിയ അനേകം വനിതകളുണ്ട്. ചരിത്രം രേഖപ്പെടുത്താൻ മറന്നുപോയ അവരെ കണ്ടെടുത്ത് പരിചയപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്**

# ഇന്ത്യയുടെ 'അമ്മമാർ'

പെരുമ്പാമ്പിനെപ്പോലെ വളഞ്ഞു പുളഞ്ഞ് ഭൂമിയുടെയും ആകാശത്തിന്റെയും അതിരിലേക്ക് നീണ്ടുകിടക്കുന്ന ചെങ്കുത്തായ മലമ്പാത... ശാലമരങ്ങളും പൈൻ മരങ്ങളും തിങ്ങിനിറഞ്ഞ മലഞ്ചരിവുകൾ. കൊയ്ത്തുകഴിഞ്ഞ നെൽപ്പാടങ്ങളിൽ പുല്ല് തിന്നുന്ന പശുക്കൾ... തൊട്ടരികെ, അലസ ലാസ്യയായി ഒഴുകുന്ന തമോർ നദി... തലയിൽ പച്ചപ്പുല്ലിന്റെ കെട്ടുമായി മല കയറിപ്പോകുന്ന ലെപ്ച്ച സ്ത്രീകൾ ഒരുവേള മേഘങ്ങൾക്കിടയിലൂടെയാണോ നടക്കുന്നത് എന്ന് തോന്നിപ്പോകും. ദൂരെ, മഞ്ഞുമൂടിയ ഹിമാലയത്തിന്റെ ഭീമാകാരമായ ഗിരിനിരകൾ ആകാശത്തെ ഒറ്റ വിരൽ കൊണ്ട് താങ്ങിനിർത്തുംപോലെ ഉയർന്നുനിൽക്കുന്നു.

കിഴക്കൻ നേപ്പാളിലെ പ്രാദേശിക രാഷ്ട്രീയപ്രവർത്തകയായ ചാന്ദ്നി ലെപ്ച്ചയുടെ കുഞ്ഞുവീട്ടിലായിരുന്നു ഞാൻ. ഇന്ത്യൻ അതിർത്തിയോട് ചേർന്നുകിടക്കുന്ന താപ്ലെജൂംഗ് ജില്ലയിലെ അതിവിദൂരമായ ഒരുൾനാടൻ ഗ്രാമം. മേൽക്കൂരയിൽ നീല നിറത്തിലുള്ള ആസ്ബസ്റ്റോസ് ഷീറ്റടിച്ച, മണ്ണുകൊണ്ട് തറയും ചുമരും പണിത ആ ഒറ്റമുറി വീട്ടിൽ ചാന്ദ്നി തനിച്ചാണ്. നാൽപത് വർഷങ്ങൾക്കുമുമ്പ് സിക്കിമിലെ ഒരുൾനാടൻ ഗ്രാമത്തിൽനിന്നും താപ്ലെജൂംഗിലേക്ക് കുടിയേറിയ കുടുംബമാണ് ചാന്ദ്നിയുടേത്. അവളുടെ കാരണവന്മാർ ഡാർജിലിങ്ങിലെ യൂറോപ്യൻ ചായത്തോട്ടങ്ങളിലെ പണിക്കാരായിരുന്നു. ചാണകം പൊട്ടിയടർന്ന് വരാന്തയിൽ ഇരുന്ന്, 'ടൂകി' (നേപ്പാളി ഗ്രാമങ്ങളിൽ ഉപയോഗിക്കുന്ന ചെറിയ മണ്ണെണ്ണ വിളക്ക്)യുടെ അടപ്പൂരി കുപ്പിയിലേക്ക് ശ്രദ്ധയോടെ മണ്ണെണ്ണ ഒഴിക്കുകയായിരുന്നു അവൾ. ഒറ്റപ്പെട്ട വീടാണ് ചാന്ദ്നിയുടേത്. ചുറ്റും കൃഷിസ്ഥലങ്ങളും പുൽമേടുകളുമാണ്. മലമ്പാതയിലൂടെ രണ്ടുമൂന്നു കിലോമീറ്റർ നടന്നാൽ മാത്രമേ അടുത്ത അയൽവാസിയെ കാണാനൊക്കൂ. സ്വയം തിരഞ്ഞെടുത്ത



ഹെലൻ ലെപ്ച്ച

ഏകാന്തജീവിതം. പശുക്കളും കോഴികളും നെൽക്കതിർ കൊത്താൻ എവിടെനിന്നോ വന്നുപോകുന്ന കിളികളും, മുന്നിലെ സർവസാക്ഷിയായ ഹിമവാനും മാത്രമാണ് ചാന്ദ്നിയുടെ കൂട്ടുകാർ.

പിറ്റേന്ന് താപ്ലെജൂംഗിനടുത്തുള്ള ഒരു ഗ്രാമത്തിൽ വെച്ച് നടക്കുന്ന യോഗത്തിൽ പങ്കെടുക്കാനാണ് ഞാൻ ആ വിദൂര ഗ്രാമത്തിൽ എത്തിയത്. ഹോട്ടലുകൾ ഇല്ലാത്തതുകൊണ്ട് ഈ ഒറ്റപ്പെട്ട കുടിലിൽ തങ്ങുകയല്ലാതെ മറ്റു വഴികൾ ഇല്ലായിരുന്നു. ചെങ്കുത്തായ ഹെയർപിൻ പാതകളിലൂടെ അപകടകരമാം വിധം പഴഞ്ചനായ ജീപ്പിൽ സഞ്ചരിച്ചും നടന്നും കിതച്ചും ഒക്കെയാണ് ഭൂമിയുടെ കിഴക്കേ അറ്റം എന്ന് തോന്നിപ്പിക്കുന്ന മലയടിവാരത്തെ ഈ കുഞ്ഞു വീട്ടിൽ ഞങ്ങൾ എത്തിയത്.


ഉദാദേവി പാസി


ജൽക്കാരി ദേവി


അസീസൻ ബായി


ഗൗഹർ ജാൻ


മാതംഗിനി ഹസ്ര


പ്രീതിലത വാദേദാർ


നനിബാലാ ദേവി


രാജ് കുമാരി അമൃത്കൗർ

ചാന്ദ്നി അകത്തെ ഒറ്റമുറിയിൽ നിന്നും ഒരു കീറിയ തഴപ്പായ മുറ്റത്തേക്കിട്ടു. അതിനുശേഷം സൾപ്പു കത്തിച്ച് ആഞ്ഞ് പുകയൂതി (നേപ്പാളി ഹുക്ക).

ദൂരെയുള്ള ഗ്രാമത്തിനു മുകളിൽ മഞ്ഞിന്റെ മേലാട വീഴാൻ തുടങ്ങി. നദിയും നെൽപ്പാടങ്ങളും കടന്നെത്തിയ കുളിർകാറ്റിന് പവിഴമല്ലിയുടെ മണം. മിഴികൾ അടയും മുമ്പേ ചാന്ദ്നി എന്നെ ആ വീട്ടിലെ ഒറ്റ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. പഴന്തുണികളും കീറിയ കമ്പിളിത്തുണ്ടുകളും കൊണ്ട് മറച്ച ജനലഴികൾ ഉള്ള ഇടുങ്ങിയ ഒരു മുറി. ഒരു വശത്തായി ചെറിയ ഒരു കട്ടിൽ. മറുവശത്ത്, കൂട്ടിയിട്ട തുണികൾക്കിടയിൽ ഒരു പഴയ തയ്യൽ മെഷീൻ. തയ്യൽ മെഷീന്റെ മുകളിൽ സാമാന്യം വലിപ്പമുള്ള ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോ ഫ്രെയിം ചെയ്ത് തൂക്കിയിരുന്നു. 'ടൂക്കി'യുടെ മങ്ങിയ പ്രകാശത്തിൽ ഫോട്ടോ വ്യക്തമല്ല. ഞാൻ പതുക്കെ ആ ചുമരിന് അരികിലേക്ക് നടന്നു. ഫോട്ടോ വ്യക്തമായി കാണാൻ ചാന്ദ്നി 'ടൂക്കി' ചുമരിനടുത്തേക്ക് പിടിച്ചു.

പ്രായം ചെന്ന രണ്ട് സ്ത്രീകളായിരുന്നു അതിൽ. ഒരാൾ ഖാദി സാരിയും നീണ്ട കൈയുള്ള ബ്ലൗസും ധരിച്ച കണ്ണട ധരിച്ച ഒരു വൃദ്ധ. മറ്റേത് ലെപ്ച്ചകളുടെ പരമ്പരാഗത വേഷം ധരിച്ച ഒരു യുവതി. ഫോട്ടോയിലെ യുവതിയെ തൊട്ടുകാണിച്ചുകൊണ്ട് അതെന്റെ മുത്തശ്ശിയാണെന്ന് ചാന്ദ്നി അഭിമാനത്തോടെ പറഞ്ഞു. മറ്റേത് ആരാണെന്ന് ഞാൻ കൗതുകത്തോടെ ചോദിച്ചു.

ചാന്ദ്നി എന്നെ അമ്പരപ്പോടെ നോക്കി. എന്നിട്ട് ഹിന്ദിയിൽ ചോദിച്ചു.

'അതാരാണെന്ന് മനസ്സിലായില്ലേ? ഒരിക്കൽക്കൂടി നോക്കൂ... നിങ്ങൾക്ക് ശരിക്കും അറിയേണ്ടതാണ്'.

ഞാൻ വീണ്ടും നോക്കി. ഇല്ല. ഒരു പരിചയവും തോന്നുന്നില്ല. മുമ്പ് ഒരിക്കലും എവിടെയും കണ്ടിട്ടില്ലാത്ത ഒരു സ്ത്രീ.

'അതാണ് സാബിത്രീദേവി'. ചാന്ദ്നിയുടെ മുഖത്ത് ശരിക്കും നിലാവ് പൂത്തു. 'ഗാന്ധി ബാപ്പു ഇട്ട പേരാണത്. ബാപ്പു ആയിരുന്നു അവരുടെ ഗുരു. യഥാർഥ പേര് ഹെലൻ ലെപ്ച്ച. സിക്കിമിൽ നിന്നുള്ള പ്രശസ്തയായ സ്വാതന്ത്ര്യസമരസേനാനിയാണ്. ഞങ്ങളുടെ 'സാങ്മു' ഗ്രാമത്തിലാണ് ജനിച്ചത്. എന്റെ മുതുമുത്തശ്ശിയും അവരുടെ കുടുംബവും അയൽക്കാരായിരുന്നു'.

ഞാൻ അന്ധാളിച്ചു. അങ്ങനെയൊരു പേര് ഒരിക്കലും കേട്ടിട്ടില്ല. ഈ പെൺകുട്ടി കള്ളം പറയുന്നതാവാൻ വഴിയില്ല. ഒരുപക്ഷെ ഏതെങ്കിലും പ്രാദേശിക നേതാവാകാം. ദേശീയബോധത്തിന്റെ വേരുകൾ ഇടനെഞ്ചിലും ഞരമ്പുകളിലും ആഴത്തിൽ പടർത്തിയ മനുഷ്യർ എല്ലായിടത്തും ഉണ്ടാകുമല്ലോ എന്ന് ആശ്വസിച്ചുകൊണ്ട് എപ്പോഴോ ഞാൻ ഉറങ്ങിപ്പോയി.

പിറ്റേന്ന് രാവിലെ ഞങ്ങൾ താപ്ലെജുംഗിലേക്ക് മടങ്ങി. അവിടുന്ന് ദൽഹിയിലേക്കും. തിരികെ അഹമ്മദാബാദിൽ എത്തിയ ശേഷമാണ് ഞാൻ 'ഹെലൻ ലെപ്ച്ച'യെ ഇന്റർനെറ്റിൽ തിരഞ്ഞത്. തിരയാൻ അധികമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും ഗൂഗിളിൽ നിന്നും കിട്ടിയ പരിമിതമായ വിവരങ്ങൾ എന്നെ വല്ലാതെ അലട്ടി. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് എത്രമാത്രം പരിമിതമാണെന്ന് മനസിലായത് അപ്പോഴാണ്.

മഞ്ഞിൽ ജനിച്ച്, മഞ്ഞിൽ വളർന്ന, അതീവ സൗമ്യയും അതീവ ധീരയുമായ സ്ത്രീയായിരുന്നു ഹെലൻ ലെപ്ച്ച. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ശബ്ദായമാനമായ ചരിത്രത്തിൽ നിശ്ശബ്ദതയിലൂടെ മാത്രം സ്വയം അടയാളപ്പെടുത്തിയ ചുരുക്കം ചില സ്ത്രീകളിൽ ഒരാൾ. അതുകൊണ്ടുതന്നെ സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവങ്ങളിലും വർണ്ണശബളമായ പൂരക്കാഴ്ചകളിലും ഹെലൻ ലെപ്ച്ച കടന്നുവന്നിട്ടേയില്ല. നിസ്സഹകരണപ്രസ്ഥാനം മുതൽ ക്വിറ്റ് ഇന്ത്യാ സമരം വരെ ഡാർജിലിങ് മലനിരകളിലെയും തറായ് മേഖലയിലെയും വടക്കുകിഴക്കൻ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലെയും ഏറ്റവും ധീരയായ കോൺഗ്രസ് നേതാവായിരുന്നു ഹെലൻ. യൂറോപ്യൻ മുതലാളിത്ത സംസ്കാരത്തിന്റെ കേന്ദ്രങ്ങളായ കർസോങിലും ഡാർജിലിങ്ങിലും സിലിഗുരിയിലും ഒക്കെ ബ്രിട്ടീഷ് നിർമ്മിത വസ്തുക്കളുടെ ബഹിഷ്കരണം സംഘടിപ്പിക്കാനും, ഗൂർഖ-ലെപ്ച്ച




സത്യവതീ ദേവി



ദുർഗാവതി വോറ



കൽപ്പന ദത്ത



ഉഷാ മേത്ത



ഹൻസാ മേത്ത



ദാക്ഷായണി വേലായുധൻ



ദുർഗാബായ് ദേശ്മുഖ്



മുത്തുലക്ഷ്മി റെഡ്ഡി

സമുദായങ്ങളെ ബ്രിട്ടിഷുകാർക്കെതിരെ ഏകോപിപ്പിക്കാനും ഹെലന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

സുഭാഷ്ചന്ദ്രബോസിനെ ഇന്ത്യയിൽനിന്നും രക്ഷപ്പെടുന്നതിൽ സഹായിച്ചത് ഹെലൻ ലെപ്ച്ച ആയിരുന്നുവെന്നത് ഇന്നും അധികമാർക്കും അറിയില്ലാത്ത ചരിത്രവസ്തുതയാണ്. നിർഭാഗ്യവശാൽ, നേതാജിയുടെ ജീവചരിത്രമെഴുതിയവർ പോലും ഹെലൻ ലെപ്ച്ചയുടെ പങ്കാളിത്തം വിസ്മരിച്ചു. അതുകൊണ്ടുതന്നെ അവിടെയും അവർ അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടു.

1939-40 കാലഘട്ടത്തിൽ നേതാജി സുഭാഷ്ചന്ദ്രബോസ് കുർസോങിൽ വീട്ടുതടങ്കലിൽ കഴിയുമ്പോൾ ഹെലൻ ഭർത്താവായ ഇഷാൻ അഹമ്മദിന്റെ ബേക്കറിയിൽ നിന്നുള്ള ബ്രെഡിനുള്ളിൽ കത്തുകൾ ഒളിപ്പിച്ചാണ് കൽക്കത്തയിൽനിന്നും മറ്റു പല ഭാഗങ്ങളിൽ നിന്നുമുള്ള രഹസ്യസന്ദേശങ്ങൾ അദ്ദേഹത്തിന് കൈമാറിയത്. കൂടാതെ നേതാജിയെ താടിയും മീശയും വെച്ച് ഒരു പത്താന്റെ
വേഷത്തിൽ രക്ഷപ്പെടാനും അവർ സഹായിച്ചു. അങ്ങനെ ഹെലന്റെ സഹായത്തോടെയാണ് നേതാജിക്ക് കുർസോങിൽ നിന്നും കൽക്കത്തയിലേക്കും അവിടുന്ന് കാബൂൾ വഴി ജർമനിയിലേക്കും രക്ഷപ്പെടാൻ സാധിച്ചത്. സ്വാതന്ത്ര്യം ലഭിച്ച ശേഷവും അവർ കുർസോങിലെ പ്രാദേശിക രാഷ്ട്രീയത്തിൽ സജീവമായി



ഖുർഷിദ്ബെൻ നവറോജി

രുന്നു. പക്ഷെ, നെഹ്റു കുടുംബവുമായി അടുത്ത ബന്ധമുണ്ടായിരുന്നിട്ടും അവർ ഒരിക്കൽപ്പോലും പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെ നേരിൽ പോയി കാണുകയോ സ്ഥാനമാനങ്ങൾക്കായി അപേക്ഷിക്കുകയോ ചെയ്തില്ല. വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും കറയറ്റ മതേതരവാദിയായിരുന്ന ഹെലൻ ലെപ്ച്ച വടക്കുകിഴക്കൻ ഇന്ത്യയിലെ സമാദരണീയയായ നേതാവായിരുന്നു.

1980 ആഗസ്റ്റ് 18ന് ഡാർജിലിങ്ങിലെ പ്ലാന്റേഴ്സ് ക്ലബ് ആശുപത്രിയിൽ വെച്ചാണ് ഹെലൻ ലെപ്ച്ച അന്തരിച്ചത്. ജാതിമതഭേദമന്യേ ആയിരക്കണക്കിന് മനുഷ്യരാണ് അവരെ അവസാനമായി കാണാൻ ആശുപത്രിയിലും വീട്ടിലും എത്തിയത്. മതരഹിത ജീവിതം നയിച്ച ഹെലൻ ലെപ്ച്ചയുടെ മൃതദേഹം സംസ്കരിച്ചത് സർവമത പ്രാർഥനകളോടെയായിരുന്നു.

ഹെലൻ ലെപ്ച്ചയുടെ ജീവിതം അങ്ങനെ വിസ്മരിക്കപ്പെടേണ്ടതല്ല. പൊതുപ്രവർത്തനരംഗത്ത് പുരുഷന്മാരും അഭിജാതരായ വരേണ്യവനിതകളും മാത്രം പരിഗണിക്കപ്പെട്ടിരുന്ന ഒരു കാലത്താണ് ആദിവാസിയായ, സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്ത, ഒരു സ്ത്രീ മുൻ നിരയിൽ പ്രവർത്തിക്കാൻ തുടങ്ങിയത്. അതുവരെ സമൂഹത്തിന്റെ അരികുകളിൽ ഒതുക്കപ്പെട്ടിരുന്ന ധാരാളം സ്ത്രീകൾക്ക് ആത്മവിശ്വാസം നൽകിയത് ഹെലൻ ലെപ്ച്ചയുടെ സമർപ്പിതജീവിതമായിരുന്നു.

ഹെലൻ ലെപ്ച്ചയുടെ ജീവിതം അക്ഷരാർഥത്തിൽ എന്റെ കണ്ണുനിറച്ചു. മുഖ്യധാരാ ചരിത്രകാരന്മാർ ഒരിക്കൽപ്പോലും പരാമർശിക്കാത്ത ധീരദേശാഭിമാനികളായ ധാരാളം സ്ത്രീകൾ ഇതുപോലെ വിദൂരമായ ഗ്രാമങ്ങളിലെ പല മുഷിഞ്ഞ ചുമരുകളിലും ഉണ്ടാകില്ലേ?

പിന്നീട് നടത്തിയ അന്വേഷണത്തിലാണ് പൊതുസമൂഹം ഓർമ്മിക്കാത്ത നിരവധി സ്ത്രീകളെക്കുറിച്ച് അറിഞ്ഞത്. വാസ്തവത്തിൽ, വൻ ജലപാതങ്ങളെയും മഞ്ഞുമലകളെയും ചിറ്റരുവികളെയും നീർച്ചാലുകളെയും ഒരുപോലെ നെഞ്ചിലേറ്റുന്ന ഒരു മഹാനദിപോലെയാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനം. ചർക്കയും ഉപ്പും പദയാത്രകളും പിക്കറ്റിങ്ങും നൃത്തവും നാടകവും മുദ്രയും

യക്ഷഗാനവും മാത്രമല്ല; അമ്പും വില്ലും വാളും പരിചയും തോക്കും ബോംബും പീരങ്കിയും വരെ ഒരേ ലക്ഷ്യബോധത്തോടെ അതിൽ പങ്കാളികളായി.

ആശയങ്ങളുടെയും ആയുധങ്ങളുടെയും ഈ മഹാപ്രവാഹത്തിൽ ചെറുവഞ്ചികളും ചങ്ങാടങ്ങളുമായി ഒറ്റയ്ക്ക് തുഴയാനിറങ്ങിയ ധാരാളം സ്ത്രീകളും ഉണ്ടായിരുന്നു.

**ഉദാദേവി പാസി, ജൽക്കാരി ദേവി, അസീസൻ ബായി, ഗൗഹർ ജാൻ, ഹെലൻ ലെപ്ച്ച, സത്യവതി ദേവി, ദുർഗാവതി വോറ, കൽപ്പന ദത്ത, ഉഷാ മേത്ത, മാതംഗിനി ഹസ്ര, പ്രീതിലത വാദേദാർ, നനിബാലാ ദേവി, രാജ് കുമാരി അമൃത്കൗർ, ഹൻസാ മേത്ത, ദാക്ഷായണി വേലായുധൻ, ദുർഗാബായ് ദേശ്മുഖ്, മുത്തുലക്ഷ്മി റെഡ്ഡി, ഖുർഷിദ്ബെൻ നവറോജി..... വിസ്മൃതതാരകങ്ങളുടെ പട്ടിക ഇങ്ങനെ നീളുകയാണ്.**

കഥകിന്റെയും ഗസലുകളുടെയും ഖവാലികളുടെയും ലോകത്തുനിന്നും സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സായുധകലാപത്തിലേക്ക് ആയുധങ്ങളും അഭയവും സ്നേഹവും പ്രണയവുമായി ഇറങ്ങി വന്ന തവായിഫുകൾ മുതൽ യാഥാസ്ഥിതികത്വത്തിന്റെ ചങ്ങലക്കെട്ടുകളെ ധീരതയോടെ കുടഞ്ഞുകളഞ്ഞ് രാഷ്ട്രീയത്തിലും സമൂഹത്തിലും മാറ്റം വരുത്താൻ സ്വയം സമർപ്പിച്ച ദേവദാസികൾ വരെ...

ഉദാദേവി പാസി, ജൽക്കാരി ദേവി, അസീസൻ ബായി, ഗൗഹർ ജാൻ, ഹെലൻ ലെപ്ച്ച, സത്യവതി ദേവി, ദുർഗാവതി വോറ, കൽപ്പന ദത്ത, ഉഷാ മേത്ത, മാതംഗിനി ഹസ്ര, പ്രീതിലത വാദേദാർ, നനിബാലാ ദേവി, രാജ് കുമാരി അമൃത്കൗർ, ഹൻസാ മേത്ത, ദാക്ഷായണി വേലായുധൻ, ദുർഗാബായ് ദേശ്മുഖ്, മുത്തുലക്ഷ്മി റെഡ്ഡി, ഖുർഷിദ്ബെൻ നവറോജി...... ഇതൊരു നീണ്ട പട്ടികയാണ്.

പുരുഷന്മാരുടെ നിഴലിൽ അല്ലാതെ മിന്നാമിനുങ്ങുകൾ പോലെ സ്വയം പ്രകാശിച്ച സ്ത്രീകളാണ് ഇവരൊക്കെയും. ഇവരിൽ അക്ഷരമറിയാത്ത ഗോത്രവർഗ വനിതകൾ മുതൽ ലോകോത്തര സർവകലാശാലകളിൽ ഉപരിപഠനം നടത്തിയ സ്ത്രീകൾ വരെയുണ്ട്. അമ്പും വില്ലുമേന്തി കുതിരപ്പുറത്ത് പടക്കിറങ്ങാൻ തയ്യാറായ, സ്വന്തം നാട്ടുരാജ്യത്തിന്റെ അതിരുകൾക്കപ്പുറമുള്ള ലോകം അപരിചിതമായിരുന്ന ദളിത് സ്ത്രീപോരാളികൾ മുതൽ ഐക്യരാഷ്ട്രസഭയുടെ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം തിരുത്തിയെഴുതിക്കാൻ കഴിവും ശബ്ദവും ഉണ്ടായിരുന്ന സ്ത്രീകൾ വരെ... വിപ്ലവത്തിന് വേണ്ടി സ്വന്തം ജീവനും രക്തവും നൽകിയ പെൺകുട്ടികൾ മുതൽ ഗാന്ധിയൻ പാതയിൽ നിന്നും ഒരടിപോലും വ്യതിചലിക്കാൻ തയ്യാറാവാത്ത സമാധാനപോരാളികൾ വരെ...

ഈ പോരാളികളിൽ പലരും പിന്നീട് പാടേ വിസ്മൃതരായി. അവരുടെ സംഭാവനകൾ എവിടെയും ചർച്ച ചെയ്യപ്പെട്ടില്ല. അവരുടെ പേരിൽ മരണാനന്തര ബഹുമതികളും പുരസ്കാരങ്ങളും അനുസ്മരണ പ്രഭാഷണങ്ങളും ഉണ്ടായില്ല. അവരുടെ ജീവചരിത്രങ്ങൾ എഴുതപ്പെട്ടില്ല. മ്യൂസിയങ്ങളിൽ അവരുടെ ചിത്രങ്ങൾ ഇല്ല. ചില സ്ത്രീകൾ പൂർണ്ണമായും തമസ്കരിക്കപ്പെട്ടപ്പോൾ അപൂർവം ചിലർ അവരുടെ ദേശത്തുമാത്രം പ്രാദേശികമായി ഓർമ്മിക്കപ്പെട്ടു. ചിലർ വിദൂരഗ്രാമങ്ങളിലെ ഒറ്റമുറി വീടുകളിലെ നിറം മങ്ങിയ ചുമരുകളിൽ ഒതുങ്ങി. മറ്റു ചിലരാകട്ടെ, പ്രാദേശിക വായനശാലകളിലെ പഴകി മഞ്ഞിച്ച സോവനീറുകളിലെ പൊടിയിൽ മുങ്ങിക്കിടക്കുന്നുണ്ടാകും. ചിലരുടെ പ്രതിമകൾ അവരുടെ ഗ്രാമങ്ങളിൽ അടുത്ത കാലത്തായി ഉയർന്നിട്ടുണ്ട്. ഉത്തരേന്ത്യയിലെ ദളിത്-ബഹുജനരാഷ്ട്രീയത്തിന്റെ ഭാഗമായിട്ടാണ് അപൂർവം ചില സ്ത്രീ സ്വാതന്ത്രസേനാനികൾ എങ്കിലും ഇന്ന് വീരാംഗനകളായി ആരാധിക്കപ്പെടുന്നത്.

സ്വാതന്ത്ര്യസമരത്തിൽ മാത്രം ഒതുങ്ങിയില്ല, ഈ സ്ത്രീപങ്കാളിത്തവും അദൃശ്യവൽക്കരണവും. അത് ഭരണഘടനാനിർമ്മാണ സഭയിലേക്കും രാഷ്ട്രനിർമ്മാണ പ്രവർത്തനത്തിലേക്കും കൂടി നീണ്ടു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ മഹത്തായ രാഷ്ട്രനിർമ്മാണപ്രക്രിയയിലും ഭരണഘടനാ നിർമ്മാണത്തിലും പുരുഷന്മാരായ നേതാക്കൾക്കൊപ്പം തുല്യമായ പങ്ക് വഹിച്ച ധാരാളം സ്ത്രീകൾ ഉണ്ടായിരുന്നു. വിഭജനവും പലായനങ്ങളും വർഗീയകലാപങ്ങളും ക്ഷാമവും സൃഷ്ടിച്ച ഗുരുതരമായ പ്രശ്നങ്ങളുടെ മലവെള്ളപാച്ചിലിൽ, നെഹ്റുവിനോടൊപ്പം ചേർന്നുനിന്ന് തുഴഞ്ഞുകൊണ്ട് ജനാധിപത്യഇന്ത്യയെ കരയ്ക്കെത്തിക്കാൻ ഈ സ്ത്രീകൾ സഹിച്ച ത്യാഗങ്ങൾ ചെറുതല്ല. ഭരണഘടനയിലും ആരോഗ്യരംഗത്തും സാമൂഹ്യക്ഷേമരംഗത്തും വിദ്യാഭ്യാസരംഗത്തും ഒക്കെ അവരുടെ കൃത്യമായ കൈയൊപ്പുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിനെയും ഇന്ത്യയുടെ ആരോഗ്യവ്യവസ്ഥയെയും ശൂന്യതയിൽനിന്ന് പടുത്തുയർത്തിയ രാജ്കുമാരി അമൃത് കൗർ മുതൽ സാമൂഹ്യക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ അടിത്തട്ടിൽവരെ വ്യാപിപ്പിച്ച ദുർഗാബായ് ദേശ്മുഖ് വരെയുള്ള സ്ത്രീകൾ...

എന്നിട്ടും, വിക്രം സാരാഭായിയും ഡോ-.വിശ്വേശ്വരയ്യയും മഹലനോബിസും എം.എസ്.സ്വാമിനാഥനും ഒക്കെ 'ഇൻസ്റ്റിറ്റ്യൂഷൻ ബിൽഡിങിലെ' അതികായന്മാരായി വാഴ്ത്തപ്പെട്ട നാട്ടിൽ അസാധാരണമായ പ്രതിഭയും ഭാവനയും കാര്യശേഷിയും ഉണ്ടായിരുന്ന ഈ സ്ത്രീനേതാക്കൾ വിസ്മരിക്കപ്പെട്ടു. സ്വാതന്ത്ര്യസമരത്തിലെയും വികസനപാതയിലേയും 'പിതാക്കന്മാരെ' കൃത്യമായി അടയാളപ്പെടുത്തുകയും ബിംബവൽക്കരിക്കുകയും ചെയ്ത് സിംഹാസനങ്ങളിൽ ഇരുത്തിയ ഇന്ത്യൻ പൊതുബോധം ഈ പ്രക്രിയയുടെ അവിഭാജ്യഘടകമായിരുന്ന 'അമ്മമാരെ' സ്മരണയുടെ ഓരങ്ങളിലേക്ക് കുറ്റബോധമില്ലാതെ തള്ളിമാറ്റി.

വിഭിന്ന സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ നിന്നുമുള്ള തികച്ചും വ്യത്യസ്തരായ ഈ അമ്മമാരെ ബന്ധിപ്പിക്കുന്ന ഒരേയൊരു കണ്ണി ഇന്ത്യയെന്ന മഹാരാജ്യത്തോടുള്ള അവരുടെ ഉപാധികളില്ലാത്ത സ്നേഹവും സമർപ്പണവുമാണ്. സഹജീവികളോടുള്ള അതിരില്ലാത്ത അനുതാപമാണ്. ഭർത്താവിന്റെ നിഴലിലല്ലാതെ സ്വയം വഴിവെട്ടി മുന്നോട്ടുവന്നവരാണ് ഇവരിലേറെയും. ഈ അമ്മമാരിൽ പലരും വ്യക്തിജീവിതത്തിൽ അമ്മമാരോ ഭാര്യമാരോ അല്ല. അവിവാഹിതകളും വിധവകളും സന്ന്യാസജീവിതം നയിച്ചവരും ഇവർക്കിടയിലുണ്ട്. എങ്കിലും, പൊതുവായി ഈ 'റിപ്പബ്ലിക്കിന്റെ അമ്മ' എന്ന് വിശേഷിപ്പിക്കപ്പെടാൻ അർഹരാണ് ഓരോരുത്തരും.

വാസ്തവത്തിൽ, ഒരു ബഹുസ്വര മതേതര ദേശരാഷ്ട്രത്തിന്റെ മാതാവായി നമ്മൾ സങ്കൽപിക്കേണ്ടത് ശിവകാശി കലണ്ടറുകളെ ഓർമ്മിപ്പിക്കുന്ന സർവാഭരണ വിഭൂഷിതയായ രൂപത്തെയോ ആയുധധാരിയായ സംഹാരമൂർത്തിയേയോ അല്ല. പകരം, സഹനത്തിന്റെയും പ്രതിബദ്ധതയുടെയും ആത്മസമർപ്പണത്തിന്റെയും സമരവീര്യത്തിന്റെയും കാലാതിവർത്തിയായ ചേതോഹരമാതൃകകളിലൂടെ രാഷ്ട്രനിർമ്മാണപ്രക്രിയയിൽ സുപ്രധാന പങ്കുവഹിച്ചിട്ടും യാതൊരു അവകാശവാദങ്ങളും ഇല്ലാതെ നിശ്ശബ്ദരായി കടന്നുപോയ നിരവധി സാധാരണ സ്ത്രീകളാണ് യഥാർഥത്തിൽ 'ഭാരതമാതാവ്' എന്ന് സങ്കൽപ്പിക്കുമ്പോൾ നമുക്ക് മുന്നിൽ തെളിഞ്ഞുവരേണ്ടത്. കാരണം, ആ അമ്മമാരുടെ ജീവനും ജീവിതവും വിയർപ്പും ചോരയും ഉരുക്കിച്ചേർത്ത ഉലയിൽ നിന്നാണ് ഇന്ത്യയെന്ന ആധുനിക മതേതര ജനായത്ത റിപ്പബ്ലിക് സുവർണ്ണ ശോഭയോടെ ഉയർന്നുവന്നത്.

ആധുനിക ഇന്ത്യാചരിത്രം പെരുമഴയത്ത് നിർത്തിയ ഈ 'അമ്മമാരിൽ' ചിലരെയെങ്കിലും കണ്ടെടുത്ത് പരിചയപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത കൂടിയാണ്. ■

**മാതൃകാപരമായ ഒരു രക്ഷാപ്രവർത്തന ഏകോപന രീതിയാണ് ഈ ദുരന്തമുഖത്ത് ശ്രദ്ധേയമായത്. ജനപ്രതിനിധികളുടെ കൃത്യമായ ഇടപെടലുകൾ ഓരോ ദുരിതാശ്വാസ ക്യാമ്പിലും അതിജീവനസാധ്യതകളുടെ പ്രത്യാശ പരത്തി**



# ചേർത്തണച്ച് സർക്കാർ; മഴക്കലിയിൽ പതറാതെ നാട്...

കുറച്ചുകാലങ്ങളായി പെട്ടെന്നു പൊട്ടിവീഴുന്ന അതിതീവ്രമഴയുടെ ദുരിതപ്പെയ്ത്തുകൾ കേരളത്തിന്റെ സമാധാനത്തിന് മേൽ കരിനിഴൽ വീഴ്ത്തി തുടങ്ങിയിട്ട്. എല്ലാ കരുതലുകൾക്കുമപ്പുറം ഇത്തവണയും മഴ കണക്കുകൂട്ടലുകൾ തെറ്റിച്ചു. കാലവർഷക്കെടുതികളെ നേരിടാൻ വികേന്ദ്രീകൃത സംവിധാനങ്ങളിലൂടെ കുറ്റമറ്റ തയ്യാറെടുപ്പുകൾ നടത്തിയിരുന്നുവെങ്കിലും ചിലയിടങ്ങളിൽ പ്രതീക്ഷകൾ തെറ്റിച്ചുകൊണ്ട് 2018ലെ മഹാ പ്രളയത്തെക്കാളും വെള്ളം കയറി. സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിച്ചതുമൂലം വൻ അപകടങ്ങളും നാശനഷ്ടങ്ങളും ഒഴിവാക്കാനായി. മത്സ്യത്തൊഴിലാളികളടക്കമുള്ളവർ ദുരന്തസംവിധാനങ്ങളുമായി കൈകോർത്തു. ജില്ലകളിലെ മന്ത്രിമാരും ജനപ്രതിനിധികളും

# പ്രധാന പ്രഖ്യാപനങ്ങൾ

- പ്രളയത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് എട്ട് ലക്ഷം രൂപ ധനസഹായം
- സംസ്കാരച്ചെലവിനായി പതിനായിരം രൂപ
- വീടും സ്ഥലവും പൂർണമായി നഷ്ടപ്പെട്ടവർക്കുള്ള സഹായം 10 ലക്ഷത്തിൽ നിന്ന് 12 ലക്ഷം രൂപയായി ഉയർത്തി.
- പൂർണമായി തകർന്ന വീടുകൾക്കുള്ള ധനസഹായം നാല് ലക്ഷത്തിൽ നിന്ന് ആറ് ലക്ഷം രൂപയാക്കി
- ദുരിതാശ്വാസ ക്യാമ്പിൽ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും വീടുകളിൽ വെള്ളം കയറിയവർക്ക് 10,000 രൂപ അടിയന്തര സഹായം
- ക്യാമ്പുകളിൽ കഴിയുന്നവർ വീടുകളിൽ എത്തും മുമ്പ് കിണറുകൾ ക്ലോറിനേഷൻ നടത്തും.
- വീടുകളുടെ ശുചീകരണത്തിന് വോളന്റിയർമാരുടെ സഹായം തേടും. വീട് ശുചീകരണത്തിന് 10,000 രൂപ
- വ്യാപാരികൾക്കുള്ള നഷ്ടപരിഹാരം പ്രത്യേകം പരിഗണിക്കും
- വെള്ളം കയറി മാറിത്താമസിക്കേണ്ടി വരുന്നവർക്ക് വീട്ടുവാടകയും റേഷൻ കാർഡിലെ രണ്ട് അംഗങ്ങൾക്ക് പ്രതിദിനം 300 രൂപ വീതം ആനുകൂല്യവും
- കർഷകർക്കുള്ള കൃഷിനാശ ധനസഹായം 25 ശതമാനം വർധിപ്പിക്കും.
- വെള്ളം കയറി ഉപജീവനമാർഗം നഷ്ടപ്പെട്ട കടയുടമകൾക്ക് 10000 രൂപയുടെ പ്രത്യേക ധനസഹായം
- സർക്കാർ ആശുപത്രികളുടെ സേവനം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഗുരുതര രോഗികളെ സ്വകാര്യ ആശുപത്രികളിലേക്കോ മറ്റ് ജില്ലകളിലെ ആശുപത്രികളിലേക്കോ മാറ്റുന്നതിന് ചികിത്സാച്ചെലവ് സർക്കാർ വഹിക്കും







ഉദ്യോഗസ്ഥരും ഒരുപോലെ കണ്ണിമയ്ക്കാതെ ദുരിതബാധിതർക്കൊപ്പം നിന്നു. കൃത്യമായ നിർദ്ദേശങ്ങളുമായി ദുരന്തനിവാരണ വകുപ്പിന്റെ മേധാവിയായ മുഖ്യമന്ത്രിയും സംസ്ഥാന സംവിധാനങ്ങളും അവർക്ക് വഴികാട്ടികളായി....എന്നിട്ടും 26 ജീവനു

## പ്രകൃതി ദുരന്തങ്ങൾക്കെതിരെ കൂടുതൽ ജാഗ്രത

- ദുരന്തനിവാരണ രംഗത്ത് രാജ്യത്തിന് മാതൃകയാകുന്ന എ.ഐ അധിഷ്ഠിത ഡാം മാനേജ്മെന്റ് സംവിധാനം കേരളത്തിൽ നടപ്പാക്കും
- ഇൻഫ്ലോ, ഔട്ട്ഫ്ലോ, മഴയുടെ അളവ് എന്നിവ ശാസ്ത്രീയമായി വിലയിരുത്തിയ ശേഷമായിരിക്കും ഇനി ഡാമുകൾ തുറക്കുക.
- വെള്ളപ്പൊക്ക ഭീഷണി കുറയ്ക്കുന്നതിനായി ഡാമുകൾ, നദികൾ എന്നിവിടങ്ങളിലെ മണലും ചെളിയും അടിയന്തരമായി നീക്കം ചെയ്യും.
- ഒഡിഷ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ മാതൃകയിൽ കാലാവസ്ഥാ പ്രവചനവും ഫ്ലഡ് മാപ്പിംഗും ശക്തിപ്പെടുത്തി ദുരന്തത്തിന്റെ ആഘാതം കുറയ്ക്കുന്നതിനുള്ള ഡിസാസ്റ്റർ റെസിലിയൻസ് പ്രോഗ്രാമിന് രൂപം നൽകും.
- നദികൾ, തടാകങ്ങൾ, കനാലുകൾ എന്നിവ ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ തയ്യാറാക്കും
- നദീതീരങ്ങളിലെ കയ്യേറ്റങ്ങൾ കണ്ടെത്തി കർശന നടപടി
- തോട്ടപ്പള്ളി സ്പിൽവേയിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് വെള്ളമൊഴുക്ക് സുഗമമാക്കും
- തണ്ണീർമുക്കം ഉൾപ്പെടെയുള്ള ഷട്ടറുകൾ തുറന്ന് അപ്പർ കുട്ടനാട് മേഖലയിൽ പ്രത്യേക ശ്രദ്ധ
- പത്തനംതിട്ടയിൽ ദുരന്തനിവാരണ പൈലറ്റ് പ്രൊജക്ട് നടപ്പാക്കും.
- മികച്ച ഏജൻസികളെ ഉൾപ്പെടുത്തി ഏറ്റവും കാര്യക്ഷമമായ കാലാവസ്ഥ പ്രവചന, മുന്നറിയിപ്പ് സംവിധാനം ഒരുക്കും.
- ആധുനിക ഡാം മാനേജ്മെന്റ് സിസ്റ്റം ക്രമീകരിക്കും.














കൾ നമുക്ക് നഷ്ടമായി. നാലുപേരെ ഇനിയും കണ്ടെത്താനുണ്ട്. പതിനൊന്ന് പേർക്ക് പരിക്കേറ്റു. പ്രാഥമിക കണക്കനുസരിച്ച് സംസ്ഥാനത്താകെ 67.44 കോടി രൂപയുടെ കൃഷിനാശമുണ്ടായി. മറ്റ് സാമ്പത്തിക നഷ്ടങ്ങളുടെ കണക്കുകൾ വരാനിരിക്കുന്നതേയുള്ളു.

സംസ്ഥാനത്ത് കാലവർഷത്തെ തുടർന്ന് 462 ദുരിതാശ്വാസ ക്യാമ്പുകളിലേക്കായി 27048 പേരാണ് എത്തിയത്. ഏറ്റവും കൂടുതൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നത് പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലാണ്.

മാതൃകാപരമായ ഒരു രക്ഷാപ്രവർത്തന ഏകോപന രീതിയാണ് ഈ ദുരന്തമുഖത്ത് ശ്രദ്ധേയമായത്. ജനപ്രതിനിധികളുടെ കൃത്യമായ ഇടപെടലുകൾ ഓരോ ദുരിതാശ്വാസ ക്യാമ്പിലും അതിജീവനസാധ്യതകളുടെ പ്രത്യാശ പരത്തി. പ്രളയത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം വർധിപ്പിക്കുന്നതിനൊപ്പം വീടും ഉപജീവന മാർഗവും നഷ്ടപ്പെട്ടവർക്ക് പ്രത്യേക സഹായപദ്ധതികളും, സംസ്ഥാനത്ത് എ.ഐ അധിഷ്ഠിത ഡാം മാനേജ്മെന്റും ഫ്ലഡ് മാപ്പിങ് സംവിധാനവും ഉൾപ്പെടെയുള്ള സമഗ്ര ദുരന്തനിവാരണ നടപടികളും സർക്കാർ പ്രഖ്യാപിച്ചു. ഈ ദുരന്തത്തിൽ ഏറ്റവും സങ്കടകരവും ധീരവുമായ മുഖമായി മാറിയത് കണ്ണൂർ ചെറുപുഴയിൽ മറ്റൊരാളുടെ ജീവൻ രക്ഷിക്കുന്നതിനിടെ ജീവൻ നഷ്ടമായ രാജേഷിന്റേതായിരുന്നു. തിരുവനന്തപുരം കല്ലിയൂർ സ്വദേശിയും ദുരന്ത രക്ഷാപ്രവർത്തന പരിശീലകനുമായ ആർ. രാജേഷിന് സംസ്ഥാന ബഹുമതി നൽകാനും, അദ്ദേഹത്തിന്റെ പൂർത്തിയാകാത്ത വീട് നിർമ്മിച്ച് നൽകാനും സർക്കാർ തീരുമാനിച്ചു. ■

രവി മേനോൻ
സംഗീതനിരൂപകൻ



എസ് ജാനകിയുടെ ശബ്ദത്തെ നിളയുടെ ശാലീനതയോട് ഉപമിച്ചിട്ടുണ്ട് ഗായകൻ ജയചന്ദ്രൻ. സൗമ്യസുന്ദരമായ ആ ഒഴുക്ക് തുടർന്നുകൊണ്ടേയിരിക്കും; റെക്കോർഡിങ് മുറിയിലല്ല; സാധാരണക്കാരായ സംഗീത പ്രേമികളുടെ ഹൃദയങ്ങളിൽ...

# ചാമരം വീശുന്ന പാട്ടുകൾ...



'നേരിയ മഞ്ഞിന്റെ ചുംബനം കൊണ്ടൊരു പൂവിൻ കവിൾ തുടുത്തു, കാണുന്ന നേരത്ത് മിണ്ടാത്ത മോഹങ്ങൾ...' -അർധോക്തിയിൽ പാടി നിർത്തുന്നു എസ്.ജാനകി. നിമിഷ നേരത്തെ മൗനമാണ് പിന്നെ. മൗനത്തിനൊടുവിൽ തെല്ലു ലജ്ജ കലർന്ന പ്രണയാർദ്രമായ ഒരു ചിരി. ചിരിക്ക് പിന്നാലെ ആത്മഗതം പോലെ മൂന്ന് വാക്കുകൾ: 'ചാമരം വീശി നിൽപ്പൂ...' ആ ചാമരത്തിന് ഗായിക പകർന്നുനൽകുന്ന വികാരം അനുപമം.

എത്ര തവണ കേട്ടിട്ടുണ്ടാകും ആ വരികൾ എന്നറിയില്ല. ഇന്നു കാലത്തും കേട്ടു, ആസ്വദിച്ചു; നാൽപത്തിമൂന്ന് കൊല്ലം മുൻപ് ആദ്യം കേട്ടപ്പോൾ തോന്നിയ അതേ അനുഭൂതിയോടെ തന്നെ.

ആദ്യമൊക്കെ എനിക്കത് എസ്.ജാനകിയുടെ മാത്രം പാട്ടായിരുന്നു. പിന്നെ മനസ്സിലായി പൂവച്ചൽ ഖാദറിന്റെയും എം.ജി. രാധാകൃഷ്ണന്റെയും ഭരതേട്ടന്റെയും ഛായാഗ്രാഹകൻ രാമചന്ദ്ര ബാബുവിന്റേയും സറീനാ വഹാബിന്റേയുമൊക്കെ പാട്ടാണതെന്ന്. 'താവകവീഥിയിൽ എൻ മിഴിപ്പക്ഷികൾ തൂവൽ വിരിച്ചുനിന്നു' എന്നെഴുതിയ പൂവച്ചലിനെ മനസ്സുകൊണ്ട് നമിക്കാതിരിക്കുന്നതെങ്ങനെ? സിനിമയ്ക്ക് വേണ്ടി താങ്കളെഴുതിയ ഏറ്റവും പ്രണയമധുരമായ വരികളാണവയെന്ന് പറയുമ്പോൾ സൗമ്യമധുരമായ ചിരിയോടെ വിനീതമായി മൊഴിയും പൂവച്ചൽ: 'ജാനകിയമ്മയുടെ ആലാപനത്തിൽ വാരിച്ചൊരിഞ്ഞ ഭാവമാധുര്യമാണ് ആ വരികൾക്ക്; അവ ഉദ്ദേശിച്ചതിനപ്പുറമുള്ള ഭാവമാണ് പകർന്നു നൽകിയത്. മറ്റാര് പാടിയിരുന്നെങ്കിലും ആ ഗാനം ഇത്രയേറെ ജനകീയമാവില്ലായിരുന്നു എന്നാണ് എന്റെ തോന്നൽ.'

'നാഥാ നീ വരും' എന്ന പാട്ടിലൂടെ പ്രണയബദ്ധരായി വിവാഹജീവിതത്തിലേക്ക് കാലെടുത്തുവെച്ച എത്രയോ ദമ്പതിമാരെ കണ്ടുമുട്ടിയിട്ടുണ്ട് പൂവച്ചൽ. 'പലരും നിറകണ്ണുകളോടെയാണ് നന്ദി പറയാനെത്തുക. അപ്പോഴെല്ലാം ഞാൻ ഭരതനെ ഓർക്കും. അദ്ദേഹത്തിന്റെ സ്വപ്നത്തിൽ വിരിഞ്ഞ പാട്ടും രംഗവുമാണല്ലോ അത്. അതിന് ചിറകുകൾ നൽകേണ്ട ചുമതലയേ ഉണ്ടായിരുന്നുള്ളൂ എനിക്കും രാധാകൃഷ്ണനും.'

ആകാശവാണി ലളിതഗാനങ്ങളോട് പണ്ടേ ഭ്രമമുണ്ട് ഭരതന്. ഇഷ്ടപ്പെട്ട അത്തരം പാട്ടുകളെ ഓർമ്മിപ്പിക്കുന്ന, എന്നാൽ വ്യത്യസ്തമായ ശ്രാവ്യാനുഭൂതി പകരുന്ന സൃഷ്ടികൾ സ്വന്തം സിനിമകളിൽ ഉൾപ്പെടുത്താൻ മടിച്ചില്ല അദ്ദേഹം. റേഡിയോയിൽ എം.ജി. രാധാകൃഷ്ണൻ ചിട്ടപ്പെടുത്തി സുശീലാദേവി പാടിക്കേട്ട 'നാഥാ നിൻ സിംഹാസനത്തിൽ ഭവാൻ ആരാലിറങ്ങിവന്നു" എന്ന ടാഗോർ കവിതയുടെ (മൊഴിമാറ്റം: ജി.ശങ്കരക്കുറുപ്പ്) ഈണം 'ചാമര'ത്തിൽ പ്രയോജനപ്പെടുത്താൻ തീരുമാനിച്ചത് ആ ഗാനത്തോടുള്ള സ്നേഹം കൊണ്ടുതന്നെ.

നാഥാ എന്ന ആദ്യ പദം മാത്രം നിലനിർത്തിക്കൊണ്ട് തീർത്തും വ്യത്യസ്തമായ ഭാവത്തിലുള്ള ഒരു ഗാനമാണ് പൂവച്ചൽ ഖാദർ ആ ഈണത്തിനൊത്ത് എഴുതിയത് : 'നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ കാതോർത്തു ഞാനിരുന്നു..." എസ്.ജാനകിയുടെ എക്കാലത്തെയും മികച്ച പ്രണയഗീതങ്ങളിൽ ഒന്ന്.

പാട്ടിനിടയ്ക്കൊരു ചിരി കൂടി വേണമെന്നത് ഭരതന്റെ ആഗ്രഹമായിരുന്നു. ഗാനത്തിന്റെ സൗമ്യസുന്ദരമായ ഒഴുക്കുമായി അതെത്രത്തോളം ചേർന്നു നിൽക്കുമെന്ന കാര്യത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ എം.ജി.രാധാകൃഷ്ണന് സംശയം. പക്ഷേ ആത്മാവിന്റെ ആഴങ്ങളിൽ നിന്നുറവന്ന ഒരു ചിരിയിലൂടെ ജാനകിയമ്മ ആ സംശയങ്ങളെല്ലാം മായ്ച്ചുകളഞ്ഞു. ആ ചിരിയില്ലാതെ 'നാഥാ നീ വരും' എന്ന പാട്ടിനെക്കുറിച്ച് ചിന്തിക്കുക പോലും അസാധ്യമായി.

പാടുന്ന പാട്ടിന്റെ പൂർണ്ണതയ്ക്ക് വേണ്ടി എന്ത് ത്യാഗവും സഹിക്കാൻ എസ്.ജാനകി തയ്യാർ. റെക്കോർഡിസ്റ്റ് ഓകെ ചെയ്താലും മതിവരുവോളം പാടിയിട്ടേ അവർ മൈക്കിനോട് വിടവാങ്ങൂ. എല്ലാ അർഥത്തിലും ഒരു പെർഫെക്ഷനിസ്റ്റ്.

എസ് ജാനകിയുടെ ശബ്ദത്തെ നിളയുടെ ശാലീനതയോട് ഉപമിച്ചിട്ടുണ്ട് ഗായകൻ ജയചന്ദ്രൻ. സൗമ്യസുന്ദരമായ ആ ഒഴുക്ക് തുടർന്നുകൊണ്ടേയിരിക്കും; റെക്കോർഡിങ് മുറിയിലല്ല; സാധാരണക്കാരായ സംഗീത പ്രേമികളുടെ ഹൃദയങ്ങളിൽ... ■

**സലിൻ മാങ്കുഴി**
മുൻ അഡിഷണൽ ഡയറക്ടർ, ഐ.പി.ആർ.ഡി.



അത്യപൂർവമായി സംഭവിക്കുന്ന വജ്രജ്വാലയായിരുന്നു തോട്ടം രാജശേഖരൻ. 33 വർഷത്തെ ഔദ്യോഗിക ജീവിതം, നാൽപത് വർഷം കടന്ന കർമ്മനിരതമായ പെൻഷനാനന്തര ജീവിതം. എഴുത്തും പ്രസംഗവും അവസാന നിമിഷം വരെ തുടർന്നു. 'ജീവിതം ഒരു തുറന്ന പുസ്തകം' എന്ന് തോട്ടം രാജശേഖരന്റെ വാഴ്‌വിനെ വിശേഷിപ്പിക്കാം

# തോട്ടം രാജശേഖരൻ
# വാക്കിന്റെ വജ്ര ജ്വാല

ഒരാൾ ഓർമ്മയായി എന്ന് പറഞ്ഞാൽ വിസ്മൃതിയിൽ മറഞ്ഞു എന്നാണർഥം. വാക്കിലും ചിന്തയിലും പ്രവൃത്തിയിലും എഴുത്തിലും വിസ്ഫോടനങ്ങൾ സൃഷ്ടിച്ച തോട്ടം രാജശേഖരൻ ഓർമ്മയായി എന്ന് പറഞ്ഞാൽ മലയാളിയുടെ സജീവ ഓർമ്മയിൽ ആ വ്യക്തിത്വം ജ്വലിക്കുന്നു എന്നാണർഥം. ആ അർഥ വ്യത്യാസം കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഉൾക്കനത്തോടെ രേഖപ്പെടുത്തിയിട്ടുമുണ്ട്. 1958 മുതൽ 1985 വരെ പബ്ലിക് റിലേഷൻസ് വകുപ്പിലെ ഉദ്യോഗസ്ഥനായിരുന്ന തോട്ടം സർ പത്തു വർഷം വകുപ്പു മേധാവിയുമായിരുന്നു. ആ ഉദ്യോഗപർവം കേരളത്തിന്റെ ചരിത്രത്തിലെ തീനാമ്പാണ്.

1976 ൽ പത്രപ്രവർത്തക യൂണിയന്റെ സമ്മേളനത്തിൽ പങ്കെടുക്കാൻ പുറപ്പെടും മുമ്പ് അടുപ്പക്കാരനായ തോട്ടം രാജശേഖരനോട് മുഖ്യമന്ത്രി കെ. കരുണാകരൻ ചോദിച്ചത് എന്താണ് സമ്മേളനത്തിൽ പറയേണ്ട പുതിയ കാര്യം എന്നാണ്.

തോട്ടം അന്ന് പറഞ്ഞ മറുപടി ഇന്നും പുതുമ മാറാത്തതും ചരിത്രവുമാണ്.

1) കൊച്ചിയിൽ മാധ്യമ പഠനത്തിനായി പ്രസ് അക്കാദമി ആരംഭിക്കുക

2) പത്രപ്രവർത്തകർക്ക് സർക്കാർ പെൻഷൻ പദ്ധതി നടപ്പാക്കുക.

ആ രണ്ട് പദ്ധതികൾ മുഖ്യമന്ത്രി പ്രഖ്യാപിച്ചപ്പോൾ ഉയർന്ന കാതടപ്പിക്കുന്ന കരഘോഷം ഇന്നും അടങ്ങിയിട്ടില്ല. ആ ആശയത്തെ പഠിക്കാൻ പല സംസ്ഥാനങ്ങളും ഇന്നും കേരളത്തിൽ വരുന്നു എന്നതാണ് തോട്ടം രാജശേഖരനെ ഭാവികാലത്തിലും ജീവിപ്പിക്കുന്നത്. നവീകരണമെന്നാൽ സംവിധാനത്തെ (സിസ്റ്റം) പുതുക്കുക എന്നതാണെന്ന് തോട്ടം സമർഥിച്ചു.

പെൻഷൻ പറ്റി നാൽപത്തി ഒന്നു വർഷം കഴിഞ്ഞിട്ടും ഇന്നും പി. ആർ. ഡി. ഡയറക്ടർ എന്ന സൽപ്പേരും റഫറൻസും കോട്ടം തട്ടാതെ നിലനിർത്താനായി എന്നതാണ് തോട്ടം രാജശേഖരന്റെ കാന്തിയും കരുത്തും. പി. ആർ. ഡി. യിലെ ഒരു സാധാരണ ഉദ്യോഗസ്ഥനായിരുന്ന കാലത്ത് തോട്ടത്തിന്റെ മുറിയുടെ ഹാഫ് ഡോർ തുറന്ന്  ഒരതിഥി വന്നു. ഒൻപതംഗങ്ങളുമായി നിയമസഭയിലിരുന്ന പ്രതിപക്ഷത്തിന്റെ നേതാവ് കെ. കരുണാകരൻ. നിയമസഭയിൽ പ്രസംഗിക്കാനായി കാർഷിക മേഖലയെക്കുറിച്ചുള്ള കുറച്ച് വിവരങ്ങൾ വേണമെന്നതായിരുന്നു ആവശ്യം. പിറ്റേന്ന് തോട്ടം തയ്യാറാക്കി കൊടുത്ത വിശദമായ കുറിപ്പിനോടൊപ്പം ആരംഭിച്ചത് ഒരു ഭരണാധികാരിയും ഉദ്യോഗസ്ഥനും തമ്മിലുള്ള സുദീർഘവും സുദൃഢവുമായ ഒരു കൂട്ടുകെട്ടു കൂടിയാണ്. കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ ഗവേഷണം നടത്തുന്നവർക്ക് ഒരു കാലത്തും ഒഴിവാക്കാനാകാത്ത കൂട്ടുകെട്ടും വ്യക്തിത്വങ്ങളുമായിരുന്നു ആ ഇരുവർ.

## കൃതികൾ

**മുഖംമൂടികൾ (നാടകം 1954) തൃഷ്ണ ( നോവൽ 1967) ബോധി (നോവൽ 1966) സോമതീരം (നോവൽ 2008) നന്ദു (കഥാസമാഹാരം 1972) സിനിമ : മിഥ്യയും സത്യവും (1982 ലെ സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച പഠനം) സിനിമ കലയും ജീവിതവും (പഠനം 2010) ഉദ്യോഗപർവം (സർവ്വീസ് സ്റ്റോറി 1991) ശിവഗിരി സമരം- ഒരു ശേഷ പത്രം ( അനുഭവം 2007) ശ്രീനാരായണ ധർമ്മം (2004) വാക്കോ തോക്കോ (ലേഖനങ്ങൾ 2026)**

തോട്ടം സർ സർവീസിൽ നിന്ന് പിരിഞ്ഞ് ഏഴെട്ട് മാസം കഴിഞ്ഞ് ഒരു ദിവസം മാതൃഭൂമിയുടെ പത്രാധിപരായിരുന്ന മോനു നാലപ്പാടിനെ യാദൃശ്ചികമായി കണ്ടു. സൗഹൃദ സംഭാഷണത്തിനിടയിൽ പത്രാധിപർ ചോദിച്ചു.

why don't you write your service Story?

അതിന് തോട്ടം സർ നൽകിയ മറുപടിയാണ് 1986 ആഗസ്റ്റ് മുതൽ ഒരു വർഷത്തിലേറെ മാതൃഭൂമി വാരികയുടെ താളുകളിൽ തീ പടർത്തിയ ഉദ്യോഗപർവം എന്ന സർവീസ് സ്റ്റോറി. ഇന്നും സർവ്വീസ് സ്റ്റോറികളുടെ തലതൊട്ടപ്പനായി ഉദ്യോഗപർവം നെഞ്ചുവിരിച്ചു നിൽക്കുന്നു. തോട്ടത്തിന്റെ തുറന്ന് പറച്ചിലിലെ നിർഭയത്വം വിഖ്യാതമാണ്. ഉജ്ജ്വലനായ വാഗ്മിയും നട്ടെല്ലു വളയ്ക്കാത്ത വ്യക്തിത്വവും മൂർച്ചയുള്ള ഭാഷയിൽ സായുധ വിപ്ലവം നടത്തുന്ന എഴുത്തുകാരനുമായിരുന്നു തോട്ടം രാജശേഖരൻ.


ശ്രീനാരായണസാഹിത്യത്തിലും ജീവിതത്തിലുമുള്ള അഗാധ പാണ്ഡിത്യമായിരുന്നു തോട്ടത്തിന്റെ ഉൾക്കരുത്ത്. അദ്ദേഹത്തിന്റെ അവസാനത്തെ പുസ്തകമായ 'വാക്കോ തോക്കോ' എന്ന ലേഖന സമാഹാരം  2026 ഏപ്രിൽ മാസത്തിലാണ് പ്രകാശിപ്പിച്ചത്. അത് ഏറ്റുവാങ്ങാനുള്ള അവസരം എനിക്കാണുണ്ടായത്. അന്ന് തോട്ടം സർ നടത്തിയ ചെറു പ്രസംഗത്തിൽ പോലും തെളിഞ്ഞു നിന്ന ഓർമ്മശക്തിയും ആശയ വ്യക്തതയും ഒരു മുപ്പതുകാരന്റേതാണെന്ന് ഉറപ്പായും തോന്നും. ഒരു തൊണ്ണൂറ്റഞ്ചുകാരന്റെ ഉള്ളിൽ അപ്പോഴും ഒരു ചെറുപ്പക്കാരൻ പാർക്കുന്നുണ്ടായിരുന്നു എന്ന് തോട്ടം സാറിനെ അറിയുന്നവർക്കറിയാം.

അത്യപൂർവമായി സംഭവിക്കുന്ന വജ്രജ്വാലയായിരുന്നു തോട്ടം രാജശേഖരൻ.

# തോട്ടം രാജശേഖരൻ

**വക്കീൽ ആർ.കുമാരന്റെയും വെളുത്തേരി വീട്ടിൽ എം. ഗോമതിയുടെയും പുത്രനായി 1930 സെപ്തംബറിൽ തിരുവനന്തപുരത്ത് ജനിച്ചു. യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് എം. എ. പാസ്സായ ശേഷം രണ്ട് വർഷം മാർ ഇവാനിയോസ് കോളേജിൽ ലക്ചററായും ഒരു വർഷം പത്രപ്രവർത്തകനായും മൂന്ന് വർഷം ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിൽ സോഷ്യൽ എഡ്യൂക്കേഷൻ ഓഫീസറായും 1958 മുതൽ 1985 വരെ പബ്ലിക് റിലേഷൻസ് വകുപ്പിലും പ്രവർത്തിച്ചു. കുമാരനാശാൻ സ്മാരക സെക്രട്ടറി, ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗം, ഫിലിം സെൻസർ ബോർഡ് അംഗം, ഗവർണ്ണറുടെ പി. ആർ.ഒ.തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.**

33 വർഷത്തെ ഔദ്യോഗിക ജീവിതം, നാല്പത് വർഷം കടന്ന കർമ്മനിരതമായ പെൻഷനാനന്തര ജീവിതം. എഴുത്തും പ്രസംഗവും അവസാന നിമിഷം വരെ തുടർന്നു. 'ജീവിതം ഒരു തുറന്ന പുസ്തകം' എന്ന് തോട്ടം രാജശേഖരന്റെ വാഴ്വിനെ വിശേഷിപ്പിക്കാം. അത് പൊതുവേ പറയുന്ന അർഥത്തിലല്ല. എല്ലാ പേജുകളും നമ്മുടെ രാഷ്ട്രീയ, സാമൂഹിക, സാഹിത്യ ചരിത്ര ത്തിന്റെ ഭാഗമാണെന്നും അത് തുറന്ന് വായിച്ച പഠിക്കണമെന്നുമാണ് അതിന്റെ സാരസ്യം. ■



Date of Publication: **01.08.2026** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024




Printed and Published by Sabin Sameed IAS, Director, Information Public Relations Department of behalf of Government of Kerala
and Printed at Orange Printers Pvt. Ltd., Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala
Government Secretariat, Thiruvananthapuram 695001. Editor: Sabin Sameed IAS